കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കൊയിലാണ്ടി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/2387/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20
ഫോൺ. 0495-2371012
E-mail: dokkd.ksad@kerala.gov.in
തീയ്യതി 20.12.2018

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

കൊയിലാണ്ടി നഗരസഭ

സർ,

വിഷയം : - കൊയിലാണ്ടി നഗരസഭ 2017-18 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊയിലാണ്ടി നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 1 മുതൽ 4 വരെയുള്ള ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുൻസിപ്പാലിറ്റീസ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുൻസിപ്പാലിറ്റീസ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4) നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട് (ഉപരിപത്ര സഹിതം)
5) കാര്യാലയ പ്രതി

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/2387/2018 തീയതി 20.12.2018

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി . നഗരസഭ 01.04.2017 മുതൽ 01.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഉണ്ണികൃഷ്ണൻ. പി, ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.2018 മുതൽ 03.10.2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഉണ്ണി. പി. കെ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ. ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശ്യാംജിത്ത്. എം. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സതീഷ് കുമാർ. സി. പി. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജീവൻ. എൻ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ശ്രീജിത്ത്. കെ. വി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ. അഡ്വ. കെ. സത്യൻ | 01.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീമതി. ഷെറിൽ ഐറിൻ സോളമൻ | 01.04.17 മുതൽ 31.03.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| വ്യവസായ വികസന ഓഫീസർ | ശ്രീ. അജിതകമാർ. പി. വി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ. മോഹനൻ. ടി. കെ.<br>ശ്രീ. പ്രമോദ്. കെ.<br>ശ്രീ. അബ്ദുൾ മജീദ്. എം | 01.04.2017മുതൽ 10.4.17 വരെ<br>10.4.17 മുതൽ 13.10.17 വരെ<br>13.10.17 മുതൽ 31.3.18 വരെ |
| വെറ്ററിനറി സർജൻ | ഡോ. നീന കുമാർ | 01.04.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ശ്രീവിദ്യ എം. കെ. | 01.04.17 മുതൽ 31.03.18 വരെ |
| സൂപ്രണ്ട് (ഹോമിയോ ആശുപത്രി) | ഡോ. സി. പ്രീത | 01.04.17 മുതൽ 31.03.18 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. രമണി. സി. ടി. | 01.04.17 മുതൽ 31.03.18 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി. പി. കെ. രഞ്ജിനി<br>ശ്രീമതി. മെറിലിൻ അലക്സ്<br>ശ്രീമതി. പി. പി. സിന്ധു<br>ശ്രീമതി. കെ. കെ. സുധി<br>ശ്രീമതി. സബിത. എ.കെ.<br>ശ്രീ. ശ്രീജൻ ഒ. കെ. | 01.04.17 മുതൽ 22.04.17 വരെ<br>22.4.17 മുതൽ 9.05.17 വരെ<br>9.05.17 മുതൽ 29.06.17 വരെ<br>29.06.17 മുതൽ 12,12.17 വരെ<br>12.12.17 മുതൽ 06.3.18 വരെ<br>06.03.18 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. പത്മിനി. സി. എം. | 01.04.17 മുതൽ 31.03.18 വരെ |
| സൂപ്രണ്ട് താലൂക്ക് ആശുപത്രി | ഡോ.സച്ചിൻ ബാബു | 01.04.17 മുതൽ 31.03.18 വരെ |
| പ്രിൻസിപ്പൽ ജിവിഎച്ച്എസ്എസ് | ശ്രീ ബിജേഷ് ഉപ്പാലക്കൽ | 01.04.17 മുതൽ 31.03.18 വരെ |
| മുൻസിപ്പൽ എഞ്ചിനീയർ | കുമാരി മിനി എ. എസ്. | 01.04.17 മുതൽ 30.10.17 വരെ |

| | | |
|---|---|---|
| | ശ്രീ.മനോജ് കുമാർ. എം. | 30.10.17 മുതൽ 31.03.18 വരെ |
| പ്രൊജക്റ്റ് ഓഫീസർ<br>കുടുംബശ്രീ | ശ്രീ. പ്രസാദ്. കെ. എം. | 01.04.17 മുതൽ 31.03.18 വരെ |


ഉള്ളടക്കം

| ക്രമ നമ്പർ | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | അയ്യങ്കാളി പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ബജറ്റ് തയ്യാറാക്കിയത് നടപടിക്രമങ്ങൾ പാലിച്ചല്ല | 2-1 |
| 14 | ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല-വിശദീകരണം നല്കേണ്ടതാണ് | 2-2 |
| 15 | രശീത് പിരിവിലെ അപാകതകൾ | 2-3 |
| 16 | വസ്തുനികുതി- പരിഷ്കരണം പൂർത്തിയാക്കിയില്ല. | 2-4 |
| 17 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല | 2-5 |
| 18 | കെട്ടിട നിർമ്മാണ നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല | 2-6 |
| 19 | വാടകയ്ക്ക് നല്കാവുന്ന കെട്ടിട ആസ്തികളെ കുറിച്ച് വ്യക്തതയില്ല-കെട്ടിടങ്ങൾ വാടകയ്ക്ക് നല്കുന്നതിൽ അപാകതകൾ | 2-7 |
| 20 | സേവന നികുതി ഈടാക്കുന്നില്ല | 2-8 |
| 21 | നഗരസഭ രജിസ്ട്രേഷനില്ലാതെ ട്രയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു | 2-9 |
| 22 | അക്കൗണ്ടുകളുടെ പരിപാലനത്തിലെ അപാകതകൾ. | 2-10 |
| 23 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ലേലം - അപാകതകൾ | 2-11 |
| | ഭാഗം-3 | |
| 24 | പൊതു മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം നടന്നില്ല | 3-1 |
| 25 | കാർഷിക വിപണി :സബ്സിഡി മാനദണ്ഡങ്ങളെ അവഗണിച്ചു | 3-2 |
| 26 | വിള ഇൻഷുറൻസ് നടത്താതെ കൂലി ചെലവ് അനുവദിച്ചു | 3-3 |
| 27 | തെങ്ങ് വെട്ടിമാറ്റാത്ത ഗുണഭോക്താക്കൾക്കും തൈവിതരണം നടത്തി | 3-4 |
| 28 | വെറ്റിറിനറി സർജ്ജൻ നടപ്പാക്കിയ പ്രോജക്ടുകൾ - പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള മോണിറ്ററിങ് , സ്റ്റാൻഡിങ് കമ്മിറ്റികളുടെ മേൽനോട്ടം എന്നിവ ഫലപ്രദമായില്ല. | 3-5 |
| 29 | കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല | 3-6 |
| 30 | കൊതുക് നിവാരണം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 3-7 |
| 31 | റിംഗ് കംപോസ്റ്റ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 3-8 |
| 32 | സമഗ്ര മാലിന്യ പരിപാലനം | 3-9 |
| 33 | നിലവിലില്ലാത്ത ഡയാലിസിസ് കേന്ദ്രത്തിന്റെ തുടർ പ്രവർത്തനത്തിന് | 3-10 |

| | | |
|---|---|---|
| | പദ്ധതി. | |
| 34 | മരുന്നുകൾ യഥാ സമയം ലഭ്യമാകുന്നില്ല | 3-11 |
| 35 | നിർവ്വഹണ ഘട്ടത്തിലെ അപാകതകൾ- ശുചിത്വം, മാലിന്യ സംസ്കരണ മേഖലയിലെ ചെലവ് 27.9 ശതമാനം | 3-12 |
| 36 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -- അപാകതകൾ | 3-13 |
| 37 | എസ്.സി. വിവാഹധനസഹായം – ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ പദ്ധതി നിർവ്വഹണം നടത്തി | 3-14 |
| | ഭാഗം-4 | |
| 38 | എസ്.സി. വിവാഹധനസഹായം - ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ പദ്ധതി നിർവ്വഹണം നടത്തി. | 4-1 |
| 39 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 42 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 43 | സ്ഥിര നിക്ഷേപം | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 46 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

22.03.17തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 22.03.2018 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.07.2018 | ഇല്ല | -- |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി2017 |
|---|---|---|
| 2017-18 | 04.09.18 മുതൽ 05.09.18 വരെ | കെ എസ് എ കെ കെ ഡി /ഇ 2/ 1111/18(84) തീയതി 11.09.18 |

### 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 110186721 |

| | |
|---|---|
| വരവ് | 267825394 |
| ആകെ | 378012114 |
| ചെലവ് | 318723692 |
| നീക്കിയിരിപ്പ് | 59288422 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 64343940 | 64343940 | 49711693 | 14632247 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 17225000 | 17225000 | 11318842 | 5906158 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12873208 | 12873208 | 6543530 | 6329678 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 14450444 | 14450444 | 10373870 | 4076574 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 85398531 | 85398531 | 47191639 | 38206892 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 8490631 | 8490631 | 6308872 | 2181759 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 27014208 | | 2255414 | 24758794 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 343 | 334953385 | 149 | 133902171 | 55 | 139 | 44 |

33.49 കോടി രൂപ വകയിരുത്തി 343 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 204 പ്രൊജക്ടുകൾക്ക് മാത്രമാണ് തുക വിനിയോഗിക്കാനായത്. ഇതിൽ തന്നെ 55 പ്രൊജക്ടുകൾക്ക് ഭാഗിക ചെലവാണ് വന്നിരിക്കുന്നതെന്ന് കാണാം. വകയിരുത്തിയ തുകയുടെ 40% തുകയായ 13.39 കോടി രൂപയാണ് പ്രൊജക്ടുകൾക്കുള്ള ആകെ ചെലവ്. വകയിരുത്തിയതിൽ ചെലവഴിക്കാനവശേഷിക്കുന്ന 20 കോടി രൂപയിൽ സർക്കാർ ഗ്രാന്റിനത്തിൽ ലഭ്യമായവ എന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുകയാണ്. പൊതു മരാമത്ത് മേഖലയിൽ മാത്രം 8.53 കോടിരൂപയുടെ സർക്കാർ ഗ്രാന്റ് നഷ്ടമായിട്ടുണ്ട്. പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ വൻതുക, വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിട്ടും നഷ്ടപ്പെടാൻ കാരണമായത് കാര്യക്ഷമമവും സമയബന്ധിതവുമായ പദ്ധതി പ്രവർത്തനങ്ങളുടെ അഭാവത്തിലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്വയം വിമർശനാത്മകമായി ഇക്കാര്യം പരിശോധിക്കപ്പെടേണ്ടതും വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

## 1-7 അയ്യങ്കാളി പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ,<br>ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്,<br>സാധനഘടകം | 5361473 | 5110896 | 10472369 | 4703472 | 5768897 |

ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് നമ്പർ 6177715130 ൽ മുൻബാക്കി 5460946 രൂപയും നീക്കിയിരിപ്പായി 5860350 രൂപയുമാണ്. വ്യത്യാസം ക്രമീകരിച്ച് വിവരം പ്രഥമ മറുപടിയിലുൾപ്പെടുത്തേണ്ടതാണ്.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 297600 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 13097100 | 28 |
| വിധവാപെൻഷൻ | 30966800 | 130 |
| വാർദ്ധക്യകാലപെൻഷൻ | 44071400 | 609 |
| വികലാംഗപെൻഷൻ | 8187500 | 79 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3829400 | 12 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.18 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 94971/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല

സ്ഥാപനത്തിന്റെ വിവിധ തലങ്ങളിലുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ലെന്ന് വരവുകളുടെയും ഇടപാടുകളുടെയും നടപടിക്രമങ്ങളുടെയും പരിശോധനയിലും വിവിധ ജീവനക്കാരെ നേരിൽ കേട്ടതിലൂടെയും ,ടെസ്റ്റ് ചെക്കിലൂടെയും ബോധ്യപ്പെട്ടിട്ടുണ്ട്.ഓഫീസ് ഉത്തരവ് അടക്കമുള്ള പൊതുവായതും ,കണക്ക സൂക്ഷിപ്പ്,വരുമാനം കണക്കാക്കൽ പിരിച്ചെടുക്കൽ , ഇന്റേണൽ ഓഡിറ്റ് സംവിധാനം തുടങ്ങി വിവിധ തലങ്ങളിലുമുള്ള നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപനത്തിൽ പ്രവർത്തനക്ഷമമല്ല.ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഖണ്ഡിക 2-2 ൽ നല്കിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.02.15 മുതൽ 25.02.15 വരെ | 2013-14 | F 625/15 തീ 16.12.15 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.12.17 മുതൽ12.01.18 വരെ | 2013-14 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങൾ | 15.02.18 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1) വാർഷിക കണക്കിൽ അടിസ്ഥാന റേഷ്യോകൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2) താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

എ) പലവക ഡിമാന്റ് രജിസ്റ്റർ

ബി) ഡെപ്പോസിറ്റ് രജിസ്റ്റർ

സി) പ്രത്യേക ഉദ്ദേശ്യ പരിപാടികൾക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിബാക്കി എന്നിവ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

ഡി) കണ്ടിജന്റ് രജിസ്റ്റർ

ഇ) കാഷ് ബുക്ക് (പ്രിന്റ്എടുത്ത് സൂക്ഷിച്ചിട്ടില്ല)

3) താഴെ പറയുന്ന രജിസ്റ്ററുകൾ പൂർണ്ണമല്ല

എ) മുൻകൂർ രജിസ്റ്റർ

ബി) ലോൺ രജിസ്റ്റർ (രണ്ട് വായ്പകളുണ്ടെങ്കിലും ഒന്നിന്റെ വിവരം മാത്രം ഉൾപ്പെടുത്തി).

4) താഴെ പറയുന്ന രജിസ്റ്ററുകൾ /രേഖകൾ സെക്രട്ടറി സാക്ഷ്യപ്പടുത്തിയിട്ടില്ല. ആകയാൽ ഇവ പ്രകാരമുള്ള വിവരങ്ങളുടെ ആധികാരികത ഉറപ്പുവരുത്താനായിട്ടില്ല

എ) ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

എ) പെർമിറ്റ് രജിസ്റ്റർ (സംക്ഷിപ്തവുമില്ല)

ബി) ബാങ്ക് അക്കൗണ്ട് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്

സി) കെട്ടിടനികുതി ഡിമാന്റ് രജിസ്റ്റർ

ഇ) ലോൺ രജിസ്റ്റർ

എഫ്) അപ്രോപ്രിയേഷൻ കൺട്രോൾ സ്റ്റേറ്റ്മെന്റുകൾ

ജി) ബാങ്ക് ബുക്ക്

5)തൊഴിൽ നികുതി എംപ്ലോയീസ് Receipt and Payment പ്രകാരം വരവ് 5195398/- രൂപയാണ്. എന്നാൽ ലഡ്ജർ ബുക്ക്

പ്രകാരം വരവ് 5250798/- രൂപയാണ്. Income and expenditure statement പ്രകാരം ഇത് 5250798/- രൂപയാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

6)തൊഴിൽ നികുതി ട്രേഡേഴ്സ് Receipt and Payment പ്രകാരം 1652894/- രൂപയാണ്. എന്നാൽ ലഡ്ജർ ബുക്ക് പ്രകാരം വരവ് 16829000/- രൂപയാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്

7)പരസ്യ നികുതിയിൽ Receipt and Payment പ്രകാരം വരവ് 49000/-രൂപയാണ്. എന്നാൽ ലഡ്ജർ ബുക്ക് പ്രകാരം വരവ് 164000/- രൂപയാണ്. വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

8)വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ മാന്വലായോ, സഞ്ചയ സോഫ്റ്റ് വെയർ മുഖേനയോ തയ്യാറാക്കിയിട്ടില്ല

9)ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക Receipt and Payment പ്രകാരം വരവ് 8630251/- രൂപയാണ്. എന്നാൽ ഈ ഇനത്തിൽ ലഡ്ജർ ബുക്ക് പ്രകാരം വരവ് 8891332/- രൂപയാണ്.

10) താഴെ പറയുന്ന സർക്കാർ ഗ്രാന്റുകളുടെ കാര്യത്തിൽ വാർഷിക കണക്കുകളിലെ വരവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ സ്റ്റേറ്റ്മെന്റുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | വാർഷിക കണക്കുപ്രകാരം തുക | എ സി ആർ പ്രകാരം തുക |
|---|---|---|---|
| 1 | പ്ലാൻ ഫണ്ട് (ജനറൽ) | 49658823 | 49711693 |
| 2 | M G (NR) | 10358703 | 10373870 |
| 3 | ജനറൽ പർപ്പസ് ഗ്രാന്റ് | 26360000 | 24808560 |

11) തൊഴിൽ രഹിത വേതനമിനത്തിൽ 297600/- രൂപ പിൻവലിക്കുകയും 59760/- രൂപ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അക്കൗണ്ടിൽ മുഴുവൻ തുകയും വരവായി സ്വീകരിച്ച

12) ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കിയിട്ടില്ല. വാർഷിക റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

13) താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ കാര്യത്തിൽ ബാങ്ക് ബുക്കുകളുമായി തുകകൾ പൊരുത്തപ്പെടുത്തിയത് 31.3.18 ന മുമ്പുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുകൾ പരിഗണിച്ചാണ്

| ക്രമനം | ബാങ്ക് അക്കൗണ്ട് | ബാങ്ക് | ബാലൻസ് പരിഗണിച്ച തീയതി |
|---|---|---|---|
| 1 | 4343000100084269 | PNB | 5.3.18 |

| | | | |
|---|---|---|---|
| 2 | 4343000100080500 | PNB | 5.3.18 |
| 3 | 67010105039 | SBT | 25.3.18 |

14)ആസ്തികൾക്ക് Income and expenditure അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

15)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആകയാൽ ആസ്തികളുടെ മൂല്യം , നിർമ്മിക്കപ്പെട്ടവ ആസ്തിയായി വരവ് വച്ചോ എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല.

16) ആസ്തികൾക്ക് Income and expenditure അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ ഷെഡ്യൂൾ (I-17(a) അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല

17) ബാലൻസ് ഷീറ്റിൽ ആസ്തിയായി ക്ലോസിംഗ് സ്റ്റോക്ക് മൂല്യം 381340/- രൂപ കാണിച്ചെങ്കിലും ഏത് സ്റ്റോക്ക് എന്ന് വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല.തപാൽ സ്റ്റാമ്പ് ക്ലോസിംഗ് സ്റ്റോക്ക് മൂല്യം 2754/-രൂപ ഇതിൽ ഉൾപ്പെട്ടിട്ടുമില്ല.

18) ദീർഘകാലമായി ഇടപാടുകൾ നടത്താത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബജറ്റ് തയ്യാറാക്കിയത് നടപടിക്രമങ്ങൾ പാലിച്ചല്ല

നഗരസഭയുടെ ഓഡിറ്റ് വർഷത്തെ ബജറ്റ് 22.3.17 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ പാസാക്കിയിട്ടുണ്ട്. ബജറ്റ് വിശദമായി പരിശോധിച്ചതിൽ നിശ്ചിതമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടല്ല ഇത് പാസാക്കിയതെന്നും ഇതിന്റെ ഫലമായി വസ്തുതകളുമായി പൊരുത്തമില്ലാത്ത തരത്തിൽ വരവ് ചെലവുകൾ ബജറ്റ് എസ്റ്റിമേറ്റിൽ പരിഗണിക്കപ്പെട്ടുവെന്നും വ്യക്തമാകുന്നു.കൂടാതെ വാർഷിക പദ്ധതി തയ്യാറാക്കി ഡി പി സി അംഗീകാരം വാങ്ങിയത് ( 8.6.17 നാണ് വാർഷിക പദ്ധതി അംഗീകരിച്ചത്)ബജറ്റ് പാസാക്കിയതിന് ശേഷമായ സാഹചര്യത്തിൽ ,അംഗീകാരം കിട്ടിയ മുറയ്ക്കു തന്നെ അനുസൃതമായ മാറ്റം ബജറ്റിൽ വരുത്തേണ്ടതായിരുന്നു.എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.അപാകതകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

**1)** നടപടി ക്രമങ്ങളിലെ വീഴ്ച

കേരള മുനിസിപ്പൽആക്ടിലെ 285 മുതൽ 293 വരെയുള്ള സെക്ഷനുകൾ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

(എ)കാലാകാലങ്ങളിൽ സർക്കാർ ഇക്കാര്യത്തിനായി നിർണ്ണയിക്കുന്നചട്ടങ്ങൾക്കും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി സെക്രട്ടറി ഓരോ വർഷവും ജനുവരി 15 ാം തീയതിക്കോ അതിനുമുമ്പോ അടുത്ത വർഷത്തെ വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട (ധനകാര്യ) സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് നല്കേണ്ടതാണ്. (സെക്ഷൻ 285)

(ബി)ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ സെക്രട്ടറി ഉൾപ്പെടെയുള്ള അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് അവരുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നല്കേണ്ടതാണ്. ഇതുകൂടി പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. (സെക്ഷൻ 286).

(സി) എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ് (സെക്ഷൻ 287)

ഓഡിറ്റിന് സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കി അംഗീകരിച്ചതെന്ന് വ്യക്തമാകുന്നു. ഓഡിറ്റ് വർഷത്തെ റവന്യൂ വരവ് ചെലവുകൾ സംബന്ധിച്ചും ഇതുൾപ്പെടെ, ആകെ വരവ് ചെലവുകൾ സംബന്ധിച്ചും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കാൻ സെക്രട്ടറി തയ്യാറാക്കിയ കരട് ബജറ്റ് നിർദ്ദേശങ്ങളും, ഇത് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകളും ഹാജരാക്കാനാവശ്യപ്പെട്ടതിന് (എൻക്വയറിക്ക് നം 4) ലഭ്യമാക്കിയ ഫയലിൽ ചില ലൂസ് ഷീറ്റുകൾ മാത്രമാണുള്ളത്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ അതാതിന്റെ മേഖലകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിച്ച ബജറ്റ് നിർദ്ദേശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടുമില്ല. നടപടികളിലുണ്ടായ വീഴ്ചകളിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. നഗരസഭയുടെ അംഗീകാരത്തിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് സമർപ്പിച്ചത് 21.3.17 ന് മാത്രമാണ് എന്നത് നടപടിക്രമങ്ങളിലെ മറ്റൊരു വീഴ്ചയായി കാണാം.

**2)** ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വൻ വ്യതിയാനം

ബജറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആകെ പ്രതീക്ഷിത വരവ് 66.12കോടി രൂപയും ചെലവ് 63.19 കോടിയുമായിരുന്നു. എന്നാൽ വാർഷികകണക്കുകൾ ആകെ വരവ് 26.79 കോടിയും 31.98 കോടിയുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. (വികസന ഫണ്ട്, സംരക്ഷണഗ്രാന്റ് എന്നിവയിൽ വകയിരുത്തിയ തുക സർക്കാർ ബജറ്റ് പ്രകാരം അനുവദിച്ചതു തന്നെയെങ്കിലും ചെലവ് അനുവദിച്ച തുകയേക്കാൾ 3.81 കോടി രൂപ കുറവാണ്. വാർഷിക കണക്കുകൾ ആകെ വരവ് 26.79രൂപയാണെങ്കിലും മേൽ വ്യത്യാസം കൂടി പരിഗണിച്ച് ആകെ വരവ് 30.61 കോടിയെന്ന് പരിഗണിക്കാം) 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരം വരവ് ചെലവുകൾ യഥാക്രമം29.12 കോടിയും 32.82 കോടിയുമായിരിക്കെയാണ് ഇത്തരത്തിലുള്ള വൻ അന്തരം യഥാർത്ഥ വരവു ചെലവുകളുമായി വന്നിരിക്കുന്നതെന്ന് കാണാവുന്നതാണ്. ക്രമ നം 1ൽ പരാമർശിച്ച നടപടിക്രമങ്ങളിലെ വീഴ്ച ബജറ്റിനെ എത്രത്തോളം ലാഘവവൽക്കരിച്ചു എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ കണക്കുകളും തമ്മിലുള്ള അന്തരത്തിന് പ്രധാന കാരണമായത് താഴെ പറയുന്ന ഇനങ്ങളുടെ കാര്യത്തിലാണ്. ഏകദേശം 27.34 കോടിയുടെ വ്യതിയാനത്തിന് ഇവ കാരണമായിട്ടുണ്ട്.

(ലക്ഷത്തിൽ)

| ക്രമ നം | വരവിനം | പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|---|
| 1 | KURDFC ലോൺ | 1300 | 17.65 |

| | | | |
|---|---|---|---|
| 2 | അയ്യങ്കാളി പദ്ധതി | 335 | 50 |
| 3 | PMAY സ്റ്റേറ്റ് ഷെയർ | 316.5 | 100 |
| 4 | PMAY സെൻട്രൽ ഷെയർ | 949.5 | 264 |
| 5 | PMAY ഗുണഭോക്തൃ വിഹിതം | 309.3 | 72.09 |
| 5 | MP ഫണ്ട് | 57 | 29.4 |
| ആകെ | | 3267.3 | 533.14 |
| ആകെ വ്യത്യാസം | | 2734.16 (27.34 കോടി രൂപ) | |

**3)** ബജറ്റ് പുതുക്കിയതിലൂടെ വരവ് ചെലവുകളുടെ സാധുത നഷ്ടമായി

വാർഷികകണക്കുകൾ പ്രകാരം സ്ഥാപനത്തിന്റെ ആകെ വരവ് 26.79 കോടിയും ആകെ ചെലവ് 31.98 കോടിയുമാണ് .എന്നാൽ 21.3.18 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച പുതുക്കിയ ബജറ്റ് പ്രകാരം 2017-18 വർഷത്തെ ആകെ വരവ് 24.30കോടി രൂപയും ചെലവ് 18.33 കോടിയുമാണ്. ഇത് മൂലം കൗൺസിലിന്റെ അംഗീകാരമില്ലാതെ 2.49 കോടി രൂപ വരവിലെടുത്തതായും 13.65 കോടി രൂപ ചെലവഴിച്ചതായും കാണാം.മേൽ വരവ് ചെലവുകൾ അനധികൃതമാണെന്നതു കൂടാതെ ബജറ്റ് പ്രക്രിയയെ സ്ഥാപനം നോക്കിക്കാണുന്ന ലാഘവത്തിന്റെ വ്യാപ്തി എത്രത്തോളമെന്ന് വ്യക്തമാക്കുന്നു.

4) ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടങ്ങളോ, മാന്വലോ നിലവിലില്ല

നഗരസഭകളിൽ ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുന്ന ചട്ടങ്ങളോ മാന്വലോ നാളിതുവരെ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. കേരള മുനിസിപ്പൽആക്ടിലെ 285 മുതൽ 293 വരെയുള്ള സെക്ഷനുകളാണ് പ്രധാനമായും ഇക്കാര്യത്തിൽ മാർഗ്ഗദർശകമായിട്ടുള്ളത്. ചട്ടങ്ങളോ മാന്വലോ ഇല്ലാത്തതിനാൽ ബജറ്റിനുള്ള തയ്യാറെടുപ്പുകൾ എങ്ങിനെ നടത്തണം ഏതൊക്കെ ഫോറങ്ങളിൽ വിവരങ്ങൾ ശേഖരിക്കണം ,ഏതൊക്കെ ഫോറങ്ങളിൽ ക്രോഡീകരണം നടത്തണം, ഏതു ഫോറത്തിൽ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി അവതരപ്പിക്കണം തുടങ്ങിയ കാര്യങ്ങളിൽ വ്യക്തതയില്ല. വസ്തുനിഷ്ഠമായാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് ഉറപ്പുവരുത്താൻ ഇതു മൂലം കഴിയുന്നില്ല. സ്ഥാപനത്തിന്റെ ഒരു പ്രധാന പ്രക്രിയയായിട്ടും ബജറ്റുമായി ബന്ധപ്പെട്ടുള്ള ഇത്തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാൻ നാളിതുവരെ സ്ഥാപനം ശ്രമിച്ചിട്ടില്ല.

അർഹമായ പ്രാധാന്യംകൊടുക്കാതെ ബജറ്റ് തയ്യാറാക്കിയതിനുള്ള ഉത്തരവാദിത്വം പ്രധാനമായും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണുള്ളത്. മിനിട്സ് പരിശോധിച്ചതിൽ 17.3.17ന് ബജറ്റ് തയ്യാറാക്കുന്നതിന് യോഗം ചേർന്നെങ്കിലും യാതൊരു ചർച്ചകളും തീരുമാനങ്ങളും മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പരിമിതമെങ്കിലും ആക്ടിൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ, ഉദ്യോഗസ്ഥ തലത്തിൽ പാലിക്കപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിച്ച്, ആവശ്യമായ നിർദ്ദേശങ്ങൾ കമ്മിറ്റി നല്കേണ്ടതായിരുന്നു. ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ വന്ന വീഴ്ച സ്വയം വിമർശനാത്മകമായി പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ കമ്മിറ്റി കൈക്കൊള്ളേണ്ടതുണ്ട്.

വസ്തുതാപരമല്ലാത്തരീതിയിൽ അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കാത്തതിനും മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ടതിന് യാതൊരു മറുപടിയും നല്കിയിട്ടില്ല. വിശദീകരണം നല്കുന്നതോടൊപ്പം അപാകതകളില്ലാതെ ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്

1) മുനിസിപ്പൽആക്ടിലെ 285 മുതൽ 293 വരെയുള്ള സെക്ഷനുകളിലെ നിർദ്ദേശങ്ങൾ സ്ഥാപനം പാലിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. 2019- 20 വർഷത്തെ ബജറ്റ് ഇപ്രകാരം തയ്യാറാക്കുന്നതിന് സ്ഥാപനതലത്തിൽ വരുത്തിയ ക്രമീകരണങ്ങൾ അറിയിച്ചും, മേൽ ബജറ്റ് പരിശോധനയ്ക്ക് സമർപ്പിച്ചും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്

3) ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

2) ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുന്ന ചട്ടങ്ങൾ മാന്വൽ എന്നിവ പുറപ്പെടുവിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ സ്ഥാപന

തലത്തിൽ സ്വീകരിച്ച് ഇക്കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കേണ്ടതാണ്

## 2-2 ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല

സ്ഥാപനത്തിന്റെ വിവിധ തലങ്ങളിലുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ലെന്ന് വരവുകളുടെയും ഇടപാടുകളുടെയും നടപടിക്രമങ്ങളുടെയും പരിശോധനയിലും വിവിധ ജീവനക്കാരെ നേരിൽ കേട്ടതിലൂടെയും ,ടെസ്റ്റ് ചെക്കിലൂടെയും ബോധ്യപ്പെട്ടിട്ടുണ്ട്. പ്രധാനപ്പെട്ട പോരായ്മകൾ താഴെ കൊടുക്കുന്നു.

1.പൊതുവായ നിയന്ത്രണ സംവിധാനങ്ങൾ

സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെയും സേവന ലഭ്യതയെയും സ്വാധീനിക്കുന്ന പ്രധാന നിയന്ത്രണ സംവിധാനമായ, വിവിധ ജീവനക്കാരുടെ ഉത്തരവാദിത്വങ്ങളും അധികാരങ്ങളും വിഭജിച്ച് നല്കുന്ന വിശദമായതോ അല്ലാത്തതോ ആയ ഒരു ഓഫീസ് ഉത്തരവ് കാലികമായി സ്ഥാപനത്തിൽ ഇല്ല. ഇക്കാര്യത്തിലുള്ള രേഖകളുടെ പരിശോധനയിൽ 2011 ൽ പുറപ്പെടുവിച്ച റവന്യൂ ഇൻസ്പെക്ടർ മുതൽ മുകളിലുള്ള ജീവനക്കാരുടെ ജോലി വിഭജനം മാത്രമാണ് ലഭ്യമായത്. മേൽ വർഷത്തിന് ശേഷം നിരവധി മാറ്റങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ വന്നെങ്കിലും ഇതിന് അനുസൃതമായ മാറ്റം വരുത്തിക്കൊണ്ട് ഓഫീസ് ഉത്തരവ് പുതുക്കിയിട്ടില്ല. ഓരോ സെക്ഷനുകളിലെയും ജോലി കീഴ് വഴക്കമായി കൈമാറി വരുന്ന പ്രവണതയാണ് നിലവിലുള്ളത് .സെക്ഷൻ മാറുമ്പോൾ സെക്ഷന്റെ ചുമതല കൈമാറുന്നു എന്ന് കാണിച്ച് ഉത്തരവ് ഇറക്കുന്നുണ്ടെങ്കിലും ഇതിലും സെക്ഷന്റെ ഉത്തരവാദിത്വങ്ങളെ ന്തൊക്കെയെന്ന് വ്യക്തമാക്കുന്നില്ല.

സ്ഥാപനത്തിലെ നികുതി പിരിവ്, കെട്ടിടനിർമ്മാണ പെർമിറ്റ്, ലൈസൻസ് , ശുചീകരണം തുടങ്ങിയ മേഖലകളിലെ ഫീൽഡ് സ്റ്റാഫ്, സ്ഥാപനപരിധിയിൽ നടക്കുന്ന അനധികൃത നിർമ്മാണം, അനധികൃത കച്ചവടം, രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ, പാരലൽ വിദ്യഭ്യാസകേന്ദ്രങ്ങൾ,(സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ട) സമാന സ്ഥാപനങ്ങൾ, ശുചിത്വവുമായി ബന്ധപ്പെട്ട് നടക്കുന്ന നിയമലംഘനങ്ങൾ എന്നിവ സംബന്ധിച്ച് സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. ഉത്തരവാദിത്വം കൈമാറുന്നില്ലെന്ന അവസ്ഥ ഇതിനൊരു കാരണമാകാം. നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ലെന്നതിനൊപ്പം വൻ വരുമാന ചോർച്ചയ്ക്കും ഇത് ഇടയാക്കുന്നുണ്ടെന്നത് ശ്രദ്ധേയമാണ്.

2.കണക്കു സൂക്ഷിപ്പിലെ നിയന്ത്രണ സംവിധാനങ്ങൾ

സ്ഥാപനത്തിന്റെ തനത് ഫണ്ട് ചെലവുകൾ നടത്തുമ്പോൾ മാന്വലും വെർച്ച്വലുമായ നടപടിക്രമങ്ങൾ ഒരേ സമയം നടക്കുന്നുണ്ട്. ബില്ലുകൾ കണ്ടിജന്റ് വൗച്ചർ കോപ്പി സഹിതം അക്കൗണ്ട് സെക്ഷനിൽ നിന്നും സെക്രട്ടറി, ചെയർമാൻ എന്നിവർക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിയാണ് ചെലവുകൾ നടത്തുന്നത്. ഇത് രേഖപ്പെടുത്തുന്നതിന് മാന്വലായി ഒരു ക്യാഷ് ബുക്ക് നിലവിൽ സൂക്ഷിച്ചുവരുന്നുണ്ട്. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്) റൂൾസും, ഇതിനെ തുടർന്ന് സാംഖ്യ അധിഷ്ഠിതമായ അക്കൗണ്ടിംഗ് സമ്പ്രദായവും നിലവിൽ വന്നതിനു ശേഷം ഇത്തരത്തിൽ സൂക്ഷിക്കുന്ന ക്യാഷ് ബുക്കിന് യതൊരു ആധികാരികതയും ഇല്ലെന്നത് ശ്രദ്ധേയമാണ്. ഇപ്രകാരം മാന്വലായി അംഗീകാരം വാങ്ങി നടത്തുന്ന ചെലവ്, നിലവിൽ സാംഖ്യ സോഫ്റ്റ്വെയർ പ്രകാരമുള്ള അക്കൗണ്ട് ബുക്കുകളിൽ എൻട്രി വരുത്തുന്നത് ദിവസങ്ങൾക്കു ശേഷമാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 5(2),(3), 6(3),(4) എന്നിവ പ്രകാരം യഥാക്രമം ക്യാഷിന്റെയും, ബാങ്കിലെയും ഇടപാടുകളുടെ കാര്യത്തിൽ, ഇടപാടുകൾ ബന്ധപ്പെട്ട അക്കൗണ്ട് പുസ്തകത്തിൽ രേഖപ്പെടുത്തണമെന്നും ,ഈ അക്കൗണ്ട് പുസ്തകങ്ങൾ, നീക്കിയിരിപ്പ് തുകയും അവയുടെ വിശദാംശങ്ങളും രേഖപ്പെടുത്തി പ്രതിദിനം ക്ലോസ് ചെയ്യണമെന്നും നിഷ്കർഷിക്കുന്നു. ചെലവ്, വരവ് എന്നിവ നടന്ന് ദിവസങ്ങൾ കഴിഞ്ഞാണ് ഇടപാടുകൾ രേഖപ്പെടുത്തുന്നതെന്നതിനാൽ അക്കൗണ്ടിങ്ങിലെ പരമപ്രധാനമായ മേൽ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല.ചെലവുകൾ നടത്തുമ്പോൾ ബന്ധപ്പെട്ട അക്കൗണ്ടിൽ രേഖപ്പെടുത്തിയെന്നും, വൗച്ചറുകളിൽ രേഖപ്പെടുത്തിയ ആവശ്യകതയ്ക്ക് വൗച്ചറുകളിൽ രേഖപ്പെടുത്തിയ തുക തന്നെയാണ് അക്കൗണ്ട് ബുക്കിൽ രേഖപ്പെടുത്തിയതെന്നും ഉറപ്പുവരുത്താൻ ഇതു മൂലം ബന്ധപ്പെട്ട അധികാരിക്ക് കഴിയുന്നില്ല.കൂടാതെ സാംഖ്യ പ്രകാരമുള്ള അക്കൗണ്ട് ബുക്കുകളിൽ അക്കൗണ്ടന്റ് വരുത്തുന്ന രേഖപ്പെടുത്തലുകൾ അപ്രൂവ് ചെയ്യുന്നത് നിലവിൽ സൂപ്രണ്ടാണ് .വൗച്ചർ അംഗീകരിക്കുന്നത് സെക്രട്ടറി, ചെയർമാൻ എന്നിവരും ഇതുസംബന്ധിച്ച രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നത് സൂപ്രണ്ടും എന്ന സ്ഥിതി ഇവിടെ സംജാതമാകുന്നു.അക്കൗണ്ട് ബുക്കുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം സൂപ്രണ്ടിന് കൈമാറിയത് സംബന്ധിച്ച ഉത്തരവുകൾ ഇല്ല എന്നതും, മിക്കവാറും ഒറിജിനൽ എൻട്രിയും അപ്രൂവലും അക്കൗണ്ടന്റ് തന്നെ ചെയ്യുന്ന പ്രവണത നിലനില്ക്കുന്നു എന്നതും കണക്ക് സൂക്ഷിപ്പിലെ അപകട സാധ്യത വർദ്ധിപ്പിക്കുന്നു. എല്ലാത്തിനുമുപരിയായി എല്ലാ ഇടപാടിനും ഒരു വൗച്ചർ ജനറേറ്റ് ചെയ്യണമെന്നും ഒരു ചെലവിന് ആധാരമായ രേഖകളുടെ കവറിംഗ് ഷീറ്റായി ഈ വൗച്ചർ ഉപയോഗിക്കണമെന്നും ഇടപാടിന്റെ സ്വഭാവമനുസരിച്ചുള്ള മേൽ വൗച്ചറുകൾക്ക് ഒരു വർഷത്തിൽ തുടർച്ചയായ നമ്പറുകൾ നല്കണമെന്നുമുള്ള ചട്ടം 9 ലെ നിർദ്ദേശങ്ങൾ,വൗച്ചറുകൾ ജനറേറ്റ് ചെയ്യുന്നില്ല എന്നതിനാൽ പാലിക്കപ്പെടുന്നില്ല.

3.വരുമാനം കണക്കാക്കുന്നതിലെയും പിരിച്ചെടുക്കുന്നതിലെയും നിയന്ത്രണ സംവിധാനങ്ങൾ

വരുമാനം കൃത്യമായി കണക്കാക്കുന്നതിലും അത് പിരിച്ചെടുക്കുന്നതിലുമുള്ള നിയന്ത്രണ സംവിധാനം ഫലപ്രദമല്ല. എല്ലാ നികുതി വരുമാനങ്ങളുടെയും, മിക്ക ഫീസിനങ്ങളുടെയും കാര്യത്തിൽ അപാകത നിലനില്ക്കുന്നു. പ്രധാന വരുമാനമായ വസ്തുനികുതിയുടെ കാര്യത്തിൽ കൃത്യമായ ഒരു ഡിമാന്റ് രജിസ്റ്ററിന്റെ അപര്യാപ്തത വർഷങ്ങളായുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിരുന്നെങ്കിലും നാളിതുവരെ തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. ഇതുകൊണ്ട് തന്നെ സ്ഥാപനത്തിന്റെ അതിർത്തിക്കുള്ളിൽ നിർമ്മിക്കപ്പെട്ട എല്ലാ കെട്ടിടങ്ങളും നികുതി പരിധിക്കുള്ളിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പുവരുത്തപ്പെടുന്നില്ല.പെർമിറ്റ് രജിസ്റ്റർ പ്രകാരം പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചവ രേഖപ്പെടുത്താനുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കാത്തതും, പുതുതായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങൾ ഒന്നുപോലും ഒഴിഞ്ഞുപോകാതെ നികുതി പരിധിക്കുള്ളിൽപെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് തടസ്സമാകുന്നു. നിയമത്തിലും തൊഴിൽ നികുതി സംബന്ധിച്ച ചട്ടങ്ങളിലും പ്രതിപാദിക്കും വിധമുള്ള നടപടിക്രമങ്ങൾ തൊഴിൽ നികുതിയുടെ ഡിമാന്റ് കണക്കാക്കുന്നതിന് പാലിക്കാത്തതിനാൽ തൊഴിൽ നികുതിയുടെ ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റും ഡിമാന്റ് രജിസ്റ്ററും അപൂർണ്ണമാണ്. നിലവിൽ പ്രതിവർഷം 92 ലക്ഷം രൂപയോളം വരുമാനം കണക്കാക്കിയ മറ്റൊരു പ്രധാന വരുമാനസ്രോതസ്സായ കെട്ടിടവാടകയുടെ ഡിമാന്റ് രജിസ്റ്ററും അപൂർണ്ണമാണ്. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്ക് നല്കാൻ ഉദ്ദേശിച്ചതുമായ എല്ലാ കെട്ടിടങ്ങളും /മുറികളും മേൽ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്; സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. റഗുലറൈസേഷനുള്ള അപേക്ഷകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയും പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് രേഖപ്പെടുത്തിവരുന്നത്. ലൈസൻസ് ഫീസിന്റെ കാര്യത്തിൽ നിലവിൽ വ്യാപാരത്തിലും വ്യവസായത്തിലും ഏർപ്പെട്ട എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പരിധിക്കുള്ളിൽ പെട്ടു എന്ന് ഉറപ്പാക്കുംവിധം കൃത്യതയുള്ളതല്ല രജിസ്റ്ററുകൾ.

വ്യവഹാരങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഇത് നിശ്ചിത ഫോറത്തിലോ, അവശ്യം വേണ്ട വിവരങ്ങൾ ഉൾപ്പെടുത്തിയോ അല്ല. കേസുകളുടെ കാര്യത്തിൽ (പ്രത്യേകിച്ചും വരുമാനവുമായി ബന്ധപ്പെട്ട) അനുകൂലമായ വിധി ഉറപ്പാക്കുംവിധം കൃത്യമായ ഇടപെടലുകൾക്ക് ഇത് തടസ്സമാകുന്നു.

4.ഉത്തരവാദിത്തങ്ങൾ നിറവേറ്റപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടുന്നില്ല

സ്ഥാപനത്തിന്റെ ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കുന്ന ഇൻവേഡ് (ഡിസ്ട്രിബ്യൂഷൻ) രജിസ്റ്ററിൽ, ഇവിടെ സ്വീകരിക്കുന്ന തപാലുകൾ രേഖപ്പെടുത്തുന്നുണ്ട്. ഇതിൽ നിന്നും തപാലുകൾ ബന്ധപ്പെട്ട സെക്ഷനുകൾക്ക് കൈമാറുന്നുമുണ്ട്. എന്നാൽ ഇൻവാഡ് രജിസ്റ്റർ നിശ്ചിത ഇടവേളകളിലോ, ഓരോ

വർഷത്തിൽ തന്നേയോ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. സെക്ഷനുകളിൽ സ്വീകരിക്കുന്ന തപാലുകൾ പി. ആറിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഇവയുടെ തീർപ്പാക്കൽ വരെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. കൂടാതെ, ഇവയും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. ലഭ്യമാകുന്ന തപാലുകൾക്ക് സമയബന്ധിതമായി മറുപടി/സേവനം പ്രദാനം ചെയ്യപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ ഇതുമൂലം കഴിയുന്നില്ലെന്നു കാണാം.

5. ഇന്റേണൽ ഓഡിറ്റ് സംവിധാനമില്ല

സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതുണ്ട്. മിനട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിൽ മാസാന്ത്യങ്ങളിലോ വർഷാന്ത്യത്തിലോ മേൽ പ്രക്രിയ നടന്നിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇടപാടുകൾ ഓഡിറ്റിന് വിധേയമാക്കേണ്ട വകുപ്പുതലത്തിലുള്ള ഓഡിറ്റ് സംവിധാനമായ പെർഫോമൻസ് ഓഡിറ്റ് അവസാനമായി സ്ഥാപനം സന്ദർശിച്ചത് 2013-14 വർഷത്തിലാണ്.

നിരന്തരമായി ഈ അപാകതകൾ വർഷാ വർഷമുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടും പരിഹരിക്കപ്പെടാത്തത് ഗുരുതരമായ വീഴ്ചയാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് അർഹമായ പരിഗണന നല്കപ്പെടുന്നില്ലെന്ന് ഇത് വ്യക്തമാക്കുന്നു. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ മേൽ വീഴ്ചകൾക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി നടന്ന എക്സിറ്റ് മീറ്റിംഗിലും ഇക്കാര്യങ്ങൾ ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അപാകതകൾക്ക് മറുപടി നല്കുന്നതിനൊപ്പം തന്നെ നിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാകുന്നു.

നിർദ്ദേശങ്ങൾ

1) സ്ഥാപനത്തിന്റെ സാമ്പത്തികാരോഗ്യവും കാര്യക്ഷമതയും പൊതുജനങ്ങൽക്ക് മെച്ചപ്പെട്ട സേവനവും ഉറപ്പാക്കും വിധം കണ്ടിജന്റ് ജീവനക്കാർ ഉൾപ്പടെ മുഴുവൻ ജീവനക്കാരുടെയും കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളും വിശദമാക്കുന്ന ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, നിശ്ചിത ഇടവേളകളിൽ ഇവ പുനപരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതുമാണ്. ക്രമ നം. 3 ൽ സൂചിപ്പിച്ച വരുമാനചോർച്ച തടയുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും വിശദമായി ഈ ഉത്തരവിൽ പ്രതിപാദിച്ച് ഉത്തരവാദിത്വം കൈമാറേണ്ടതാണ്. ക്രമ നം. 4ൽ പ്രതിപാദിച്ച മേൽനോട്ട ചുമതലയിലെ വീഴ്ചകളും മേൽ ഉത്തരവു പ്രകാരം പരിഹരിക്കേണ്ടതാണ്.

2) സാമ്പത്തിക പ്രാധാന്യമുള്ളതും അല്ലാത്തതുമായ നിയമലംഘനങ്ങൾ നഗരപരിധിക്കുള്ളിൽ നടക്കുന്നത് കൃത്യതയോടും സമയബന്ധിതമായും റിപ്പോർട്ട് ചെയ്യാൻ സ്ഥാപനത്തിലെ നികുതി പിരിവ്, കെട്ടിടനിർമ്മാണ പെർമിറ്റ്, ലൈസൻസ്, ശുചീകരണം തുടങ്ങിയ എല്ലാ മേഖലകളിലെയും ഫീൽഡ് സ്റ്റാഫിനേയും മേൽ ഉത്തരവുപ്രകാരം ചുമതലപ്പെടുത്തേണ്ടതും ,ഇത്തരം റിപ്പോർട്ടുകൾ കൈകാര്യം ചെയ്യുന്നതിന് സ്ഥാപനത്തിൽ നിലവിലുള്ള സംവിധാനത്തെ കാര്യക്ഷമമാക്കേണ്ടതുമാണ്.

3)നിയമലംഘനങ്ങൾ തിരിച്ചറിയുന്നതിന് ഫീൽഡ് സ്റ്റാഫിനെ പര്യാപ്തമാക്കും വിധം (ഉദാ:അനധികൃത നിർമ്മാണം തിരിച്ചറിയാൻ അതതു വാർഡുകളിൽ ടൗൺ പ്ലാനിംഗ് സെക്ഷൻ ഇഷ്യൂ ചെയ്ത പെർമിറ്റുകളുടെ വിവരം ബിൽ കലക്ടേഴ്സിന് ലഭ്യമാക്കേണ്ടതുണ്ട്) സ്ഥാപനത്തിലെ വിവിധ വകുപ്പുകൾ ആവശ്യമായ വിവരങ്ങൾ അവർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

4)അക്കൗണ്ടിംഗിലെ നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ക്രമനം 2 ൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കത്തക്ക വിധത്തിൽ ചുമതലകൾ നിശ്ചയിക്കേണ്ടതും ഓഫീസ് ഉത്തരവിൽ ഇത് വ്യക്തമാക്കേണ്ടതുമാണ്.

5)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കി, അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നല്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കി അതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

## 2-3 രശീത് പിരിവിലെ അപാകതകൾ

രശീത് പിരിവിലെ അപാകതകൾ സംബന്ധിച്ച് 2016-17 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-2 ലും ഓഡിറ്റ് പരിശോധനാ സമയത്തും ചൂണ്ടി കാണിച്ച അപാകതകൾ പരിഹരിക്കുന്നതിന് സ്ഥാപനം ഏതെങ്കിലും തരത്തിലുള്ള പരിഹാര നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മുൻ വർഷം പരാമർശിച്ചതും 2017-18 വർഷത്തിൽ ആവർത്തിച്ചതുമായ അപാകതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സാംഖ്യ, മാന്വൽ രശീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.
2. റദ്ദ് ചെയ്യുന്ന മാന്വൽ രശീതുകളിൽ സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തിയ മേൽനോട്ട തസ്തികയിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ റദ്ദ് ചെയ്തതിന്റെ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.
3. സാംഖ്യ ക്യാൻസൽഡ് രശീതുകളുടെ റിപ്പോർട്ട്/ രശീത് പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ല.
4. ബിൽ കളക്ടർമാരുടെ രശീത് പുസ്തകങ്ങൾ, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ച് തുക പിരിച്ചെടുക്കുന്നതിന്റെയും അടവാക്കുന്നതിന്റെയും കൃത്യത ഉറപ്പ് വരുത്തുന്നതിനുള്ള ചുമതല ഏതെങ്കിലും ജീവനക്കാരന് നൽകിയതായി കാണുന്നില്ല. ഇത് മൂലം പിരിച്ചെടുക്കുന്ന തുക പൂർണ്ണമായും മുനിസിപ്പൽ ഫണ്ടിൽ അടവാക്കപ്പെട്ടില്ല. ഉദാ-ശ്രീമതി.പ്രീന. പി.ബി. ബിൽ കളക്ടറുടെ 124 നമ്പർ ബുക്കിലെ 12355 നമ്പർ രശീത് പ്രകാരം പിരിച്ചെടുത്ത 53 രൂപ, ശ്രീ.ജോർജ്ജ് വർഗ്ഗീസ് ബിൽ കളക്ടറുടെ 188 നമ്പർ രശീത് ബുക്കിലെ 18716 നമ്പർ രശീത് പ്രകാരം പിരിച്ചെടുത്ത 56 രൂപ എന്നിവ മുനിസിപ്പൽ ഫണ്ടിൽ അടവാക്കപ്പെടുകയോ, വീഴ്ച യഥാസമയം തിരിച്ചറിഞ്ഞ് തിരുത്തുന്നതിന് സ്ഥാപനത്തിന് സാധിക്കുകയോ ചെയ്തിട്ടില്ല.
5. ബിൽ കളക്ടർമാരുടെ രശീത് ബുക്കുകൾ പരിശോധിച്ചതിൽ ബിൽ കളക്ടർമാർ ഒരു ദിവസത്തിൽ ശരാശരി 15 ലധികം വാർഡുകളിൽ നിന്നും പിരിവെടുത്തതായി കാണുന്നു. പിരിവെടുത്ത വാർഡുകളിൽ അതത് ബിൽ കളക്ടർമാരുടെ ചുമതലയിൽ ഉൾപ്പെടാത്ത വാർഡുകളും ഉൾപ്പെട്ടതിന്റെ കാരണം നേരിൽ ആരാഞ്ഞതിൽ ജനസേവന കേന്ദ്രത്തിലെ തിരക്ക് ഒഴിവാക്കുന്നതിനായി മുനിസിപ്പൽ കാര്യാലയത്തിൽ നികുതി അടവാക്കാൻ നേരിട്ടെത്തുന്നവരിൽ നിന്നും കാര്യാലയത്തിലിരുന്ന് ബിൽ കളക്ടർമാർ പിരിവെടുക്കുന്ന രീതിയാണ് നിലവിലുള്ളതെന്ന് ബോദ്ധ്യപ്പെട്ടു. ജനസേവന കേന്ദ്രത്തിൽ നികുതി,ഫീസ് എന്നിവ അടവാക്കാനെത്തുന്നവരിൽ നിന്നും മാന്വൽ രശീതി മുഖേന പിരിവെടുക്കുന്നത് മൂലം ഡിജിറ്റൽ ഡിമാന്റ് രജിസ്റ്ററുകളിൽ പോസ്റ്റിംഗ് നടക്കാത്ത സാഹചര്യമുണ്ടാകുന്നു. ഭൂരിഭാഗം രശീതുകളും മാന്വൽ രശീതുകളിലൂടെ സ്വീകരിക്കുന്നതിനാൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട രശീത് മാപ്പിംഗ് സങ്കീർണ്ണമാകുന്നു. ( സാംഖ്യയിലൂടെ സ്വീകരിക്കുന്ന ഓരോ ഡിമാന്റ് തുകയും ബന്ധപ്പെട്ട ലഡ്ജർ/ ഡിമാന്റ് രജിസ്റ്ററിലേക്ക് പോസ്റ്റ് ചെയ്യപ്പെടും. ഓഫീസ് കളക്ഷൻ രശീത് പ്രകാരം സ്വീകരിക്കുന്ന രശീതുകൾ സാംഖ്യയിൽ ഇന്ററപ്റ്റ് രശീതായി രേഖപ്പെടുത്തുന്നതിനാൽ സമാനമായ രീതിയിൽ പോസ്റ്റിംഗ് നടക്കുന്നു., എന്നാൽ ബിൽ കളക്ടർമാരുടെ രശീത് ബുക്കുകൾ മുഖേനയുള്ള പിരിവ്

ഓരോ ദിവസത്തിന്റെയും സംക്ഷിപ്തം മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തപ്പെടുന്നത്.)

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

1. രശീതുകളുടെ സ്റ്റോക്ക്, ഉപയോഗിച്ച രശീതുകളുടെ സൂക്ഷിപ്പ്, രശീത് പിരിവിന്റെയും അടവാക്കലിന്റെയും കൃത്യത പരിശോധിക്കുക എന്നീ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന ഒരു സൂപ്പർവൈസറി തസ്തികയിലുള്ള ജീവനക്കാരനിൽ ചുമതലപ്പെടുത്തേണ്ടതാണ്.

2. റദ്ദ് ചെയ്യുന്ന രശീതുകളിൽ ആയതിന്റെ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. റദ്ദ് ചെയ്യുന്ന സാംഖ്യ രശീതുകളുടെ ക്യാൻസൽഡ് രശീതിന്റെ പ്രിന്റ് എടുത്ത് പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

3. ജനസേവന കേന്ദ്രത്തിലെ തിരക്ക് ഒഴിവാക്കുന്നതിന് മാന്വൽ രശീതുകളിലൂടെ പിരിവെടുക്കുന്നതിന് പകരം ജനസേവന കേന്ദ്രത്തിൽ ഒരു കൗണ്ടർ കൂടെ അധികമായി ആരംഭിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി- പരിഷ്കരണം പൂർത്തിയാക്കിയില്ല.

നഗരസഭയുടെ നികുതി വരുമാനത്തിന്റെ 56 ശതമാനവും വസ്തു നികുതിയിലൂടെയാണ് ആർജ്ജിക്കപ്പെടുന്നത്. തനത് വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ വസ്തു നികുതിയുടെ പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുന്നതിനോ വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനോ നഗരസഭക്ക് സാധിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

14.01.2011 ലെ സ.ഉ (അ) നം.18/2011/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. 02.12.2013 ലെ സ.ഉ(എം.എസ്) നം.371/2013 /തസ്വഭവ ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 01.04.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലും ഈ ചട്ടം ബാധകമാണ്. എന്നാൽ ഓഡിറ്റ് തീയതി വരെയും വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുന്നതിന് നഗരസഭക്ക് സാധിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കാത്തത് മൂലം വസ്തുനികുതി കുടിശ്ശിക രഹിതമായി പിരിച്ചെടുക്കുന്നതിനോ, പിരിച്ചെടുക്കുന്ന കെട്ടിട നികുതി യഥാസമയം അക്കൗണ്ട് ചെയ്യുന്നതിനോ നഗരസഭക്ക് സാധിക്കുന്നില്ല. 24.09.2018 തീയതിയിലെ 5-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങളനുസരിച്ച് 31.03.2018 തീയതിയിൽ നഗരസഭയിൽ 34582 കെട്ടിടങ്ങളുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 31.03.2013 തീയതിയിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ എണ്ണം | 2013-14 സാമ്പത്തിക വർഷം നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം | 2014-15 സാമ്പത്തിക വർഷം നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം | 2015-16 സാമ്പത്തിക വർഷം നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം | 2016-17 സാമ്പത്തിക വർഷം നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം | 2017-18 സാമ്പത്തിക വർഷം നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം. | ആകെ കെട്ടിടങ്ങളുടെ എണ്ണം | ഓഡിറ്റ് തീയതി വരെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ബേസ് ഡാറ്റ എൻട്രി പൂർത്തീകരിച്ച കെട്ടിടങ്ങളുടെ എണ്ണം | സഞ്ചയ സോഫ്റ്റ്‌വെയറിൽ ഫോറം 6 ഡാറ്റ എൻട്രി പൂർത്തീകരിച്ച കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| 30756 | 720 | 665 | 662 | 919 | 860 | 34582 | 19660 | 19765 |

മേൽ ഡാറ്റ പരിശോധിച്ചതിൽ നഗരസഭയിലെ വസ്തു നികുതി പരിഷ്കരണ നടപടികൾ പാതിവഴിയിലാണെന്ന് കാണാം. 19660 കെട്ടിടങ്ങളുടെ ബേസ് ഡാറ്റ മാത്രമാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നഗരസഭയിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ബേസ് ഡാറ്റയിൽ 14922 കെട്ടിടങ്ങളുടെ കുറവുണ്ടായി. പ്രസ്തുത കെട്ടിടങ്ങൾ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്ന സാഹചര്യമുണ്ടായി.

വസ്തു നികുതി -മറ്റ് അപാകതകൾ.

1. 44 ഇലക്ടറൽ വാർഡുകളുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ അസസ്മെന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഇത് മൂലം ഏതെല്ലാം കെട്ടിടങ്ങളുടെ ബേസ്ഡാറ്റയാണ് രേഖപ്പെടുത്താൻ അവശേഷിക്കുന്നതെന്നത് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല .
2. തെറ്റായ നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയ വാണിജ്യാവശ്യത്തിനുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിന് 08.11.2017 തീയതിയിലെ കെ.എസ്.എ കെ.കെ.ഡി/പി8/2080/17 നമ്പറായുള്ള ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-6 ൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഖണ്ഡികയിൽ ഉദാഹരണമായി കാണിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി മാത്രമെ പുനർനിർണ്ണയിച്ചിട്ടുള്ളൂ. തെറ്റായ നികുതി നിരക്കും ഉപയോഗ ക്രമവും രേഖപ്പെടുത്തി കുറഞ്ഞ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കാത്തത് വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്.
3. സ. ഉ. (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 660 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് സ. ഉ. (എം. എസ്.) നം. 358/15/ ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിക്കുന്ന അനുബന്ധം (2) പ്രകാരമുള്ള ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2017-18 വർഷത്തിൽ ഇപ്രകാരം നികുതി ഇളവ് നൽകിയ കെട്ടിടങ്ങളെ കുറിച്ചുള്ള രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഇളവ് നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും ഉടമകളിൽ നിന്നും സത്യവാങ്മൂലം വാങ്ങിയിട്ടുണ്ടോ എന്നും, ഒരു ഉടമയുടെ തന്നെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇപ്രകാരം ഇളവ് അനുവദിക്കപ്പെട്ടിട്ടുണ്ടോ എന്നതും പരിശോധിക്കാനായിട്ടില്ല.
4. ഡാറ്റാ എൻട്രി പൂർത്തിയാക്കാത്തതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ഡി.സി.ബി രജിസ്റ്റർ ജനറേറ്റ് ചെയ്യാനാവാത്ത സാഹചര്യമാണ് സ്ഥാപനത്തിൽ നിലവിലുണ്ടായിരുന്നത്. മാന്വലായി ഡി.സി.ബി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിലും നഗരസഭ വീഴ്ച വരുത്തി. വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി ബന്ധപ്പെട്ട യാതൊരു രേഖയും സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
5. സഞ്ചയ- സാംഖ്യ സോഫ്റ്റ്‌വെയറുകൾ തമ്മിൽ ബന്ധിപ്പിക്കുകയോ രശീത് മാപ്പിംഗ് പൂർത്തീകരിക്കുകയോ ചെയ്യാത്തതിനാൽ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്യുന്ന ഡിമാന്റ് നോട്ടീസിന് കൃത്യത ഇല്ല.2013-14 ന് മുൻപുള്ള കുടിശ്ശിക വിവരങ്ങൾ സഞ്ചയയിൽ മാന്വലായി

രേഖപ്പെടുത്തിയിട്ടില്ലാത്തതും ഡിമാന്റിന്റെ കൃത്യത ഇല്ലായ്മക്ക് കാരണമായി. പിരിച്ചെടുക്കുന്ന കെട്ടിട നികതി അക്കൗണ്ട് ചെയ്യുന്നതിനുള്ള സംവിധാനം (മാന്വൽ ഡി.സി.ബി പത്രിക, സഞ്ചയ ഡിമാന്റ് രജിസ്റ്റർ) നഗരസഭയിൽ നിലവിലില്ലാത്തതിനാൽ ഓരോ ഡിമാന്റിന്റെയും കുടിശ്ശിക വിവരങ്ങൾ തിരിച്ചറിയുന്നതിനും കാലഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിനും നഗരസഭക്ക് സാധിക്കുന്നില്ല.

6. 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ ബാധകമായ 15% വർദ്ധനവ് കണക്കാക്കാതെയാണ് വസ്തു നികതി പുനർനിർണ്ണയം നടത്തിയിട്ടുള്ളത്.
7. 24.09.2018 തീയതിയിലെ 5-ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ എണ്ണം അറിയിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ 3 മൊബൈൽ ടവറുകളുടെ വിവരം മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളു. വസ്തുനികതി പരിഷ്കരണത്തിലും ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കുന്നതിലുമുണ്ടായ കാലതാമസം മൊബൈൽ ടവറുകളുടെ വസ്തുനികതിയിൽ ഭീമമായ കുടിശ്ശികക്ക് കാരണമായിട്ടുണ്ട്. മേൽ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി വസ്തുനികതി പിരിച്ചെടുക്കുന്നതിനുള്ള നടപടികളൊന്നും നഗരസഭ സ്വീകരിച്ചിട്ടില്ല.
8. വാർഷിക കണക്കുകളിലെ പത്രിക പ്രകാരം 2015-16 മുതൽ 2017-18 വരെയുള്ള വസ്തു നികതിയുടെ ഡിമാന്റ്, പിരിവ്, കുടിശ്ശിക വിവരങ്ങൾ താഴെ ചേർക്കുന്നു.

| 2015-16 | | | 2016-17 | | | 2017-18 | | |
|---|---|---|---|---|---|---|---|---|
| ഡിമാന്റ് | പിരിവ് | കുടിശ്ശിക | ഡിമാന്റ് | പിരിവ് | കുടിശ്ശിക | ഡിമാന്റ് | പിരിവ് | കുടിശ്ശിക |
| 10491295 | 9251505 | 1239790 | 10485748 | 7774513 | 2711235 | 9724774 | 7916949 | 1905752 |

വസ്തുനികതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ കണക്കുകൾക്ക് ആധാരമാക്കിയ രേഖകളെ കുറിച്ച് വ്യക്തതയില്ല.

9. നഗരസഭയിലെ അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ പ്രകാരം (2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികതിയും സേവന ഉപനികതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമല്ല കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുള്ളത്. ചട്ടപ്രകാരമുള്ള ഫോറം 10 മാതൃകയിലല്ല രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്) നഗരസഭയിൽ 115 കെട്ടിടങ്ങളുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ അനധികൃത കെട്ടിടമായി രേഖപ്പെടുത്തി 3 മടങ്ങ് വസ്തുനികതി ഈടാക്കിയതായി കാണുന്നില്ല.
10. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-9, 2-11 , 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2- എന്നിവ പ്രകാരം ചൂണ്ടി കാണിച്ച അപാകതകൾ പരിഹരിക്കുന്നതിൽ സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടില്ല .
11. നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികതി കുടിശ്ശിക രഹിതമായും കാലഹരണപ്പെടാതെയും പിരിച്ചെടുക്കുന്നതിൽ നഗരസഭയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഗൗരവമായി വീക്ഷിച്ചിട്ടില്ല. തനത് വരുമാന സ്രോതസ്സ് വർദ്ധിപ്പിക്കുന്നതിനുള്ള പ്രധാന മാർഗ്ഗങ്ങളിലൊന്നായ വസ്തുനികതി പരിഷ്കരണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ.

1. വസ്തുനികതി പരിഷ്കരണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് സമയക്രമ പട്ടിക തയ്യാറാക്കേണ്ടതും നടപടി ക്രമങ്ങളുടെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിവാരം നിരീക്ഷിക്കേണ്ടതുമാണ്.
2. 2013 വർഷത്തിലെ വാർഡുകളുടെ അടിസ്ഥാനത്തിൽ അസസ്മെന്റ് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കേണ്ടതാണ്. 1995 മുതലുള്ള അസസ്മെന്റ് രജിസ്റ്ററുകളുമായി താരതമ്യം ചെയ്ത് ഒഴിവാക്കലുകൾ നടന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.്.
3. നഗരസഭാ പരിധിക്കുള്ളിലെ ഒരു കെട്ടിടവും കെട്ടിട നികതി ഡിമാന്റ് രജിസ്റ്ററിൽ നിന്നോ ,അനധികൃത നിർമ്മാണം രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററിൽ നിന്നോ ഒഴിവായിട്ടില്ലെന്ന് ഉറപ്പു വരുത്താൻ നിലവിലെ ഫീൽഡ് സ്റ്റാഫിനെ ഉപയോഗപ്പെടുത്തി സർവ്വേ നടത്തി രജിസ്റ്ററുകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.
4. .ഫോറം 6 ലുള്ള വിവരശേഖരണം നടത്തുന്ന സമയത്ത് കെട്ടിടങ്ങളുടെ ഘടന, വിസ്തീർണ്ണം, ഉടമസ്ഥാവകാശം, ഉപയോഗ ക്രമം, കൈവശക്കാരൻ എന്നിവ അസസ്മെന്റ് രജിസ്റ്ററിലെ രേഖകളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന വസ്തുത പരിശോധിക്കേണ്ടതാണ്.
5. ഫീൽഡ് പരിശോധനയിൽ റിപ്പോർട്ട് ചെയ്യുന്ന അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടങ്ങൾ ഉണ്ടെങ്കിൽ ആയവ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തി , ക്രമവത്കരിച്ച് നൽകാവുന്നവ അപേക്ഷ വാങ്ങി ക്രമവത്കരിച്ച് നൽകേണ്ടതാണ്.
6. മുഴുവൻ കെട്ടിടങ്ങളുടെയും വിവരശേഖരണം പൂർത്തീകരിച്ച ശേഷം സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.
7. സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകളിൽ വിസ്തീർണ്ണം, മേഖല, ഇളവുകൾക്കും വർദ്ധനവുകൾക്കും ആധാരമായ ഘടകങ്ങൾ എന്നിവയുടെ രേഖപ്പെടുത്തലുകളിൽ പിശകുകൾ സംഭവിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്
8. 2013-14 വരെയുള്ള രശീതുകൾ പരിശോധിച്ച് വസ്തു നികതി ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും 2013-14 വരെയുള്ള കുടിശ്ശിക വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതുമാണ്. 2014-15 മുതലുള്ള രശീതുകൾ സഞ്ചയയിൽ രേഖപ്പെടുത്തി ഡിമാന്റ് നോട്ടീസ്, ഡിമാന്റ് രജിസ്റ്റർ എന്നിവ ജനറേറ്റ് ചെയ്യേണ്ടതാണ്.
9. വസ്തു നികതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന മുറക്ക് കാലഹരണ സാധ്യതയുള്ള കുടിശ്ശിക ഡിമാന്റുകൾ പിരിച്ചെടുക്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതാണ്. കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ബിൽ കളക്ടർമാർക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകേണ്ടതാണ്.

സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കേണ്ടവ

താഴെ പറയുന്ന അപാകതകൾ സ്ഥാപനം ഉചിത മാർഗ്ഗേന സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹാരം തേടുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

1. ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 14.01.2011 തീയതിയിൽ പുറപ്പെടുവിച്ച സ.ഉ(അ) 19/2011/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം 24.02.2015 ലെ സ.ഉ.(അ) 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, പാർപ്പിടാവശ്യത്തിന്റെ ഉപവിഭാഗമായി സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, എന്നിവക്ക് ബാധകമായ നികതി നിരക്കുകൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ നഗരസഭയുടെ കാര്യത്തിൽ ഇത്തരത്തിലുള്ള ഒരു ഭേദഗതി ഉണ്ടായിട്ടില്ല. പാർപ്പിടാവശ്യത്തിനുള്ള ഉപവിഭാഗങ്ങളെ പ്രത്യേകം നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഉപവിഭാഗങ്ങളിലുൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികതി നിരക്ക് 6 രൂപ നിശ്ചയിച്ചാണ് നികതിനിർണ്ണയം നടത്തുന്നത്. ആയുർവ്വേദ സുഖ ചികിത്സാ കേന്ദ്രങ്ങളുടെ നികതി ആശുപത്രികളുടെ നിരക്കായ 10 രൂപയുമാണ് ഈടാക്കുന്നത്. ഭേദഗതി പുറപ്പെടുവിക്കാത്തിടത്തോളം നഗരസഭകൾക്ക് ഇത്തരത്തിൽ നികതി നഷ്ടം സംഭവിക്കുന്ന സാഹചര്യം സർക്കാരിന്റെ

ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടില്ല

നഗരസഭാ പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പ് വരുത്തിയിട്ടില്ല.രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു.നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടക്രമങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ (ചട്ടം കാണുക) ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്.

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ നാലാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ മൂന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്.

3. ക്രമനം 1,2 എന്നിവയിൽ സൂചിപ്പിച്ച ഫോറം 2 ഉം ഫോറം 4 ഉം അടിസ്ഥാനപ്പെടുത്തിയാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

എ) കെട്ടിട നികുതിയുടെ ബേസ് ഡാറ്റാ സഞ്ചയ സോഫ്റ്റ് വെയറിൽ എൻട്രി വരുത്തിയതു പ്രകാരം 31.3.2013 വരെയുള്ള കാലയളവിൽ ആകെ 30756 കെട്ടിടങ്ങൾ സ്ഥാപന പരിധിയിൽ ഉണ്ട്. കൂടാതെ 2013-14 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ 3826 പുതിയകെട്ടിടങ്ങൾക്ക് സ്ഥാപനം കെട്ടിടനമ്പർ നല്കിയിട്ടുണ്ട് .ഇത് കൂടി പരിഗണിക്കുമ്പോൾ ആകെ കെട്ടിടങ്ങളുടെ എണ്ണം 34582 ഉണ്ടെന്ന് കാണാം. എന്നാൽ ഇതിൽ 19765 എണ്ണത്തിനു മാത്രമേ ഫോറം 6 പ്രകാരം നികുതി നിശ്ചയിച്ചിട്ടുള്ളൂ. ഇതിൽ 4917 കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് നികുതി നിശ്ചയിക്കപ്പെട്ടവയാണ്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ആകെ 333 കെട്ടിടങ്ങൾ വേക്കൻസി റമിഷനിലുള്ളതാണ് . അതായത് 4584 നമ്പർ കെട്ടിടങ്ങളുടെ കാര്യത്തിൽ അവ നിലവിൽ വ്യാപാരത്തിനോ മറ്റാവശ്യങ്ങൾക്കോ ഉപയോഗപ്പെടുത്തുന്നു എന്നു കാണാം. എന്നാൽ സ്ഥാപനത്തിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരം ടെയിഡേഴ്സിന്റെ നികുതി വരുമാനമായ 1682900 രൂപയാണ് കണക്കാക്കിയത്. അതായത് ഫോറം 6 പ്രകാരം നികുതി പുനർനിർണ്ണയിച്ച കെട്ടിടങ്ങളുടെ കാര്യത്തിൽ മാത്രം കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തിയവരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടില്ല.ഡിമാന്റ് പുനർ നിർണ്ണയിക്കാൻ അവശേഷിക്കുന്ന കെട്ടിടങ്ങൾ കൂടി പരിഗണിക്കുമ്പോൾ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങളുടെയും തൊഴിലാളികളുടെയും എണ്ണത്തിന്റെ വ്യാപ്തി കൂടുമെന്നത് പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോഴും സ്ഥാപനത്തിന്റെ പേര് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി ഈടാക്കിയിട്ടില്ല. ശ്രദ്ധയിൽപ്പെട്ടിട്ടുപോലും നികുതി ഈടാക്കാത്ത സാഹചര്യം നിലനില്ക്കുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. നഗരസഭയിലെ വാർഡ് 18ന്റെ കാര്യത്തിൽ മാത്രം ടി വാർഡിന്റെ പരിധിയിൽപ്പെട്ട 162 സ്ഥാപനങ്ങൾ 2017-18 വർഷത്തിൽ ഡി & ലൈസൻസ് നേടിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി ഒടുക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. തൊഴിൽ നികുതി അടവാക്കാത്ത ഇത്തരം സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | വാർഡ്/<br>കെട്ടിട നമ്പർ | ഡി&ഒ ലൈസൻസ് അസസ്മെന്റ് നമ്പർ | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| 1 | 18/11 | 1 | മണിപ്രസാദ്.കെ | ബ്യൂട്ടിപാർലർ |
| 2 | 18/27 | 10 | രാജൻപിള്ള.ടി.എൻ | ഉഴുന്നമാവ്,<br>ടി.എം.സ്റ്റോഴ്സ് |
| 3 | 18/51c-u | 18 | അനിൽകുമാർ | ആശുപത്രി,<br>ഫാർമസി,<br>ലാബ്,<br>എക്സ്റേ,<br>സ്കാനിംഗ് |
| 4 | 18/53b,c | 18 | സിയൂഷ്. സി.യു | സ്വർണ്ണം,<br>ഡയമെണ്ട്<br>വിൽപ്പന |
| 5 | 18/53 h,i | 25 | ബജാസ്.ടി.വി | കമ്പ്യൂട്ടർ വിൽപ്പന &<br>സർവ്വീസ് |
| 6 | 18/53 n14,15 | 39 | ഹാർസ്.പി.വി | ബേക്കറി<br>ഉൽപ്പന്നങ്ങളുടെ<br>നിർമ്മാണം |
| 7 | 18/174 c | 48 | സജീവൻ.കെ.പി | ബാർബർ ഷോപ്പ് |
| 8 | 18/174 f | 50 | റീന.കെ.സി | ധാന്യങ്ങൾ,<br>പലചരക്ക് |
| 9 | 18/209 b | 52 | രമേശൻ.വി.വി | ബാർബർഷോപ്പ് |
| 10 | 18/222 | 57 | ലാലു.സി.കെ | സ്റ്റേഷനറി |

| | | | | |
|---|---|---|---|---|
| 11 | 18/229 | 60 | ചിന്നൻ | ബാർബർഷോപ്പ് |
| 12 | 18/247,248,249,250 | 63 | ഷിജിത്ത് | വികൂറി ഹാർഡ് വേർസ് |
| 13 | 18/251 | 64 | പവിത്രൻ | വികൂറി ഇലക്ട്രിക്കൽ |
| 14 | 18/262 | 70 | സുബീഷിത്ത് ലാൽ | വികൂറി ഇലക്ട്രിക്കൽ |
| 15 | 18/286 | 83 | അമ്മത് | സ്റ്റേഷനറി, ഫാൻസി |
| 16 | 18/290B | 91 | അബ്ദുറഹിമാൻ | കൂൾബാർ, സ്റ്റേഷനറി |
| 17 | 18/290N | 98 | ഷീബ.കെ.സി | ബ്യൂട്ടിപാർലർ |
| 18 | 18/290P | 99 | കരുണൻ.കെ | പുസ്തകവിൽപ്പന |
| 19 | 18/290 S,T | 100 | റോഷിത്ത് | ബ്യൂട്ടിപാർലർ |
| 20 | 18/291-315A.C | 103 | പ്രിയേഷ് കമാർ | ഹോട്ടൽ & റെസ്റ്റോറന്റ് |
| 21 | 18/315Y4B | 107 | കെ.പി.കണ്ണൻ | തുണിക്കച്ചവടം |
| 22 | 18/315Y4C | 108 | ഉഷഭാസ്കരൻ | ക്ഷണക്കത്തുകൾ |
| 23 | 18/315A3 | 110 | മനരാജ് | ഇലക്ട്രിക്കൽ |
| 24 | 18/315X,X1,X3,A1, A2,A4,A5,A6 | 111 | ഷിജു.ഇ.കെ | ഹാർഡ് വേർ |
| 25 | 18/315Y3A,Y3B,Y5A, Y5B,Y5C | 112 | ഗോപിനാഥൻ.ഒ.പി | മണിലെൻഡിംഗ് കോ-ഓപ് സൊസൈറ്റി |
| 26 | 18/313 A8 | 114 | സോമസുന്ദരൻ | ഇലക്ട്രിക്കൽ |
| 27 | 18/313A2 | 115 | റിനേഷ് | റെഡിമെയ്ഡ്സ് |
| 28 | 18/313A12 | 116 | മനോജ്.കെ.പി | ഇലക്ട്രോണിക് സ്പെയർപാട്സ് |
| 29 | 18/313A16,A17 | 116 | അഷ്റഫ്.ജെ.കെ | കൺഫക്ഷനറി സ്റ്റേഷനറി |
| 30 | 18/313B9 | 118 | ദാമോധരൻ.ടി | ടെക്സ്റ്റയിൽസ് |
| 31 | 18/313BB1 | 120 | സിന്ധു | റെഡിമെയ്ഡ്സ് ടൈലറിംഗ് |
| 32 | 18/355B12,B13 | 121 | മഞ്ജുഷ | കണ്ണട |
| 33 | 18/330G | 123 | മിഥുൻ.എസ്. നാരായണൻ | ഇന്റർനെറ്റ്, ഫോട്ടോസ്റ്റാറ്റ്. ഡി.ടി.പി |
| 34 | 18/333 | 124 | എൻ.കെ.രവി | അപ്പക്കട് |
| 35 | 18/355,349 | 130 | ഡോ.സോസു സദാനന്ദൻ | ഡെന്റൽക്ലിനിക് |
| 36 | 18/355A | 133 | കരുണാകരൻ.എ | ബ്യൂട്ടിപാർലർ |
| 37 | 18/355C | 134 | രാജീവ്.കെ | ഇലക്ട്രോണിക്സ് |
| 38 | 18/356B | 137 | ഉഷ.വി | ഇലക്ട്രോണിക്സ് സിസി ടിവി ക്യാമറ |
| 39 | 18/356H | 143 | രാജി.കെ.എം | ഇംഗ്ലീഷ് മരുന്നഷോപ് |
| 40 | 18/361 | 145 | ഗോകുൽ ആനന്ദ് | ലാബ് |
| 41 | 18/362 | 146 | ഷീജ.കെ | കമ്പ്യൂട്ടർ പരിശീലനം |
| 42 | 18/400 | 155 | ചന്ദ്രൻനായർ | ഫ്രൂട്സ് & കൂൾബാർ |
| 43 | 18/405,406 | 162 | വിനോദൻ.വി.വി | ഇന്റർനെറ്റ് കഫെ |
| 44 | 18/489 | 18 | അജിത് കമാർ | കള്ള് ഷാപ്പ് |

| | | | | |
|---|---|---|---|---|
| 45 | 18/489H,J | 189 | ഹംനാസ് | റെഡിമെയ്ഡ് |
| 46 | 18/489H1,H2,H3,H4,H5 | 190 | മോഹൻദാസ്.പി | ഹോട്ടൽ |
| 47 | 18/497B13 | 208 | ജിഷസജീവൻ | ബ്യൂട്ടി പാർലർ |
| 48 | 18/497C1 | 209 | ബാലഗോപാലൻ.വി | ഇന്റർനെറ്റ് കഫെ |
| 49 | 18/498A2 | 212 | സെമീർ.എൻ | കൂൾബാർ & ടീഷോപ്പ് |
| 50 | 18/498A15 | 223 | കരുണൻ | ബേക്കറി & കൂൾബാർ |
| 51 | 18/498A23 | 229 | മീനാക്ഷി | ഫാൻസി & സ്റ്റേഷനറി |
| 52 | 18/498A35 | 240 | സർഫന.പി.വി | മിന്നു ഫാൻസി |
| 53 | 18/498A36 | 241 | ഇബ്രാഹിം.പി.വി | സഫ ബേക്കറി |
| 54 | 18/498B15 | 246 | രമേശൻ.എം | മൊബൈൽകട |
| 55 | 18/498B18 | 248 | സുജിത്.പി.സി | ഫയ്മസ് ജന്റ്സ് ബ്യൂട്ടിപാർലർ |
| 56 | 18/498B19 | 249 | ഫൈസൽ.കെ.ടി | ചമയംഗിഫ്റ്റ് |
| 57 | 18/498B20 | 250 | ഷാഹിദ്.പി | ഡിജിറ്റൽ സ്റ്റുഡിയോ |
| 58 | 18/498B21 | 251 | സഫീർ.പി | പ്രിന്റിംഗ് ഡിസൈൻ |
| 59 | 18/498B28 | 254 | സരസ.കെ | ഫാത്തിമ ഫാൻസി |
| 60 | 18/498B31 | 257 | ഗിരീഷ് കുമാർ | നൃശ്രീദീപം ചിട്ടി |
| 61 | 18/498B34 | 259 | ബൈജു.ടി.എം | നോവ സ്റ്റുഡിയോ |
| 62 | 18/506 | 276 | മനോജ് കുമാർ.വി | ഇന്റർനെറ്റ് കഫെ |
| 63 | 18/518C | 280 | റാസിക്.സി.കെ | ഹാന്റസം ബ്യൂട്ടിപാർലർ |
| 64 | 18/518H,I,J | 282 | നാഫിക്.കെ | ബേക്കറി |
| 65 | 18/518N | 284 | രതീശ്.കെ.എം | സൈൻടെക് |
| 66 | 18/527 | 293 | ആലിക്കുട്ടി.കെ.വി | താജ് ഫൂട്ട് വേർ |
| 67 | 18/530G | 301 | ഷീജ.കെ.ടി.കെ | മെഡിക്കൽഷോപ്പ് |
| 68 | 18/530 Y | 313 | അവദ്.സി | ഫൂട് വേർ |
| 69 | 18/549 | 319 | രാമചന്ദ്രൻ.എൻ | ത്രിമൂർത്തി ജ്വല്ലറി |
| 70 | 18/555H | 330 | ജാസിർ.എം.ഐ | റെഡിമേഡ്സ് |
| 71 | 18/557H | 342 | ഹംസ | സിഗ് സാഗ് ബാഗ് |
| 72 | 18/557 O | 345 | സത്യപ്രഭ.പി,ബി | ശ്രീലക്ഷ്മി ബ്യൂട്ടി പാർലർ |
| 73 | 18/557 I | 346 | മെഹബൂബ് | റെഡിമേഡ്സ് |
| 74 | 18/561B | 351 | സെക്കിന.കെ.കെ | റെഡിമേഡ്സ് |
| 75 | 18/564,565 | 354 | അബ്ദുസമദ്.പി.വി | റെഡിമേയ്ഡ്സ് |
| 76 | 18/581 | 384 | ശ്വേത.കെ.വി | ദിയ ജ്വല്ലറി |
| 77 | 18/608 | 395 | ജാനകി.പി.കെ | തുണിക്കച്ചവടം |
| 78 | 18/621 | 405 | ബാബുരാജൻ.കെ | ജ്വല്ലറി വർക്ക്സ് |
| 79 | 18/624 | 408 | വത്സല | റെഡിമേഡ്സ് |
| 80 | 18/626 | 409 | സജല.കെ | ഇലക്ട്രോണിക്സ് |
| 81 | 18/632 | 414 | നൌഷാദ് | ഡെയ്ലിഫ്രഷ് |
| 82 | 18/650A10,A11 | 425 | ഹാരിസ്.പി.വി | ഹോട്ടൽ |
| 83 | 18/650A13 | 426 | മുഹമ്മദലി.സി.പി | കൺഫക്ഷനറി |
| 84 | 18/650B1,B2 | 427 | റിനേഷ്.എം.പി | റെഡിമേഡ്സ് |
| 85 | 18/650D6 | 435 | അസ്ലം.കെ.ടി | മൊബൈൽ |

| | | | | |
|---|---|---|---|---|
| | | | | ഷോപ് |
| 86 | 18/650D7 | 436 | ബിജു.വി | ബ്ളൂഫോക്സ് കൂൾബാർ |
| 87 | 18/650E1,E2,E7 | 437 | പവിത്രൻ.പി | ഓഫ് സെറ്റ് പ്രസ്സ് |
| 88 | 18/659A7 | 446 | സലീന്ദ്രൻ.പി | ശിവ ടയർ മെറ്റീരിയൽസ് |
| 89 | 18/659B6,B7 | 448 | പ്രീതി.എ.വി | റെഡിമെയ്ഡ്സ് |
| 90 | 18/664 | 452 | സജിത | കൂൾബാർ |
| 91 | 18/665A19 | 455 | ഷൈമ.എ | ഫാൻസി |
| 92 | 18/665B,B1 | 458 | ഷാജി.എ.കെ | മൊബൈൽ ഷോപ് |
| 93 | 18/665B2 | 459 | അൽതാഫ് | റെഡിമെയ്ഡ്സ് |
| 94 | 18/665B13 | 460 | ആഷിക് അസീസ് | ഭക്ഷ്യ ഉൽപ്പന്നങ്ങൾ |
| 95 | 18/665B20 | 461 | ചരിഷ്മ | ചുരിദാർഷോപ് |
| 96 | 18/665C20 | 466 | വേലായുധൻ.കെ.എം | പർദ്ദ, ചുരിദാർ ഷോപ് |
| 97 | 18/666AB | 468 | എം.സി.മുഹമ്മദ് | ഹോം അപ്ളയൻസ് |
| 98 | 18/666A4,A5,A6 | 469 | അബ്ദുറഹ്മാൻ.കെ.കെ | ഡ്രൈവിംഗ് സ്കൂൾ |
| 99 | 18/666k | 478 | ആലിക്കോയ.എ.പി | ടെക്സ്റ്റൈൽസ് |
| 100 | 18/666Q | 479 | കണ്ണൻ.കെ.പി | ഹോട്ടൽ ഉസ്താദ് |
| 101 | 18/667S,Q,H | 493 | മനീഷ്.സി.കെ | ഹോട്ടൽ ശ്രീവള്ളി മെസ് |
| 102 | 18/667Y | 494 | മിനീഷ്.സി.കെ | ബാഗ് |
| 103 | 18/669A | 496 | സലീന്ദ്രൻ | റെഡിമെയ്ഡ് |
| 104 | 18/669A1 | 497 | കുമാരൻ.എം.കെ | എം.കെ. വെജിറ്റബിൾസ് |
| 105 | 18/669A6,A7 | 500 | രസിത.കെ.എൻ | ലച്ചൂസ് ടെക്സ്റ്റൈൽസ് |
| 106 | 18/669A26B | 503 | മുസ്തഫ.പി.ടി | ഇ പോയിന്റ് നെറ്റ് കഫെ |
| 107 | 18/669N,O,P,Q,L | 504 | സന്തോഷ്.സി.വി | സൂപ്പർ മാർക്കറ്റ് |
| 108 | 18/669Z | 507 | സരസു.കെ | നാഗാർജ്ജുന ആയുർവേദമരുന്ന് |
| 109 | 18/670G7,8 | 520,521 | ബാബു.എൻ.കെ | മൊബൈൽ ഷോപ് |
| 110 | 18/670T1 | 526 | സിറാജുദ്ദീൻ | തുണിക്കച്ചവടം |
| 111 | 18/671B5 | 532 | രേഖ.എൻ | ബ്യൂട്ടി പാർലർ |
| 112 | 18/671B6,B6 I, | 535,536 | ആഷിഖ് ജൌഹർ | 4ജി മൊബൈൽ വേൾഡ് |
| 113 | 18/671B6 2,671B7,671B7-2 | 537,538,540 | ഫമീഷ് | മൊബൈൽ ഷോപ് |
| 114 | 18/671C2 | 542 | ബിന്ദു.ആർ | ദേവിക ബ്യൂട്ടിപാർലർ |
| 115 | 18/671B8,671D1,D2 | 541,546 | വിനോദൻ.കെ | മണവാട്ടി ഗോൾഡ് കവറിംഗ് |
| 116 | 18/691A | 554 | മുഹമ്മദ്.എ.കെ | മിർലാൻ ഇലക്ട്രിക്കൽസ് |
| 117 | 18/707 | 563 | കൃഷ്ണൻ.ടി | ഫാൻസി |
| 118 | 18/716 | 564 | ഗംഗാധരൻ | ജയലാൽ ഫർണ്ണിച്ചർ |
| 119 | 18/737 | 576 | രജീഷ്.പി.എം | മെറ്റൽ ഇൻഡസ്ട്രീസ് |

| | | | | |
|---|---|---|---|---|
| 120 | 18/751 | 580 | രാജീവൻ.സി.കെ | ടിമ്പർ ട്രേഡിംഗ് |
| 121 | 18/341,348,349 | 581 | ഡോ.സോനസദാനന്ദൻ | ദന്തൽ ക്ളിനിക് |
| 122 | 18/669A6,A7 | 582 | രസിത.കെ.എൻ | തുണിക്കച്ചവടം |
| 123 | 18/671D6 | 583 | സോണിറ്റ്.ടി.പി | പ്ളാൻ, എസ്റ്റിമേറ്റ് |
| 124 | 18/53M11 | 584 | സി.രാജൻ | ജ്വല്ലറി |
| 125 | 18/632 | 585 | നൌഷാദ് | സ്റ്റേഷനറി |
| 126 | 18/518N | 587 | രതീഷ്.കെ.എം | ലേസർകട്ടിംഗ് |
| 127 | 18/569A9 | 588 | നജീം.പി | കമ്പ്യൂട്ടർ ട്രയിനിംഗ് |
| 128 | 18/665A4 | 590 | ഷബീർ.എസ്.എം | മൊബൈൽ സർവ്വീസ് |
| 129 | 18/665A5 | 591 | നിഖിൽകുമാർ.കെ | ടെക്സ്റ്റൈൽസ് |
| 130 | 18/748 | 593 | ശിവദാസൻ | മൊബൈൽ ഷോപ് |
| 131 | 18/306B4,B5 | 594 | റിംജീഷ്.പി | ആർ.ആർ.ട്രേഡേഴ്സ് |
| 132 | 18/705 | 596 | എം.എം.മുഹമ്മദ് | വടകര ട്രേഡേർസ് |
| 133 | 18/343 | 597 | മനോജ് കുമാർ.ടി.പി | കംപ്യൂട്ടർ ഷോപ് |
| 134 | 18/547 | 599 | ഷനൂപ്.കെ | ശോഭ ജ്വല്ലറി |
| 135 | 18/665B6 | 600 | ഷീമ.എൻ.പി | സഫ്രോൺ ബ്യൂട്ടിപാർലർ |
| 136 | 18/290L | 602 | സനില.കെ.സി | ബ്യൂട്ടിപാർലർ |
| 137 | 18/18 | 603 | മുഹമ്മദ്കോയ | മെൻസ് ക്ളബ് റെഡിമെയ്ഡ് |
| 138 | 18/306B3 | 604 | കെ.ദാസൻ | ബ്യൂട്ടിപാർലർ |
| 139 | 18/306B7,B8,B9 | 605 | കെ.ടി.നാരായണി | സൂപ്പർമാർക്കറ്റ് |
| 140 | 18/306B10 | 606 | ദിലീപ്.എ | ബേക്കറി |
| 141 | 18/473 | 609 | രാമചന്ദ്രൻ.കെ.എം | സ്റ്റേഷനറി |
| 142 | 18/290N | 611 | കരുണൻ | പെഗാസസ് കോച്ചിംഗ് സെന്റർ |
| 143 | 18/346 | 612 | ജീജ.കെ.ടി | ഗ്രീൻ കമ്യൂണിക്കേഷൻസ് |
| 144 | 18/489G15,16,17 | 614 | സഫനാസ്.എസ്.പി | ഓക്സിയോ മൊബൈൽസ് |
| 145 | 18/508 | 615 | ഇ.മണിക്കുട്ടൻ | ഇംഗ്ളീഷ് മരുന്നഷോപ് |
| 146 | 18/569A | 616 | വൈശാഖ്.ആർ | സൂപ്പർ മാർക്കറ്റ് |
| 147 | 18/569B13 | 617 | ഷൈമ.എ | ഫാൻസി |
| 148 | 18/569B14 | 618 | ലീന.സി | ബ്യൂട്ടിപാർലർ |
| 149 | 18/569D9,10,11,12,13 | 619 | നജീം.പി | കംപ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് |
| 150 | 18/569C2,3,4 | 620 | ജിപിൻലാൽ | ഡെന്റൽ ക്ളിനിക് |
| 151 | 18/667D,J,K | 622 | അനുപമ.പി.ബി | ഇലക്ട്രോണിക്സ് |
| 152 | 18/569C14 | 624 | റഹീസ്.കെ | ഹോമിയോപ്പതി |
| 153 | 18/440I,L,M | 625 | ബഷീർ | ഹോട്ടൽ |
| 154 | 18/498C3,4,21,22 | 626 | ഗംഗ.എം | ലേഡീസ് വേൾഡ് |
| 155 | 18/313C2,C,C1 | 627,628 | സന്തോഷ് | ലോട്ടറി, മൊബൈൽ ഷോപ്, ബേക്കറി |
| 156 | 18/569C7 | 628 | പ്രശോഭ്.ഇ.കെ | ഫ്ളക്സ് പ്രിന്റിംഗ് |
| 157 | 18/667Q | 630 | ജയശീലൻ | ഹോം അപ്ളയൻസ്, |

| | | | | |
|---|---|---|---|---|
| | | | | മരഉരുപ്പടികൾ |
| 158 | 18/616 | 634 | ആയിഷ.എ.ടി | ഹാർഡ് വെയർ |
| 159 | 18/665C14 | 635 | പ്രബീഷ് കുമാർ | ഡി.ടി.പി |
| 160 | 18/670T2 | 636 | സുഹൈബ്.സി | സെൽവേൾഡ് |
| 161 | 18/569D | 640 | നിതിൻ നപ്പാൽ | ആൽബം പ്രിന്റിംഗ് |
| 162 | 18/569B2,3,4 | 642 | സൂര്യകമാരി.എം | തുണിക്കച്ചവടം |

മറ്റ് വാർഡുകളുടെ കാര്യം കൂടി പരിശോധിക്കുമ്പോൾ ഇപ്രകാരം ഒഴിവാക്കപ്പെട്ടവയുടെ വ്യാപ്തി കൂടുമെന്നകാര്യം വ്യക്തമാണ്.

സി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. നഗരസഭയിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുതയും നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു.

ഡി) ട്രെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും ,തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്ന എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി.സ്റ്റാന്റിംഗ് കമ്മിറ്റി ഒരു ഘട്ടത്തിലും ഇത് സംബന്ധിച്ച അജണ്ട ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്തിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും,നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്.

2) എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ (ചട്ടം കാണുക) ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതും , ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ് .നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്.

3) തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ നാലാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ മൂന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4) ട്രെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

## 2-6 കെട്ടിട നിർമ്മാണ നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല

സ്ഥാപനത്തിലെ കെട്ടിട നിർമ്മാണ നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന്, ടൗൺ പ്ലാനിംഗ് സെക്ഷനിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ നിന്നും വ്യക്തമാകുന്നു. താഴെ പറയുന്ന നിയന്ത്രണ സംവിധാനങ്ങളിൽ അപാകതകളുണ്ട്.

1) സ്ഥാപനത്തിൽ അനുവദിക്കുന്ന പുതിയ പെർമിറ്റുകളുടെ വിവരങ്ങളും, റഗുലറൈസേഷനുള്ള അപേക്ഷകളുടെയും നടപടികളുടെയും വിവരങ്ങളും ഒരേ രജിസ്റ്ററിൽ തന്നെയാണ് നിലവിൽ രേഖപ്പെടുത്തുന്നത്. .കൂടാതെ ഇവ തമ്മിൽ വേർതിരിച്ചറിയാൻ യാതൊരു സൂചനകളും രജിസ്റ്ററിലില്ല.റഗുലറൈസേഷനുള്ള അപേക്ഷകളുടെ വിവരങ്ങൾ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലെ ചട്ടം 146(3) പ്രകാരമുള്ള ഫോറത്തിൽ പ്രത്യേകമായി തയ്യാറാക്കേണ്ടതായിരുന്നു. അപാകതമൂലം രണ്ടിനങ്ങളിലെയും അപേക്ഷകളുടെ എണ്ണം താരതമ്യം ചെയ്ത് കെട്ടിട നിർമ്മാണ രംഗത്തെ നിയമലംഘനങ്ങളുടെ തോത് തിരിച്ചറിയാനോ, ആവശ്യമായ ഇടപെടലുകൾ സ്ഥാപനത്തിന് നടത്താനോ കഴിയുന്നില്ല.

2) പെർമിററ് രജിസ്റ്ററിൽ നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള അപേക്ഷകൾ തിരിച്ചറിയുന്നതിനുള്ള സൂചനകൾ ലഭ്യമല്ല. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ കംപ്ലീഷൻ വിവരം സ്ഥാപനത്തെ അറിയിക്കുന്നതിന് ഉടമയ്ക്ക് താല്പര്യക്കുറവുണ്ടാകുമെന്നതിനാൽ, പെർമിറ്റിന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് കംപ്ലീഷൻ വിവരം ലഭ്യമാക്കാത്ത കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ സ്ഥാപനത്തിന് കഴിയുന്നില്ല. നിർമ്മാണ നിയമലംഘനത്തിനെതിരെ നടപടി സ്വീകരിക്കാൻ കഴിയുന്നില്ല എന്നതിനൊപ്പം കെട്ടിടനികുതി ഇനത്തിൽ വരുമാനനഷ്ടത്തിനും ഇത് വഴിവെക്കുന്നു.

3)കാലാകാലങ്ങളിൽ പെർമിററ് അനുവദിക്കപ്പെടുന്ന എല്ലാ കെട്ടിടങ്ങളും പെർമിറ്റിന്റെ കാലാവധിയ്ക്കുള്ളിൽ കംപ്ലീഷൻ വിവരം ലഭ്യമാക്കുകയോ പുതുക്കുകയോ ചെയ്യുന്നുണ്ടെന്ന് ടൗൺ പ്ലാനിംഗ് ഉറപ്പുവരുത്തുന്നില്ല. ഇത് അനധികൃതനിർമ്മാണത്തിന് വഴിവെക്കുന്നുണ്ട്.

4) ഇഷ്യൂ ചെയ്യുന്ന പെർമിറ്റുകളുടെ വിവരങ്ങൾ സ്ഥാപനത്തിലെ വിവിധ വകുപ്പുകളിലെ ഫീൽഡ് സ്റ്റാഫിന്, പ്രത്യേകിച്ച് ബിൽ കലക്ടർമാർക്ക്, ടൗൺ പ്ലാനിംഗ് സെക്ഷൻ ലഭ്യമാക്കുന്നില്ല. ഇതുകൊണ്ട്തന്നെ നിയമലംഘനം നടത്തിക്കൊണ്ട് നിർമ്മിക്കുന്ന കെട്ടിടനിർമ്മാണത്തിനെതിരെ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ സ്ഥാപനത്തിന് കഴിയുന്നില്ല.അനധികൃതനിർമ്മാണം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ (നിശ്ചിതമാതൃകയിലല്ല) 135 കെട്ടിടങ്ങളുടെ വിവരങ്ങളുണ്ടെന്നതിൽ നിന്നും സമയബന്ധിതമായ ഇടപെടലിന്റെ വ്യാപ്തി കാണാവുന്നതാണ്. കൂടാതെ അനുമതി നല്കിയ കെട്ടിട നിർമ്മാണങ്ങൾ സ്ഥലപരിശോധന നടത്തിയതിൽ, നിയമലംഘനങ്ങൾ നിർമ്മാണ സമയത്ത് നടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.അനുമതി നമ്പർ ബി.എൽ.-291/17 പ്രകാരമുള്ള ശ്രീ. സതീശൻ, 8/444, നമ്പ്രത്ത്കര എന്നവരുടെ കാര്യത്തിൽ കെട്ടിടനിർമ്മാണം നടക്കുന്നത് വിയ്യൂർ വില്ലേജ് ഓഫീസറുടെ 22.5.2017 ലെ 396/2017 , 397/2017 നമ്പർ കൈവശാവകാശ സർട്ടിഫിക്കറ്റുകൾ പ്രകാരം അപേക്ഷകന്റെ കൈവശമുള്ള റി.സർവ്വേ

നമ്പർ 67/11B , 67/7A എന്നിവകളിൽപെട്ട യഥാക്രമം 7 സെന്റ്, 5.54 സെന്റ് ഭൂമികളിലാണ് . ഇതിൽ 7 സെന്റ് ഭൂമിയുടെ തരം തോട്ടവും, 5.54 സെന്റ് ഭൂമിയുടെ തരം നഞ്ചയുമാണ്. അംഗീകരിച്ച കെട്ടിടനിർമ്മാണപ്ലാൻ പ്രകാരം നഞ്ച ഭൂമിയിൽ യാതൊരുവിധ നിർമ്മാണവും അനുവദിച്ചിട്ടില്ല.

എന്നാൽ 1.10.2018 ൽ നഗരസഭ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ താഴെപ്പറയുന്ന വസ്തുതകൾ കണ്ടെത്തി.

(a) അനുവദിച്ച പെർമിറ്റിൽ പെടാത്ത ഒരു ഷെഡ് നിർമ്മാണമാണ് നിലവിൽ പ്ലോട്ടിൽ നടക്കുന്നത്. ജി.ഐ പൈപ്പ്, ബീം എന്നിവ ഉപയോഗിച്ച് 3.6 മീറ്ററോ അതിലധികമോ ഉയരത്തിലാണ് ഷെഡ് നിർമ്മാണം.

(b) നഞ്ച ഭൂമിയായി പ്ലാനിൽ കാണിച്ചിരുന്ന 5.54 സെന്റ് ഭൂമിയുടെ പകുതിയോളം മണ്ണിട്ട് നികത്തിയാണ് ഷെഡ് നിർമ്മാണം . ഈ നടപടി നഗരസഭ നല്കിയ പെർമിറ്റിനും 2008 ലെ നെൽവയൽ - തണ്ണീർത്തട നിയമം/ചട്ടങ്ങൾക്കും വിരുദ്ധമാണ്.

(c) ദേശീയപാതക്ക് തൊട്ടരികിലായി നഗരമദ്ധ്യത്തിൽ തന്നെയാണ് അനധികൃത നിർമ്മാണം എങ്കിലും നഗരസഭാ അധികൃതർ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സമയബന്ധിതമായ റിപ്പോർട്ടിംഗും ഇടപെടലും നടത്തിയിരുന്നെങ്കിൽ ഇത്തരം അപാകതകൾ തടയാമായിരുന്നു.

5) കെട്ടിട നിർമ്മാണ നിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കും വിധത്തിൽ ആവശ്യമായ പരിശോധനകൾ നിശ്ചിത ഇടവേളകളിൽ സ്ഥാപനം നടത്തുന്നില്ല. നഗരത്തിലെ വിവിധ കെട്ടിടങ്ങളുടെ മുകളിലും മറ്റും അനുമതിയില്ലാതെ നിരവധി നിർമ്മാണപ്രവർത്തനങ്ങൾ നടന്നിട്ടും നടപടികൾ സ്വീകരിക്കാത്തതിനുള്ള ഒരു കാരണമിതാണെന്നു കാണാം. നിയമലംഘനത്തിനൊപ്പം അനധികൃതനിർമ്മാണത്തിനുള്ള നികുതി (യഥാർത്ഥനികുതിയും രണ്ടിരട്ടിയും) യിനത്തിൽ വരുമാന നഷ്ടവും സ്ഥാപനത്തിനുണ്ടാകുന്നു.

6) പെർമിറ്റ് നല്കുമ്പോൾ പ്ലാനുകളും സ്ഥലത്തിന്റേതുൾപ്പടെയുള്ള അനുബന്ധ രേഖകളും കൃത്യമായി പരിശോധിക്കുന്നതിൽ ടൗൺ പ്ലാനിംഗ് സെക്ഷന് വീഴ്ച വരുന്നുണ്ടെന്ന് വിവിധ അനുമതി ഫയലുകൾ പരശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി , നമ്പർബി.എൽ.നമ്പർ 140/17 തിയ്യതി 9.9.17 പ്രകാരം നിർമ്മാണ അനുമതി നല്കിയ ശ്രീ കോയാമു. എം, മുരിങ്ങോളി എന്നവരുടെ കെട്ടിടത്തിന് മൂന്ന് നിലകളുണ്ടെങ്കിലും കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 56 (3j) പ്രകാരം തറനിരപ്പിൽ നിന്നും ഇരുനില കവിയുന്ന വാണിജ്യകെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിശമനസേന ഡയറക്ടറിൽ നിന്ന് ഒരു അംഗീകാരസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്ന നിബന്ധന പാലിക്കാതെ അനുമതി നല്കി. കൂടാതെ മേൽചട്ടങ്ങൾ, ചട്ടം42 പ്രകാരമുള്ള അഗ്നിരക്ഷാ കോണിപ്പടി ഇവിടെ സ്ഥാപിച്ചിട്ടുമില്ല.

7) ഓരോ വർഷവും പൂർത്തീകരിക്കുന്ന പുതിയ കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ സ്ഥാപനം സൂക്ഷിക്കുന്നില്ല. ഇതുകൊണ്ട് തന്നെ ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച കെട്ടിടങ്ങളെല്ലാം തന്നെ കെട്ടിട നികുതി നിർണ്ണയത്തിന് വിധേയമായി എന്നും അവ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടുവെന്നും ഉറപ്പുവരുത്താൻ സ്ഥാപനത്തിന് കഴിയുന്നില്ല. നിലവിൽ പെർമിററ് രജിസ്റ്ററിൽ മാത്രമാണ് കംപ്ലീഷൻ രേഖപ്പെടുത്തുന്നത്. വർഷങ്ങൾക്ക് മുമ്പ് നല്കിയ പെർമിററ് പ്രകാരമുള്ള നിർമ്മാണം പൂർത്തീകരിക്കപ്പെടുമ്പോൾ ആ വർഷത്തെ പെർമിററ് നമ്പരിനു നേരയാണ് ഇക്കാര്യം രേഖപ്പെടുത്തുന്നത് എന്നതിനാൽ, ഓരോ വർഷവും പൂർത്തീകരിച്ച കെട്ടിടങ്ങളുടെ വിവരം ലഭ്യമാകുന്നതിന് പ്രയാസം നേരിടുന്നുവെന്നു കാണാം. വരുമാനനഷ്ടത്തിനും ഇടയാക്കുന്ന നിയന്ത്രണ സംവിധാനത്തിലെ വീഴ്ച അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിക്കാൻ മേൽനോട്ട സംവിധാനമായ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കഴിഞ്ഞിട്ടില്ല. ഇത്തരം വീഴ്ചകൾ കമ്മിറ്റിയുടെ ശ്രദ്ധയിൽ പോലും പതിഞ്ഞിട്ടില്ലെന്ന്, ഇക്കാര്യത്തിൽ അജണ്ടകളോ തീരുമാനങ്ങളോ ചർച്ചകളോ ഉണ്ടായിരുന്നില്ലെന്നതിൽ നിന്നും വ്യക്തമാകുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉടനടി നടപ്പിലാക്കേണ്ടതാണ് .

എ) പെർമിററ് രജിസ്റ്ററും റഗുലറൈസേഷൻ രജിസ്ററും ചട്ടപ്രകാരമുള്ള വ്യത്യസ്ത ഫോറങ്ങളിൽ സൂക്ഷിക്കേണ്ടതാണ്.

ബി) കൂട്ടിച്ചേർക്കലിനുള്ള പെർമിററുകൾ നല്കുന്ന സംഗതികളിൽ ഇക്കാര്യം പ്രത്യേകമായി രജിസ്റ്ററിൽ രേഖപ്പെടുത്താവുന്നതും, കാലാവധി തീരുന്ന മുറയ്ക്ക് അന്വേഷണം നടത്തി അനധികൃതനിർമ്മാണം നടന്നോയെന്ന് പരിശോധിക്കേണ്ടതുമാണ്.

സി) നാളിതുവരെ പെർമിററ് അനുവദിച്ചതും കാലാവധി കഴിഞ്ഞിട്ടും പുതുക്കുകയോ കംപ്ലീഷൻ നല്കുകയോ ചെയ്യാത്ത എല്ലാ പെർമിററുകളുടെയും കാര്യത്തിൽ അടിയന്തിരമായി അന്വേഷണം നടത്തി നിജസ്ഥിതി കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി) ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

ഇ) ക്രമനം 4,6 എന്നിവയിൽ സൂചിപ്പിച്ച പെർമിററുകളുടെ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എഫ്) സ്ഥാപനപരിധിയിൽ മുഴുവൻ പരിശോധന നടത്തി പെർമിററില്ലാതെയുള്ള നിർമ്മാണങ്ങൾ കണ്ടെത്തി ക്രമവൽക്കരിക്കുകയോ അല്ലാത്തവ പൊളിച്ചുമാറ്റുകയോ ചെയ്യേണ്ടതാണ്. പൊളിച്ചു മാറ്റുന്നതുവരെ അനധികൃതനിർമ്മാണത്തിനുള്ള നമ്പർ നല്കി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി നിശ്ചിത നിരക്കിലുള്ള നികുതി ഈടാക്കേണ്ടതാണ്.

ജി) അനധികൃത നിർമ്മാണം കണ്ടെത്തുന്നതിനായി അനുവദിക്കുന്ന പെർമിററുകളുടെ വിവരം സ്ഥാപനത്തിലെ ഫീൽഡ് സ്റ്റാഫിന് നൽകേണ്ടതും ,ഇത്തരം നിർമാണങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം അവരിൽ നിക്ഷിപ്തമാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തി ഫലപ്രാപ്തി ഉൾപ്പടെയുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 2-7 വാടകയ്ക്ക് നല്കാവുന്ന കെട്ടിട ആസ്തികളെ കുറിച്ച് വ്യക്തതയില്ല-കെട്ടിടങ്ങൾ വാടകയ്ക്ക് നല്കുന്നതിൽ അപാകതകൾ

നഗരസഭയുടെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപറയുന്ന കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാൻ നിർമ്മിക്കപ്പെട്ടതാണെന്ന് കാണുന്നു.

a) ഫിഷ് മാർക്കറ്റ് ബിൽഡിങ്ങ്

b) പുതിയ ബസ് സ്റ്റാന്റ് അനക്സ് ബിൽഡിംഗ്.

c) പുതിയ ബസ് സ്റ്റാന്റ് ബിൽഡിംഗ്.

d) പുതിയ ബസ് സ്റ്റാന്റ് - കുടുംബശ്രീ ബിൽഡിംഗ്.

e) സാംസ്കാരിക നിലയം.

എന്നാൽ കെട്ടിടങ്ങളുടെ വാടക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കാത്തതിനാൽ മേൽകെട്ടിടങ്ങളിൽ എത്ര മുറികൾ ഉണ്ട്, ഇവയിലേതൊക്കെ വാടകയ്ക്ക് നൽകി, ഇതിന് പുറമേ നഗരസഭയിൽ മറ്റേതെങ്കിലും ബിൽഡിങ്ങുകൾ/റൂമുകൾ വാടകയ്ക്ക് നൽകാൻ പര്യപ്തമായത് ഉണ്ടോ എന്നീ കാര്യങ്ങളിൽ യാതൊരു വ്യക്തതയുമില്ല. കൂടാതെ വാടകയിനത്തിലെ പിരിവിന്റെ പുരോഗതി, കുടിശ്ശിക പിരിവന്റെ നിജസ്ഥിതി (വാടക കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വാടകയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട കുടിശ്ശികകൾ കാലഹരണപ്പെടാതെ ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്) എന്നിവ സംബന്ധിച്ചും അവ്യക്തത നിലനില്ക്കുന്നു. ആകെ എത്ര മുറികൾ വാടകയ്ക്ക് നല്കാൻ പര്യപ്തമായതുണ്ടെന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വ്യക്തമായ മറുപടി നല്കാൻ സ്ഥാപനത്തിനായിട്ടില്ല. കൂടാതെ താഴെ പറയുന്ന അപാകതകളും കെട്ടിട വാടകയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു.

1) മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും, ഇതിന് സർക്കാരിൽനിന്ന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല. സർക്കാർ അംഗീകരിക്കാത്ത ബൈലോ ഉപയോഗിച്ചാണ് നിലവിൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിവരുന്നത്.

2). ടൗൺഹാൾ ഷോപ്പിംഗ് കോംപ്ലക്സിൽ 20 മുറികളാണ് ഉള്ളത് ഇത് 10.02.2011ന് ലേലംചെയ്ത് കൊടുക്കുകയും ലേലം കൊണ്ടവർ ഡെപ്പോസിറ്റ് തുക അടയ്ക്കുകയും എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിത് വരെയായി മുറികൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതിനാൽ വാടകയിനത്തിൽ നഗരസഭയ്ക്ക് വൻതുക നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. എസ്.സി.വിഭാഗത്തിന് സംവരണം ചെയ്ത മുറി ഇതുവരെയായി ലേലം ചെയ്തിട്ടില്ല എന്നതും പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു.കെ യു ആർ ഡി എഫ് സി യിൽ നിന്നും വൻതുക ലോണെടുത്ത് നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിൽ നിന്നും വരുമാനമാർജ്ജിക്കുന്നില്ല എന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇവിടെ നിലനിൽക്കുന്നു. കെട്ടിടങ്ങൾ തുറന്നു പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3) ഓഡിറ്റ് വർഷത്തിൽ കരാർ കാലാവധി കഴിഞ്ഞ ചില മുറികളുടെ കരാർ പുതുക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ കൈവശം എത്ര മുറികളുടെ കരാർ പുതുക്കാനുണ്ടെന്നതിന് കൃത്യമായ കണക്കില്ല. കരാർ പുതുക്കുന്നതിന് നഗരസഭ രേഖാമൂലം ലൈസൻസികളോട് ആവശ്യപ്പെടുന്നില്ല, മറിച്ച് ലൈസൻസികൾ സ്വമേധയാ നഗരസഭയോട് ആവശ്യപ്പെടുന്ന അവസ്ഥയാണുള്ളത്.

4) പുതുക്കിപ്പണിയുന്ന പഴയ ബസ് സ്റ്റാന്റിലെ വാടകക്കാരായ ലൈസൻസികളെ പുനരധിവസിപ്പിക്കുന്നതിന് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള സ്റ്റേഡിയം കോംപ്ലക്സിലെ 20 മുറികൾ നഗരസഭ വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഇതിന് സ്പോർട്സ് കൗൺസിലുമായി എഗ്രിമെൻറ് വെച്ചിട്ടുണ്ട്. ഇതിൽ 5 റൂമുകൾ കൊയിലാണ്ടിയിൽ പുതിയതായി ആരംഭിച്ച ഫയർസ്റ്റേഷന് നൽകിയിട്ടുണ്ട്. ഇതിന്റെ വാടക പ്രതിമാസം ഒരു റൂമിന് 2750/- രൂപയാണ്. ഇപ്പോൾ ഇത് നൽകി വരുന്നത് നഗരസഭയാണ്. ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ട്മെന്റ്മായി ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നതിനുള്ള രേഖകളൊന്നും പരിശധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) അപൂർണ്ണമായ ഡിമാൻറ് രജിസ്റ്റർ പ്രകാരം ഓഡിറ്റ് വർഷം ചില ലൈസൻസികൾ വാടകയിനത്തിൽ അടയ്ക്കാനുള്ള മുഴുവൻതുകയും അടച്ചതായി കാണുന്നില്ല. വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 396352/-രൂപ ലഭിക്കാനുണ്ട് (വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു). എന്നാൽ വാർഷിക കണക്ക് പ്രകാരം ഇത് 261081/- രൂപ മാത്രമാണ് വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. വാടകയൊടുക്കാൻ ബാക്കിയായവരുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ലൈസൻസിയുടെ പേര് | റൂം നമ്പർ | വാടക അടയ്ക്കാത്ത കാലയളവ് | ഈടാക്കേണ്ട വാടക |
|---|---|---|---|---|
| 1 | പി.പി.സജിത്ത് | 18/497 b2 | 2/18, 3/18 | 6048/- |
| 2 | ബാലഗോപാലൻ | 18/492C1 | 3/18 | 11374 |
| 3 | സമീർ | 18/498 A2 | 3/18 | 5836/- |
| 4 | ഗണേശൻ | 18/498,A5,A6 | 3/18 | 6530/- |
| 5 | ദിലീപ് കൊല്ലാറ | 18/498A7 | 3/18 | 6435/- |
| 6 | മിനി അശോക് | 18/498A8 | 3/18 | 7555/- |
| 7 | രാമദാസൻ | 18/498A8 | 3/18 | 6508/- |
| 8 | സമീർ | 18/498A8 | 3/18 | 29173/- |
| 9 | മീനാക്ഷി | 18/498A8 | 3/18 | 5000/- |
| 10 | കാസിം,അഷ് റഫ് | 18/498A8 | 3/18 | 6508/- |

| | | | | |
|---|---|---|---|---|
| 11 | ഷാഹിദ് ഫസീല | 18/498A8 | 3/18 | 2917/- |
| 12 | സഫീർ | 18/498A8 | 3/18 | 2917/- |
| 13 | അഷ് റഫ് | 18/498A8 | 3/18 | 6048/- |
| 14 | രമേശ്ബാബു | 18/498A8 | 3/18 | 2917/- |
| 15 | അശോകൻ, അരിയിൽ | 18/498A8 | 3/18 | 2917/- |
| 16 | പ്രകാശൻ. സി.പി. | 18/498A8 | 2/18,3/18 | 5834/- |
| 17 | സരോജ | 18/498A8 | 3/18 | 1042/- |
| 18 | രേഷ്മ | 18/498A8 | 3/18 | വാടക രേഖപ്പെടുത്തിയിട്ടില്ല |
| 19 | സുരേഷ് ബാബു | 19/182A5 | 3/18 | 5743/- |
| 20 | ശ്യാമള | 19/182A5 | 2/18,3/18 | 6946/- |
| 21 | സതി | 19/182A5 | 2/18,3/18 | 1000/- |
| 22 | മഞ്ജുള | 19/182A5 | 12/17 മുതൽ 3/18 വരെ | 2780/- |
| 23 | ആനന്ദൻ | 19/182A5 | 2017-18 | 8340/- |
| 24 | പത്മനാഭൻ | 19/182A5 | 11/17 മുതൽ 3/18 വരെ | 3600/- |
| 25 | ഹമീദ് വി.കെ | 19/182A5 | 3/18 | 3674/- |
| 26 | ഹമീദ് വി.കെ | 19/182A5 | 3/18 | 1837/- |
| 27 | ഹമീദ് വി.കെ | 19/182A5 | 3/18 | 1837/- |
| 28 | അബ്ദുല്ല.എം.കെ | 19/182A5 | 3/18 | 1837/- |
| 29 | ഇന്ദുലാൽ | 19/182A5 | 12/17 മുതൽ 3/18 വരെ | 7680/- |

| | | | | |
|---|---|---|---|---|
| 30 | സതീഷ് കുമാർ | 19/182A5 | 3/18 | 4376/- |
| 31 | യൂനസ് ഷെരീഫ് | 19/182A5 | 3/18 | 3334/- |
| 32 | ഗംഗാധരൻ | 19/182A5 | 2017-18 | 42672/- |
| 33 | ഗോപാലൻ | 19/182A5 | 11/17 മുതൽ 3/18 വരെ | 3750/- |
| 34 | കുമാരൻ മാസ്റ്റർ | 19/182A5 | 2017-18 | 6000/- |
| 35 | ബഷീർ | 19/182A5 | 12/17 മുതൽ 3/18 വരെ | 2644/- |
| 36 | സരള | 19/182A5 | 2017-18 | 8640/- |
| 37 | സ്വപ്നേഷ്.എസ് | 25/406G | 3/18 | 7032/- |
| 38 | മണി.ടി.കെ | 25/406G | 2017-18 | 34020/- |
| 39 | ഗണേശൻ.കെ | 25/406G | 3/18 | 4464/- |
| 40 | ഗണേശൻ | 25/406G | 3/18 | 4463/- |
| 41 | ഡോ.അനൂപ് കൃഷ്ണ | 25/406G | 3/18 | 3024/- |
| 42 | ശ്രീജിത്ത്.സി. | 25/406G | 12/17 മുതൽ 3/18 വരെ | 12096/- |
| 43 | നൗഫൽ | 25/406G | 3/18 | 2778/- |
| 44 | ജിതേഷ് | 25/406G | 2017-18 | 27780/- |
| 45 | കൃഷ്ണൻ | 25/406G | 7/17 മുതൽ 3/18 വരെ | 27216/- |
| 46 | സുജിത്ത് | 25/406G | 3/18 | 2880/- |
| 47 | മോഹനൻ | 25/406G | 8/17 മുതൽ 3/18 വരെ | 32000/- |

| | | | | |
|---|---|---|---|---|
| 48 | ഗണേശൻ | 18/498 a6 | 3/18 | 6350/- |
| | ആകെ | | 396352/- | |

മേൽ അപാകതകൾ നിലനില്ക്കുമ്പോൾ, മറ്റ് വരുമാനമാർഗ്ഗങ്ങളുടെ കാര്യത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതു പോലെ, അവ പരിഹരിക്കുന്നതിനായി സ്ഥാപനത്തിലെ മേൽനോട്ട സ്ഥാനങ്ങളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥരോ, പൂർണ്ണമായ മേൽനോട്ട സംവിധാനമായ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയോ യാതൊരുവിധ ഇടപെടലുകളും നടത്തിയിട്ടില്ല. വായ്പയെടുത്ത് നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ പോലും ഇടപെടലുകളില്ലാത്തത് ഗൗരവമായി കാണേണ്ടതുമാണ്. മേൽ അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. കൂടാതെ ഭാവിയിൽ വാടകയിനത്തിലെ വരുമാന ചോർച്ച പരിഹരിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1)വാടകയ്ക്ക് നല്കാൻ പര്യപ്തമായ എല്ലാ കെട്ടിടങ്ങളും തിരിച്ചറിഞ്ഞ് അവ കെട്ടിടവാടകയുടെ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും നിലവിൽ വാടകയ്ക്ക് നല്കാത്തവ ലേലം ചെയ്ത് നൽകേണ്ടതുമാണ്.

2) മേല്പറഞ്ഞ തരത്തിൽ ഡിമാന്റ് രജിസ്റ്റർ പൂർണ്ണമാക്കി കുടിശ്ശിക ഉൾപ്പടെ പിരിച്ചെടുക്കാനുള്ള തുകയുടെ കൃത്യത ഉറപ്പുവരുത്തി തുക ഈടാക്കേണ്ടതാണ്.

3)ബൈലോയ്ക്ക് അടിയന്തിരമായി സർക്കാർ അംഗീകാരം തേടേണ്ടതും ഇനിയങ്ങോട്ടുള്ള മുറികളുടെ കൈമാറ്റം ഇത് അടിസ്ഥാനപ്പെടുത്തിയാകേണ്ടതുമാണ്.

4) കരാർ പുതുക്കേണ്ടതു സംബന്ധിച്ച കൃത്യമായ വിവരങ്ങൾ തയ്യാറാക്കേണ്ടതും സമയാസമയങ്ങളിൽ ഇത് പുതുക്കാതെ മുറികൾ കൈവശം വയ്ക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ് .

5) ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ട്മെന്റിനായി നല്കിയ 5 മുറികളുടെ കാര്യത്തിൽ വ്യവസ്ഥകൾ സംബന്ധിച്ച് വ്യക്തത വരുത്തി അതനുസരിച്ച് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 2-8 സേവന നികുതി ഈടാക്കുന്നില്ല

01.07.2017 തീയതി പ്രാബല്യത്തിൽ ചരക്ക് സേവന നികുതി നിലവിൽ വന്നതിനാൽ പരസ്യനികുതി, വിനോദ നികുതി എന്നീ സ്രോതസ്സുകളിൽ നിന്നുമുള്ള വരുമാനം നിലച്ചിരിക്കുകയാണ്. 2016-17 ൽ സ്ഥാപനത്തിന് ഈ ഇനത്തിൽ 2810189 രൂപ വരവുണ്ടായിരുന്നു (വാർഷിക കണക്കിലെ RP-1 പ്രകാരം ). തനത് വരുമാന സ്രോതസ്സുകൾ നഷ്ടപ്പെടുന്ന സാഹചര്യം മുൻനിർത്തി പുതിയ വിഭവ സ്രോതസ്സുകൾ കണ്ടെത്തേണ്ടത് സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണ്.

2011 ലെ കേരളമുനിസിപ്പാലിററി (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും )ചട്ടങ്ങൾ,ചട്ടം 26(1) പ്രകാരം ഒരു മുനിസിപ്പാലിറ്റി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 235 വകുപ്പുപ്രകാരം സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽനിന്നും പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് പുതിയസേവനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ചട്ടം 26(2) പ്രകാരം ഇത്തരത്തിലുള്ള സേവനം ലഭ്യമല്ലാത്ത കെട്ടിടങ്ങളെ അതത് സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതുമാണ്. നിലവിൽ സ്ഥാപനം സേവന നികുതി ഈടാക്കുകയോ സേവന ഉപനികുതി ചുമത്തുന്നതിന് തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല.

സ്ഥാപന തലത്തിൽ നടപടികൾ കൈക്കൊണ്ട് പരിഹരിക്കേണ്ടത്.

2017-18 വർഷത്തിൽ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളുടെ പരിപാലനം എന്നീ സേവനങ്ങൾക്കായി സ്ഥാപനം 6709913 രൂപ ചെലവഴിച്ചിട്ടുണ്ട്. സേവനങ്ങളുടെ ഗുണമേന്മയും വിസ്തൃതിയും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനത്തിന്റെ സാമ്പത്തിക സുരക്ഷിതത്വത്തിനും സേവന ഉപനികുതി ഏർപ്പെടുത്തുന്നത് ഗുണകരമാവുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭരണ സമിതി മേൽ വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

## 2-9 നഗരസഭ രജിസ്ട്രേഷനില്ലാതെ ട്യൂഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു

കൊയിലാണ്ടി നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി-4/24-09-2018 നമ്പർ മറുപടിയുടേയും, ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിന്റേയും അടിസ്ഥാനത്തിൽ താഴെ കാണിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്യാതെയാണ് പ്രവർത്തിക്കുന്നത്. വിശദാംശം ചുവടെ:

| | വാർഡ്/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 19/106D1,D2 | ഷിജി.പി | എക്സലന്റ് അക്കാദമി |
| 2 | 24/210C1,C2,C3 | സരിൻ രവി | IMCIT |

| | | | |
|---|---|---|---|
| 3 | 25/534 | സുനീർ.കെ.കെ | സക്സസ് അക്കാദമി |
| 4 | 18/286E | പ്രകാശൻ.എൻ.എം | ട്രെയിനിംഗ് സെന്റർ |
| 5 | 18/290 | കരുണൻ | പെഗാസസ് കോച്ചിംഗ് സെന്റർ |
| 6 | 18/569A9 | നജീം.പി | ഇ സോൺ |
| 7 | 569/A10 | ദിവ്യ.എസ് | പ്രൊമിസ് എൻട്രൻസ് പരിശീലനകേന്ദ്രം |
| 8 | 19 | | എയിംസ് പി.എസ്.സി കോച്ചിംഗ് സെന്റർ |

1999ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭാ പരിധിക്കുള്ളിൽ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല എന്നിരിക്കെ മേൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ചു കൊണ്ടിരുന്നത് നഗരസഭയുടെ ജാഗ്രതക്കുറവിനെയാണ് കാണിക്കുന്നത്. ഇത്തരം ചട്ട ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് കാര്യക്ഷമമായ പങ്ക് വഹിക്കുകയുണ്ടായിട്ടില്ല. ഈ വീഴ്ചകൾ പരിഹരിക്കുന്നതിനാ വശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷ നൽകേണ്ടതാണ്. ചട്ടം 3(2)പ്രകാരം 300/-രൂപ ഫീസ് ഈടാക്കി ചട്ടം3(3) പ്രകാരം കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ചാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടത്. ചട്ട ലംഘനം നടത്തി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 അക്കൗണ്ടുകളുടെ പരിപാലനത്തിലെ അപാകതകൾ.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 565(എഫ്),(ജി) എന്നിവ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം അക്കൗണ്ടുകൾ പരിപാലിക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ 4343001100000019 നമ്പറായുള്ള തനത് ഫണ്ട് അക്കൗണ്ടിന്റെ പാസ്ബുക്ക്, ബാങ്ക്ബുക്ക് എന്നിവ പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ താരതമ്യം ചെയ്തതിൽ അവ തമ്മിൽ വലിയ വ്യത്യാസം നിലവിലുള്ളതായി കാണുന്നു.

| അടിസ്ഥാനമാക്കിയ രേഖ | സാംഖ്യ ബാങ്ക് ബുക്ക് | പാസ് ബുക്ക് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 18550953.67 | 1349759.24 | 17201194.43 |
| നീക്കിയിരിപ്പ് | 10753928.67 | 1671518.21 | 9082410.46 |

അക്കൗണ്ടിന്റെ പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതിനാലും ജേണൽ ബുക്ക് പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും മുന്നിരിപ്പ് , നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. വ്യത്യാസം വരുന്ന തുക ഫ്രീസ് അക്കൗണ്ടിൽ നിക്ഷേപമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നാണ് അക്കൗണ്ടന്റ് വാക്കാൽ അറിയിച്ചിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-1 ൽ വാർഷിക കണക്കിലെ അപാകതകളായി പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല. ഖണ്ഡിക 2-1 ലെ ക്രമ നമ്പർ 6 പ്രകാരം പരാമർശിച്ചിട്ടുള്ള 45 ചെക്കുകളുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. റിക്കൺസിലിയേഷൻ നടത്താത്തതിനാൽ പ്രസ്തുത ചെക്കുകൾ പണമാക്കപ്പെട്ടിട്ടുണ്ടോ എന്ന വസ്തുതയും പരിശോധിക്കാനായിട്ടില്ല. മേൽ ഖണ്ഡികയിൽ ക്രമ നമ്പർ 7 ആയി പരാമർശിച്ചിട്ടുള്ള ഹരിതനഗരം പദ്ധതിയുടെ ഭാഗമായി ലഭ്യമായിട്ടുള്ള 1000000 രൂപ അക്കൗണ്ടിൽ വകയിരുത്തിയതിന്റെ വിശദാംശവും സ്ഥാപനത്തിൽ നിന്നും ലഭ്യമായിട്ടില്ല.

3. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 റൂൾ 6,7,8,9 എന്നിവ പ്രകാരം നിർബന്ധമായും സൂക്ഷിക്കേണ്ട ബാങ്ക്ബുക്ക്, ജേർണൽ ബുക്ക്, ജനറൽ ലഡ്ജർ, സബ്ബ് ലഡ്ജർ രജിസ്റ്ററുകൾ തയ്യാറാക്കുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല.

4. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 റൂൾ 54 പ്രകാരം അക്കൗണ്ട്സ് ഓഫീസർ കാഷ് ബുക്ക്,ബാങ്ക് ബുക്ക് എന്നിവ തയ്യാറാക്കി ക്ലോസ് ചെയ്യേണ്ടതാണ്. ദിവസം, മാസം, അർദ്ധവർഷം, സാമ്പത്തിക വർഷാന്ത്യം എന്നീ സമയ പരിധികളിൽ അക്കൗണ്ട്സ് ഓഫീസർ കണക്കുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് പൊരുത്തപ്പെടുത്തലുകൾ വരുത്തേണ്ടതും ഇത്തരം പരിശോധനകൾ നടത്തപ്പെട്ടു എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്. ഇത്തരം പരിശോധനകൾ നടത്തിയതായി കാണുന്നില്ല.

5. നഗരസഭയിലെ അക്കൗണ്ടുകൾ സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയാണ് കൈകാര്യം ചെയ്യപ്പെടുന്നതെങ്കിലും കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്)

ചട്ടങ്ങൾ 2007 റൂൾ 12 പ്രകാരം സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകളോ രജിസ്റ്ററുകളോ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

1. ക്രമ നമ്പർ 3, 4, 5 എന്നിവ പ്രകാരം പരാമർശിച്ചിട്ടുള്ള അപാകതകൾ 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-3 ൽ പരാമർശിച്ചിട്ടുള്ളതാണ്. 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-1, 2-3 എന്നിവയിലും 11.09.2018 തീയതിയിലെ കെ.എസ്.എ.കെ.കെ.ഡി.ഇ2/1111/18(84) നമ്പറായുള്ള 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഓഡിറ്റ് സാക്ഷ്യപത്രത്തിലും പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 പ്രകാരം സെക്രട്ടറിയിലും അക്കൗണ്ടന്റിലും നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള കടമകൾ കൃത്യമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതും മാസാന്ത്യ വരവ് ചെലവ് കണക്കുകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-11 ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ലേലം - അപാകതകൾ

നഗരസഭയിലെ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന്റെ ലേല ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾചുവടെ ചേർക്കുന്നു.

ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന്റെ ലേലം 08.02.2017 ന് നടന്നു. പ്രസാദ്, വലിയ വയൽകനി (വീട്) കൊല്ലം (പി.ഒ) എന്നയാൾ 603000/- രൂപയ്ക്ക് ലേലം എടുക്കുകയും നഗരസഭയുമായി എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നഗര സഭ 24.02.2017 ന് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി മേൽ കെട്ടിടം പൊളിക്കുകയും റിപ്പയർ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 21.08.2017 ന് തുറന്ന് കൊടുക്കുകയും ചെയ്തു.ഇതിനാൽ നാല് മാസം ഇരുപത് ദിവസം കംഫർട്ട് സ്റ്റേഷൻപ്രവർത്തിച്ചിരുന്നില്ല. ലേലം കൊണ്ടയാൾ വാടകയിനത്തിൽ 301500/- രൂപ നഗരസഭയിൽ അടച്ചിട്ടുണ്ട്. ബാക്കിതുക അടയ്ക്കാനാവശ്യപ്പെട്ട് നോട്ടീസ് അയച്ചെങ്കിലും (നോട്ടീസ് നം.ആർ2/2392/90/18.01.2018) നാളിത് വരെ ബാക്കിതുക അടച്ചിട്ടില്ല. നോട്ടീസ് അയച്ചതിനെ തുടർന്ന് നഗരസഭയ്ക്കെതിരെ ടിയാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. (കേസ് നം.app no.159/2018 dt.12.03.2018)

പൊതുമരാമത്ത് സ്റ്റാൻറിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ കംഫർട്ട് സ്റ്റേഷൻ പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കംഫർട്ട് സ്റ്റേഷന്റെ പ്രവർത്തനം താല്ക്കാലികമായി നിർത്തിവെക്കുന്നത് സംബന്ധിച്ചോ, നിലവിലുള്ള കംഫർട്ട് സ്റ്റേഷൻ കെട്ടിടം പൊളിക്കുന്നത് സംബന്ധിച്ചോ തീരുമാനങ്ങളൊന്നും എടുത്തതായി കാണുന്നില്ല. പൊളിച്ചുമാറ്റുന്ന വിവരം ലേലം കൊണ്ടയാളെ മുൻകൂട്ടി നോട്ടീസ് മഖേന നഗരസഭ അറിയിച്ചിട്ടില്ല. വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ ഇത് സംബന്ധിച്ച പ്രവർത്തനങ്ങളിൽ നഗരസഭ കൈകൊണ്ടിട്ടില്ല.

ആസൂത്രണത്തിലെ പിഴവ്, നടപടി ക്രമങ്ങളിലെ വീഴ്ച എന്നിവ കാരണം നഗരസഭ അനാവശ്യമായ വ്യവഹാരങ്ങളിലേക്ക് പോകേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതു മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം നടന്നില്ല

നിർവ്വഹണം ഉദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

സ്ഥാപനത്തിന്റെ അധികാരമേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ ആകെ 165 പുതിയ പ്രൊജക്റ്റുകൾ പൊതുമരാമത്ത് മേഖലയിൽ മുനിസിപ്പൽ എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്റ്റുകൾ കൂടി പരിഗണിക്കുമ്പോൾ ആകെ പ്രൊജക്റ്റുകളുടെ എണ്ണം 224 ആണ്. ഇവ നിർവ്വഹിക്കുന്നതിന് വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 14.3 കോടി രൂപയിൽ 5.37 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. പുതിയ പ്രൊജക്റ്റുകളിൽ 103 എണ്ണത്തിന് തുകയൊന്നും വിനിയോഗിക്കാൻ കഴിയാതെ വന്നപ്പോൾ സ്പിൽ ഓവർ പ്രൊജക്റ്റുകളുടെ കാര്യത്തിൽ ഇത് 11 എണ്ണം വരുന്നുണ്ട്. വകയിരുത്തിയതിൽ വിനിയോഗിക്കാൻ കഴിയാതെ വന്ന ഒൻപത് കോടിയോളം വരുന്ന തുകയിൽ 8.53 കോടി രൂപ വികസനഫണ്ട് (2.12 കോടി) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (4.08 കോടി) ലോകബാങ്ക് ധനസഹായം (6.27 ലക്ഷം) മെയിന്റനന്റ്സ് ഗ്രാന്റ് റോഡിതരം (1.14കോടി) മെയിന്റനന്റ്സ് ഗ്രാന്റ് റോഡ് (1.12 കോടി) എന്നീ ഇനങ്ങളിലായി സ്ഥാപനത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽസ്ഥിതിവിശേഷവും തമ്മിലുള്ള വൻവിടവ്, നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു.പ്രൊജക്റ്റുകളുടെ അംഗീകാരം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള പ്രക്രിയയിൽ താഴെ പറയുന്ന ഘട്ടങ്ങളിൽ പ്രശ്നങ്ങൾ സംഭവിച്ചിട്ടുണ്ട്.

1)വാർഷിക പദ്ധതിയ്ക്ക് ഡിപിസി അംഗീകാരം ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുവരെ വന്ന കാലതാമസം.

2) എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നതിൽ വന്ന കാലതാമസം.

3) സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ കരാറുകാരെ /നിർവ്വഹണ ഏജൻസിയെ ഏല്പിക്കുന്നതിൽ വന്ന കാലതാമസം

എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 165 പുതിയ പദ്ധതികളിൽ 159 എണ്ണത്തിന് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ കരാർ വെച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കരാർ വച്ച 159 പദ്ധതികൾ തന്നെ ഉടമ്പടി ഒപ്പുവയ്ക്കാൻ 10.08.17 മുതൽ 31.3.18 വരെയുള്ള കാലയളവ് വേണ്ടി വന്നു. ഇതിന്റെ നാൾവഴി താഴെ കൊടുക്കുന്നു.

| ക്രമ നം | മാസം | ആകെ വച്ച കരാറുകൾ |
|---|---|---|

| | | |
|---|---|---|
| 1 | ആഗസ്റ്റ് | 2 |
| 2 | നവംബർ | 25 |
| 3 | ഡിസംബർ | 9 |
| 4 | ജനവരി | 46 |
| 5 | ഫെബ്രുവരി | 28 |
| 6 | മാർച്ച് | 49 |

123 പദ്ധതികൾക്ക് കരാർ വച്ചത് അവസാന 3 മാസങ്ങളിലാണെന്ന് കണക്കുകൾ കാണിക്കുന്നു.ഇതിൽ തന്നെ 49 എണ്ണം മാർച്ചിലും, മാർച്ചിൽ കരാർ വച്ചതിൽ 32 എണ്ണം അവസാന 4 പ്രവൃത്തി ദിവസങ്ങളിലുമാണ്. 75 ശതമാനത്തോളം പുതിയ പ്രവൃത്തികൾ ഓഡിറ്റ് വർഷത്തിൽ പൂർത്തികരിച്ച് തുക ചെലവഴിക്കാനാവില്ലെന്ന വ്യക്തമായ ധാരണ ജനവരി മാസത്തിൽ തന്നെ സ്ഥാപനത്തിനുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

വാർഷിക പദ്ധതിയ്ക്ക് ഡി പി സി അംഗീകാരം ലഭിച്ച ഉടൻ പ്രൊജക്ടുകൾക്ക് വെറ്റിംഗ്/സാങ്കേതികാനുമതി ലഭിക്കുന്നതിനായി അവ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സമർപ്പിക്കണമെന്ന ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തത് നിലവിലെ സ്ഥിതിവിശേഷത്തിന് ഒരു കാരണമായതായി കാണാം. പരിമിതമായ ജീവനക്കാർ മാത്രം ലഭ്യമായിരിക്കെ നിർവ്വഹിക്കാൻ കഴിയുന്നതിനപ്പുറം പ്രൊജക്ടുകൾ തയ്യാറാക്കിയതും മേൽ സ്ഥിതിവിശേഷത്തിന് കാരണമായി.

പ്രൊജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തിക വർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകും വിധം ഇടപെടലുകൾ നടത്തിയിട്ടില്ല. ഒരു യോഗത്തിലും നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുവാനും ശ്രമം നടന്നിട്ടില്ല.ഡി പി സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേലുപറഞ്ഞതരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ഫണ്ട് നഷ്ടം ഒഴിവാക്കാമായിരുന്നു.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ അപാകത ഭാവിയിൽ ഒഴിവാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1) സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന പ്രൊജക്ടുകൾ പ്രാധാന്യമനുസരിച്ച് നിർവ്വഹണതിന് മുൻതൂക്കം കൊടുക്കേണ്ടതും അവ എല്ലാ തരത്തിലും പൂർണ്ണമായിരി ക്കേണ്ടതുമാണ്. പരിമിതമായ ഫണ്ട് വകയിരുത്തി അപൂർണ്ണമായി പ്രൊജക്ടുകൾ തയ്യാറാക്കുന്നത്, ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് തടസ്സമാകുന്നതിനൊപ്പം പ്രൊജക്ടുകളുടെ എണ്ണം കൂടുന്നതിനും ആത്യന്തികമായി ധനനഷ്ടത്തിനും ഇടയാക്കും.

2) സ്ഥാപനത്തിൽ ലഭ്യമായ ധനപരവും മാനുഷികവുമായ വിഭവങ്ങൾക്ക് അനുസൃതമായി പ്രൊജക്ടുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതാണ്.

3) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, നിയമങ്ങളും ചട്ടങ്ങളും തങ്ങളിലേല്പിച്ച ചുമതലകൾ തിരിച്ചറിഞ്ഞ് ഇടപെടലുകൾ നടത്തേണ്ടതും, ആസൂത്രണം മുതൽ പദ്ധതി നിർവ്വഹണം വരെയുള്ള സമയബന്ധിതമായ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 3-2 കാർഷിക വിപണി :സബ്സിഡി മാനദണ്ഡങ്ങളെ അവഗണിച്ചു

പ്രൊജക്ട് :കാർഷിക വിപണി

പ്രൊജക്ട് നമ്പർ :25/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

ബിൽ നമ്പർ,തുക : 24/24-03-2018, 75,000 /-

നഗരസഭയിലെ കാർഷിക വിപണിയുടെ ഉണർവിനും കാർഷികവൃത്തിയെ മാർക്കറ്റുമായി ബന്ധിപ്പിക്കുന്നതിനുമായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം 75,000/- രൂപ കാർഷിക വിപണി നടത്തിപ്പിനായി ഉറവ് കാർഷിക സംഘത്തിന് നൽകിയിട്ടുണ്ട്.റഫ്രിജറേറ്റർ,സ്റ്റീൽ റാക്ക്,,പ്ളാസ്റ്റിക്ക് ചെയർ,ത്രാസുകൾ,പ്ളാസ്റ്റിക് പെട്ടികൾ,സ്റ്റീൽ ടേബിൾ, എന്നിവ വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയത്. പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾചുവടെ കാണിക്കുന്നു.

1) ജി.ഒ. (എം.എസ്)72/2017 ത.സ്വ.ഭ.വ തിയ്യതി 29-03-2017 ഖ.12.3(2) ൽ വിപണന സൌകര്യം ഒരുക്കുന്നത് ബാങ്ക് വായ്പ ബന്ധപ്പെടുത്തിയാവണമെന്ന് വ്യക്തമായി പറയുന്നുണ്ട്.കൂടാതെ ജി.ഒ. (എം.എസ്)80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 ഖ.6.1(1) മുതൽ12 വരെയുള്ളവയിൽ, വായ്പ ഉപയോഗപ്പെടുത്തണം, അപേക്ഷ ക്ഷണിക്കണം,പ്രൊജക്ട് പ്രൊപ്പോസൽ നൽകി രജിസ്റ്റർ ചെയ്യണം,വാർഡു സഭകളിൽ നിന്ന് സാധൂകരണം വാങ്ങണം, സാമ്പത്തിക ക്ഷമതയും പ്രായോഗിക ക്ഷമതയും പരിശോധിക്കണം, കൃഷി ഓഫീസറുടെ ശുപാർശയോടെ പ്രൊപ്പോസൽ ബാങ്കുകൾക്ക് നൽകണം,വായ്പ തരപ്പെടുത്തുന്നത് സംരംഭകരുടെ ഉത്തരവാദിത്തമാണ്, ലൈസൻസ് സംരംഭകർ നേടണം, സബ്സിഡി നൽകുന്നതല്ല എന്നീ നിബന്ധനകൾ ഉണ്ട്. 6.3(1) മുതൽ (10)വരെ ഖണ്ഡികകളിൽ പ്രൊജക്ടിന്റെ 10% ആണ് റിവോൾവിംഗ് ഫണ്ട്, അത് പ്രതിമാസ തവണകളായി തിരിച്ചടക്കണം, തിരിച്ചടവ് 3 മാസം കഴിഞ്ഞ് ആരംഭിക്കണം, കൃഷി ഓഫീസറുടെ പേരിൽ ഫണ്ട് തിരിച്ചടവിന് അക്കൗണ്ട് തുടങ്ങണം, സംരംഭ പ്രവർത്തന ഫലം ഇല്ലാത്തതാണെങ്കിൽ തുകയും പലിശയും തിരിച്ചുപിടിക്കാൻ കരാർ ചമയ്ക്കണം തുടങ്ങിയവ പറയുന്നു.എന്നാൽ ഈ പ്രൊജക്ട് നടത്തിപ്പിൽ ഇപ്രകാരമൊന്നും ചെയ്തിട്ടില്ല.

2) ജി.ഒ(എം.എസ്)80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 ഖ.22എ(1) മുതൽ (7)വരെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് എങ്ങനെയെന്ന് വ്യക്തമായി പറയുന്നുണ്ട്. അപേക്ഷ സ്വീകരിച്ച്, അർഹതാ മാനദണ്ഡം നോക്കി മുൻഗണനാ ലിസ്റ്റുണ്ടാക്കി, വാർഡ് സഭയിൽ അവതരിപ്പിച്ച്, ചർച്ച ചെയ്ത്, അംഗീകരിച്ച് വേണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. ഇവിടെ അങ്ങനെയൊരു നടപടി സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ചെലവഴിച്ച തുക ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

ഖണ്ഡിക 3-2 ൽ പരാമർശിച്ചപോലെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നുള്ള വ്യതിചലനം ശരിയായ നടപടിക്രമങ്ങളിലൂടെയല്ല നടന്നത്. ഇക്കാര്യത്തിൽ വസ്തുതാപരമായ വിശദീകരണം സമയബന്ധിതമായി നല്കാത്ത പക്ഷം തുക കൃഷി ഓഫീസറിൽ നിന്നും ഈടാക്കുന്നതാണ് .

പ്രൊജക്ടുകൾ തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതും, സുതാര്യവും സബ്സിഡി മാർഗ്ഗരേഖയ്ക്കനുസൃതവുമായാണെന്ന് ഉറപ്പുവരുത്താൻ വേണ്ട ഇടപെടലുകൾ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നുണ്ടാവേണ്ടതാണ്.

## 3-3 വിള ഇൻഷ്വറൻസ് നടത്താതെ കൂലി ചെലവ് അനുവദിച്ചു

പ്രൊജക്ട് :സമഗ്ര നെൽകൃഷി വികസനം

പ്രൊജക്ട് നമ്പർ :7/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

ബിൽ നമ്പർ, തുക : 28/26-03-2018, 170,000 /-

മേൽ പ്രൊജക്ട് പ്രകാരം 1,70,000/- രൂപ 10 ഹെക്ടർ നിലത്ത് നെൽകൃഷി ചെയ്യുന്നതിനുള്ള കൂലിചെലവ് സബ്സിഡിയായി 25 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പ്രൊജക്ട് പ്രകാരം തേവർ പാടശേഖര സമിതിക്ക് 1.8 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന്റെ കൂലി സബ്സിഡിയായി 30,600/- രൂപ നൽകിയിട്ടുണ്ട്. ജി.ഒ. (എം.എസ്) 80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 പ്രകാരം നെൽകൃഷി ചെയ്യുന്നതിനുള്ള കൂലിചെലവ് സബ്സിഡി നൽകേണ്ടത് വ്യക്തിഗത ഗുണഭോക്താക്കൾക്കാണ്.ഇതേ ഉത്തരവ് ഖണ്ഡിക നമ്പർ 2.3പ്രകാരം ഇതിൽ പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്ക് നൽകുമ്പോൾ സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭിച്ച ശേഷമേ പ്രൊജക്ട് തയ്യാറാക്കാവൂ.എന്നാൽ ഇവിടെ അങ്ങിനെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

2) 22.55 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് സംസ്ഥാന വിള ഇൻഷ്വറൻസ് ചെയ്യുന്നതിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് 4.5 ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിനുള്ള കൂലിചെലവ് സബ്സിഡിയായി 30,600/-രൂപ തേവർ പാടശേഖര സമിതിക്ക് നൽകിയത്.കൃഷി വകുപ്പ് ഇതേ പദ്ധതി നടപ്പിലാക്കുന്നുണ്ട്.എന്നാൽ ഒരേ ഗുണഭോക്താക്കൾ രണ്ടു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കുന്ന രേഖകളോ സാക്ഷ്യപത്രങ്ങളോ ലഭ്യമാക്കിയിട്ടില്ല.നെൽകൃഷിയുടെ കൂലിചെലവ് സബ്സിഡി കൃഷിവകുപ്പ് വകുപ്പുതലത്തിൽ 2017-18 വർഷത്തിൽ നൽകുകയോ,2017-18 വർഷത്തിലെ കൂലിചെലവായി പിന്നീട് നൽകുകയോ ചെയ്ത കൊയിലാണ്ടി നഗരസഭയിലെ വ്യക്തിഗത ഗുണഭോക്താക്കളുടേയും പാടശേഖര സമിതികളുടേയും വിശദാംശം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി-21/29-09-2018ക്ക് മറുപടി നൽകുകയുണ്ടായിട്ടില്ല.

3) സബ്സിഡി മാർഗ്ഗരേഖ പ്രകാരം മുൻകൂറായി വിള ഇൻഷ്വറൻസ് ,ചെയ്യുവർക്ക് മാത്രമേ സബ്സിഡി നൽകാവൂ.എന്നാൽ ബാക്കി 24വ്യക്തിഗത ഗുണഭോക്താക്കൾക്കും കൂലിച്ചെലവ് സബ്സിഡി നൽകിയത് വിള ഇൻഷ്വറൻസ് ചെയ്യാതെയാണ്.

സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം നഗരസഭാ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുമെന്ന് ജി.ഒ(എം.എസ്)80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 ഖ.2.3ൽ വ്യക്തമായി പറയുന്നുണ്ട്.പ്രൊജക്ട് ആസൂത്രണം ചെയ്യുമ്പോൾ മേൽ മാനദണ്ഡങ്ങളിൽ നിന്നുള്ള വ്യതിയാനം അത്യാവശ്യമായിരുന്നെങ്കിൽ ഇക്കാര്യം നിർവ്വഹണോദ്യോഗസ്ഥൻ രേഖാമൂലം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയെയും ഭരണസമിതിയെയും അറിയിക്കേണ്ടതും സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതിയ്ക്കായി നടപടികൾ സ്വീകരിക്കേണ്ടതുമായിരുന്നു. ഇക്കാര്യത്തിൽ വരുത്തിയ വീഴ്ചയ്ക്ക് കൃഷി ഓഫീസർ മറുപടി നല്കേണ്ടതും മാനദണ്ഡങ്ങളിൽ നിന്നുള്ള വ്യതിയാനം അത്യാവശ്യമായിരുന്നോയെന്നും സബ്സിഡി ലഭിച്ചതിൽ ഇരട്ടിപ്പുണ്ടായോയെന്നും വ്യക്തമാക്കേണ്ടതുമാണ്. ആദ്യമറുപടിയ്ക്കൊപ്പം മറുപടി ലഭ്യമാക്കാതിരിക്കുകയോ വസ്തുതാപരമാകാതിരിക്കുകയോ ചെയ്യുന്ന പക്ഷം അനന്തരപരാമർശത്തിൽ 170,000 /-രൂപ കൃഷി ഓഫീസറുടെ വ്യക്തിഗതബാധ്യതയായി നിജപ്പെടുത്തുന്നതാണ്.
പ്രൊജക്ടുകൾ തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും സബ്സിഡി മാർഗ്ഗരേഖയ്ക്കനുസൃതമായാണെന്ന് ഉറപ്പുവരുത്താൻ വേണ്ട ഇടപെടലുകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിനടത്താതിരുന്നതും അപാകതയ്ക്ക് കാരണമായിട്ടുണ്ട്. ഭാവിയിൽ ഇക്കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താൻ കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-4 തെങ്ങ് വെട്ടിമാറ്റാത്ത ഗുണഭോക്താക്കൾക്കും തൈവിതരണം നടത്തി

പ്രൊജക്ട് :സമഗ്ര തെങ്ങുകൃഷി വികസനം

പ്രൊജക്ട് നമ്പർ :6/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ
അടങ്കൽ : 5780576/-

ബിൽ നമ്പർ, തുക : 1) 13/5-03-2018, 33,750 /-

2) 20/22-03-2018, 173,000 /-

3) 26/24-03-2018, 93,500 /-

മേൽ പ്രൊജക്ട് പ്രകാരം 182 ഗുണഭോക്താക്കൾക്ക് 533 തെങ്ങുകൾ വെട്ടിമാറ്റിയതിന് കൃഷി വകുപ്പ് നിരക്കിലുള്ള തെങ്ങൊന്നിന് 500/- രൂപ നിരക്കിൽ 2,3 ബില്ലുകളിലായി 266,500/-രൂപനൽകിയിട്ടുണ്ട്.വെട്ടിമാറ്റിയ തെങ്ങിന് പകരം തെങ്ങിൻ തൈ വിതരണം നൽകാനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്.എന്നാൽ ബിൽ നമ്പർ 1പ്രകാരം 600തെങ്ങിൻ തൈ വാങ്ങിയിട്ടുണ്ട്.വെട്ടിമാറ്റിയ 533 തെങ്ങിനെക്കാൾ അധികമായി 67 തെങ്ങിൻതൈ വാങ്ങിയതിന് ഒരു തെങ്ങിന് 56.25/- രൂപ നിരക്കിൽ അധികം ചെലവഴിച്ച 3769/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഈ തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കിയ കാർഷിക മേഖലയിലെ ഈ പ്രൊജക്ടിലെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ വേണ്ടത്ര ജാഗ്രത പാലിച്ചിട്ടില്ല. പ്രൊജക്ടുകളിൽ പങ്കാളികളാവുമായിരുന്ന മറ്റുള്ള അപേക്ഷരെ മാറ്റി നിർത്തിയാണ് ഈ 67 തെങ്ങിന്റെ ഉടമസ്ഥരെ ഗുണഭോക്താക്കളാക്കി തിരഞ്ഞെടുത്തത്.അർഹരും സന്നദ്ധരുമായ അപേക്ഷകരെ മാറ്റി നിറുത്തി എന്നതു മാത്രമല്ല അനർഹരായവർക്ക് സൌജന്യ നിരക്കിൽ തെങ്ങിൻതൈ നൽകുന്നതിനായി തുക ചെലവഴിക്കുകയും ചെയ്തു. പ്രൊജക്ടുകൾ തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതും,സുതാര്യവും സബ്സിഡി മാർഗ്ഗരേഖയ്ക്കനുസൃതവു മായാണെന്ന് ഉറപ്പുവരുത്തുന്നതിനൊപ്പം തന്നെ പദ്ധതി നടത്തിപ്പിലെ ഓരോഘട്ടത്തിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നുള്ള ഇടപെടലുകൾ ഉണ്ടാവേണ്ടതിന്റെ ആവശ്യകതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

## 3-5 വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ പ്രോജക്ടുകൾ - പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള മോണിറ്ററിങ് , സ്റ്റാൻഡിങ് കമ്മിറ്റികളുടെ മേൽനോട്ടം എന്നിവ ഫലപ്രദമായില്ല.

2017 – 18 വർഷത്തെ വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ മൃഗസംരക്ഷണ / ക്ഷീരവികസന പ്രോജക്ടുകൾ പരിശോധിച്ചു. കണ്ടെത്തിയ അപാകതകളും അവയ്ക്ക് ഇടയാക്കിയ കാരണങ്ങളും ശ്രദ്ധയിൽ പെടുത്തുന്നു.

1. വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകൾക്ക് കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | കൈമാറിയ തുക (രൂ) | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ /ഏജൻസി | ഫണ്ട്, ട്രഷറിബിൽ നമ്പർ,തിയ്യതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | 027/18 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത) | 312500 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ഡെപ്യൂട്ടി ഡയറക്ടർ | വികസന ഫണ്ട്, P-18/17-18, 24.3.18 | സീ.വെറ്റി. സർജ്ജൻ | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല |
| 2. | 035/18 | ABC പ്രോജക്റ്റ് | 1 ലക്ഷം | ജില്ല പഞ്ചായത്ത് | വികസന ഫണ്ട്, P04/17-18,15.2.18 | ടി | ടി |

തുക കൈപ്പറ്റിയ ഏജൻസികളിൽ നിന്നും കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിക്കാതിരുന്നിട്ടും ഇക്കാര്യം ശ്രദ്ധയിൽ പെട്ടില്ല. 29.03.2017 ലെ ജി.ഒ(എം.എസ്)72/2017/തസ്വഭവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശം ഖണ്ഡിക 14.6 പ്രകാരമുള്ള മോണിറ്ററിങ് നടന്നതായി പ്രോജക്റ്റ് ഫയലിൽ കാണുന്നില്ല. മൃഗസംരക്ഷണ വർക്കിങ് ഗ്രൂപ്പ് ആയിരുന്ന മോണിറ്ററിങ് നടത്തേണ്ടിയിരുന്നത്. വർക്കിങ് ഗ്രൂപ്പ് മിനുട്സ് പരിശോധനക്ക് ലഭിച്ചില്ല. പ്രോജക്ടുകൾ അംഗീകരിച്ച് ശുപാർശ ചെയ്ത സ്റ്റാൻഡിങ് കമ്മിറ്റിയായ വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിലും പ്രോജക്ടുകൾ വിജയകരമായി നടപ്പാക്കുന്നതിൽ മാർഗ്ഗരേഖ പ്രകാരമുള്ള സക്രിയമായ പങ്ക് ,കമ്മിറ്റി നിർവ്വഹിച്ചതായി കാണുന്നില്ല. ഇക്കാരണത്താൽ കൈമാറിയ തുകകൾ ലക്ഷ്യം കൈവരിച്ചോ എന്നതിൽ ചർച്ചകളൊന്നും നടന്നില്ല. തുകയുടെ കൈപ്പറ്റ് വിവരം പോലും ഉറപ്പ് വരുത്തിയില്ല.

2. ക്ഷീര കർഷകർക്കുള്ള ഇൻസന്റീവ് അവരുടെ ബാങ്ക് അക്കൌണ്ടിലേക്ക് എത്തിയോ എന്നത് ഉറപ്പ് വരുത്തിയില്ല.

ക്ഷീര കർഷകർക്ക് പാലുല്പാദന ഇൻസെന്റീവ് എന്ന പ്രോജകട് 2017-18 വർഷത്തിൽ വെറ്ററിനറി സർജ്ജൻ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 033/18 |
| പ്രോജക്റ്റ് | ക്ഷീരകർഷകർക്ക് പാലുല്പാദന ഇൻസെന്റീവ് |
| വകയിരുത്തിയ തുക | 9 ലക്ഷം രൂ |
| ചെലവഴിച്ച തുക | 887458 രൂ |
| ഫണ്ട് | വികസന ഫണ്ട്- പൊതുവിഭാഗം |
| ട്രഷറി ബിൽ നമ്പർ,തിയ്യതി,തുക | പി10 /17-18,13.3.2018 - 695817 രൂ<br>പി14/17-18,20.3.2018 - 178818 രൂ<br>പി15/17-18,20.3.2018 – 6204 രൂ<br>പി16/17-18,20.3.2018 – 6619 രൂ |
| പ്രോജക്റ്റിന് വികസനകാര്യ സ്റ്റാ.ക ശുപാർശ | 1/29.5.2017 |
| ഭരണാനുമതി | 1/29.5.2017 |

ഈ പ്രോജക്റ്റിലും മോണിറ്ററിങ് നടന്നിട്ടില്ല. ഇക്കാരണത്താൽ കൈമാറിയ തുകകൾ അതാത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് എത്തിയോ എന്നത് പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.ഇക്കാര്യം ഓഡിറ്റിലും പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. വിവിധ ക്ഷീരോല്പാദക സംഘങ്ങൾ നല്കുന്ന ലിസ്റ്റിന് അനുസൃതമായി വാർഡ് സഭ അംഗീകാരമുള്ള ഗുണഭോക്താക്കൾക്ക് തന്നെയാണ് ഇൻസന്റീവ് ലഭിച്ചത് എന്നും ഉറപ്പ് വരുത്തേണ്ടതുണ്ട്.

3. നല്കിയ തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭിച്ചോ എന്നത് ഉറപ്പ് വരുത്തിയില്ല.

താഴെപ്പറയുന്ന പ്രോജക്റ്റ് പ്രകാരം 3 ലക്ഷം രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 031/2018 |
| പ്രോജക്റ്റ് | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങി ക്യാമ്പ് ഡിസ്പെൻസറി നടത്തുക |
| വകയിരുത്തിയ തുക | 3 ലക്ഷം രൂ |
| ചെലവഴിച്ച തുക | 3 ലക്ഷം രൂ |

| | |
|---|---|
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ട്രഷറി ബിൽ നമ്പർ,തിയ്യതി | പി11/17-18 തിയ്യതി 14.3.2018 |
| തുക | 3 ലക്ഷം രൂ |
| മരുന്ന് വിതരണക്കാർ | ജെ.ജെ ഫാർമ,കോവിലകം റോഡ്,<br>നിലമ്പൂർ. |
| വിതരണക്കാരുടെ ബിൽ നമ്പർ | 2989 തിയ്യതി 09.02.2018 |

വാങ്ങിയ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നത്, സ്റ്റോക്ക് വിവരങ്ങൾ ബന്ധപ്പെട്ട ഇൻവോയ്സിൽ ചേർക്കാത്തതിനാൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. മോണിറ്ററിങ് നടക്കാത്തതിനാൽ ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പിന്റെ ശ്രദ്ധയിലും ഇക്കാര്യം വന്നില്ല. വിതരണ ഏജൻസിയെ തെരഞ്ഞെടുത്തത് ടെണ്ടർ നടപടികളിലൂടെ ആണെങ്കിലും ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

4. വാങ്ങിയ ഫർണിച്ചർ ലഭിച്ചത് സംബന്ധിച്ച് രേഖകളില്ല.

2017 – 18 വർഷത്തിൽ വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ ഫർണിച്ചർ വാങ്ങൽ പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 341/18 |
| പ്രോജക്ട് | മൃഗാശുപത്രിയിലേക്ക് ആവശ്യമായ<br>സാധനങ്ങൾ വാങ്ങൽ |
| വകയിരുത്തിയ തുക | 1 ലക്ഷം രൂ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി, തുക | പി-20 / 17-18,24.3.2018 – 64820 രൂ |
| ഫർണിച്ചർ വിതരണക്കാർ | കാഡ്കോ |
| കാഡ്കോ ഇൻവോയ്സ് നമ്പർ , തിയ്യതി, തുക | kadco/NRO/sales/17-18/285,16.3.18,<br>43776 രൂ<br>kadco/NRO/sales/17-18/364,23.3.18<br>18644 രൂ (18% GSTഅടക്കം) |

മേൽപറഞ്ഞത് പ്രകാരം വിതരണം ചെയ്ത ഫർണിച്ചറിന്റെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | ഫർണിച്ചർ ഇനം | എണ്ണം | തുക (രൂ) (18% GSTഒഴികെ) |
|---|---|---|---|
| 1. | Steel table with 18 m.m novopan top (48”x24”x30”) 20 G | 1 | 5440 |
| 2. | Steel almirah with 4 shelves (78”x36”x19”) 20 G | 2 | 18782 |
| 3. | Steel slotted angle rack 72”x36”x15” panel, 20 G | 1 | 5066 |
| 4. | Computer chair plastic type | 2 | 7810 |
| 5. | 3 seater chair 6’x2’x2.5’perforated | 2 | 11400 |

| | | | |
|---|---|---|---|
| | seat , 18 G | | |
| 6. | Notice board ,aluminium frame with glass shutter (3′x2′x2′) | 1 | 3000 |
| 7. | Plain open Notice board with Aluminium frame (3′x 2″) | 1 | 1400 |

ആകെ : 52898 രൂ

GSTഅടക്കം : 62420 രൂപ. 64820/- രൂപ പിൻവലിച്ചതിന് 62420/- രൂപയുടെ ഇൻവോയ്സാണ് ലഭ്യമാക്കിയത്. പൂർണ്ണവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. കൂടാതെ സ്ഥാപനത്തിന്റെ ജംഗമവസ്തുക്കളുടെ ആസ്തിരജിസ്റ്ററിലും ഇവ രേഖപ്പെടുത്തിയിട്ടില്ല.സാധനങ്ങൾ വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ലഭിച്ചു എന്നത് മോണിറ്ററിങ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

5. പശു വിതരണ പ്രോജക്ട് - അനർഹയായ ഗുണഭോക്താവിന് ധനസഹായം നല്കി.

2017-18 വർഷത്തിൽ വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 352/18 |
| പ്രോജക്ട് | പശു വിതരണം |
| വകയിരുത്തിയ തുക | 1365000 രൂ |
| ചെലവഴിച്ച തുക | 240000 രൂ |
| ഫണ്ട് | വികസന ഫണ്ട് |
| ഭരണാനുമതി | 10/29.05.2017 നമ്പർ തീരുമാനം |
| പ്രസക്തമായ ചെലവിന്റെ ട്രഷറി ബിൽ നമ്പർ , തിയ്യതി, തുക | P02/17-18 തിയ്യതി 15.2.18, 105000 രൂ |
| ഗുണഭോക്താവ് | ശ്രീമതി. മാധവി എം.വി, മാണിക്കാംവീട്ടിൽ,പുളിയഞ്ചേരി |
| തുക കൈപ്പറ്റിയത് | ശ്രീമതി. സുവർണ എം.വി |
| കൈപ്പറ്റിയ തുക | 15000 രൂ |

എ.ആർ.ഡി നമ്പർ 35 / 2160017071 നമ്പർ റേഷൻ കാർഡ് പ്രകാരം ഗുണഭോക്താവിന്റെ കുടുംബം മകൻ, മരുമകൾ എന്നിവരടങ്ങിയതാണ്. ഇതിൽ മരുമകളുടെ ഉപജീവനമാർഗ്ഗം രേഖപ്പെടുത്തിയിരിക്കുന്നത് 'സംസ്ഥാന സർക്കാർ ജീവനം' എന്നാണ്. 3.4.2017 ലെ സ.ഉ.(എം.എസ്)80/2017/തസ്വഭവ പ്രകാരമുള്ള മാർഗ്ഗരേഖ – പൊതുനിബന്ധനകൾ - ഖണ്ഡിക – 2.15(i) അനുസരിച്ച് ഇത്തരത്തിൽ സർക്കാർ ജീവനക്കാർ ഉൾപ്പെടുന്ന കുടുംബത്തിലെ അംഗത്തെ, പൊതുവിഭാഗത്തിൽ 1 ലക്ഷം രൂപയിൽ കുറവ് വരുമാനം ഉള്ളവരായി കണക്കാക്കാൻ സാധ്യമല്ല. എന്നാൽ ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥന്റേയോ , വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടേയോ മോണിറ്ററിങ് വർക്കിങ് ഗ്രൂപ്പിന്റേയോ ശ്രദ്ധയിൽപ്പെട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. 15000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ക്രമനമ്പർ 1 മുതൽ 5 വരെയുള്ള അപാകതകൾ പരിഹരിക്കേണ്ടതാണ്. മൃഗസംരക്ഷണ വർക്കിങ് ഗ്രൂപ്പ്, പ്രോജക്ട് മോണിറ്ററിങ് ചുമതലകൾ നിർവ്വഹിക്കുന്നുണ്ടോ എന്നത് വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-6 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല

ജി.ഒ. (പി)13/2012/പി.ഡബ്ല്യു.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം മരാമത്ത് പ്രവർത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1%വും തുടർന്ന് ഓരോ തവണയും 2%വും, മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഇങ്ങനെ ചെയ്തില്ല എന്ന് മാത്രമല്ല കൊയിലാണ്ടി നഗരസഭ നടപ്പിലാക്കിയ പല പൊതുമരാമത്ത് പ്രവൃത്തികളിലും കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയി പൂർത്തീകരണ കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാരിൽ നിന്നും ദീർഘിപ്പിച്ച് നൽകിയ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധിയുടെ ഓരോ 25% സമയപരിധിയിലും പി.ഡബ്ല്യു.ഡി. മാന്വൽ 2112.1 അനുസരിച്ചുള്ള പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്, പ്രൊജക്റ്റ് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ, ടെണ്ടർ നിരക്ക് | ബിൽ നമ്പർ, തുക |
|---|---|---|---|---|
| 1 | റേഷൻ കട മുക്ക് കോളാർ താഴ റോഡ് (127/18) | 600000 | സയ്യിദ് അഹമ്മദ്,എസ്റ്റിമേറ്റ് നിരക്ക് | 104/28.3.18, 542080 |
| 2 | പടന്നയിൽ കോളനി റോഡ്(158/18) | 488000 | സി.പി. ശ്രീകുമാർ, 0.2% താഴെ | 95/22.3.18, 471061 |
| 3 | തോടോളി താഴ റോഡ് | 500000 | പി.പി.ശ്രീനിവാസൻ, എസ്റ്റിമേറ്റ് നിരക്ക് | 121/28.3.18, 463863 |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് വർഷങ്ങൾ കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. ഇക്കാര്യത്തിൽ വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## 3-7 കൊതുക് നിവാരണം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നം & പേര്. | 63/2018, കൊതുക് നിവാരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 50000 |
| ചെലവ് | 49770 |

കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ ജൈവീക കീടനാശിനിയും സ്പ്രേയറും നൽകി വെള്ളക്കെട്ടുകളിലും ഓടകളിലും കീടനാശിനി തളിച്ച് കൊതുക് നിവാരണം നടത്തുന്നതിന് ലക്ഷ്യമിട്ടാണ് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി പ്രകാരം കൊതുക് നാശിനി തളിക്കുന്നതിന് നഗരസഭ ചുമതലപ്പെടുത്തിയ 8 വനിതകൾക്ക് വേതനം അനുവദിച്ച ഇനത്തിലാണ് 49770 രൂപയുടെ ചെലവുണ്ടായിട്ടുള്ളത്.പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. തീര പ്രദേശവും ചതുപ്പ് നിലങ്ങളും കൂടുതലുള്ള നഗരസഭാ പ്രദേശത്തെ കൊതുക് നിവാരണത്തിനായി 50000 രൂപ മാത്രം വകയിരുത്തിയതിനാൽ പദ്ധതിയുടെ നിർവ്വഹണ മേഖല ഒരു പ്രത്യേക പ്രദേശത്തേക്ക് മാത്രമായി ചുരുക്കപ്പെട്ടു. നഗരസഭാ പ്രദേശത്തെ കൊതുക് ശല്യമെന്ന പ്രശ്നത്തിന് പരിഹാരം കാണുന്നതിന് അടങ്കൽ ചെയ്ത ധനസ്രോതസ്സ് സഹായകമായില്ല.
2. 03.01.2018 മുതൽ 27.01.2018 വരെയുള്ള കാലയളവിലാണ് ജൈവകീടനാശിനി തളിച്ചിട്ടുള്ളത്. താരതമ്യേന മഴ കുറവ് ലഭിക്കുന്നതും വെള്ളക്കെട്ടുകൾ രൂപം കൊള്ളുന്നതുമായ ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിലാണ് കൊതുകിന്റെ സാന്ദ്രത കൂടുന്നത്. ആയത് പരിഗണിക്കാതെ വെള്ളകെട്ടുകൾ കുറവുള്ള ജനവരി മാസം മരുന്ന് തളിക്കലിനായി തെരഞ്ഞെടുത്തത് മൂലം പദ്ധതി പൂർണ്ണമായും ഫലപ്രദമായില്ലെന്ന് കാണുന്നു. വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ നിർവ്വഹണ ഘട്ടത്തിൽ ഇടപെടലുകൾ നടത്തി പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിച്ചില്ല.
3. 27.01.2018 തീയതിയിൽ പദ്ധതി പൂർത്തീകരിച്ചിട്ടും 26.03.2018 തീയതിയിലാണ് ട്രഷറിയിൽ ബിൽ സമർപ്പിച്ചിട്ടുള്ളത്. കാലതാമസം തൊഴിലാളികൾക്ക് യഥാസമയം വേതനം ലഭിക്കുന്നതിന് വിഘാതമായി.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

പദ്ധതി പ്രകാരം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഭാഗികമായി നിർവ്വഹണം നടത്തുന്നത് ഒഴിവാക്കേണ്ടതാണ്. ശുചിത്വം, മാലിന്യസംസ്കരണം വർക്കിംഗ് ഗ്രൂപ്പും, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ നിർവ്വഹണ കലണ്ടർ നിശ്ചയിച്ച് ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-8 റിംഗ് കംപോസ്റ്റ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നം & | 174/2018, റിംഗ് കമ്പോസ്റ്റ് |

| | |
|---|---|
| പേര് | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്‌പെക്ടർ |
| അടങ്കൽ | 5917500(5325000- ധനകാര്യ കമ്മീഷൻ അവാർഡ്, 750- തനത് ഫണ്ട്, 591750- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 4637075 [വി.ഫ- 4330325 (739810-ബിൽ നം-2/12.10.2017, 263585-ബിൽ നം-3/28.11.2017,1612520-ബിൽ നം-4/18.01.2018,808475-ബിൽ നം-7/23.03.2018,905935-ബിൽ നം-8/26.03.2018) ഗുണഭോക്തൃ വിഹിതം- 306750 (വിശദാംശങ്ങൾ ലഭ്യമാക്കിയില്ല) ] |

2016-17 ൽ 127/17 നമ്പറായി ആവിഷ്കരിച്ച് 2017-18 ൽ 174/2018 നമ്പർ സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ പദ്ധതി മുഖേന 1955 ഗുണഭോക്താക്കൾക്ക് 4330325 രൂപ സബ്സിഡി നൽകിയിട്ടുണ്ട്. 2016-17 ൽ 127/17 നമ്പറായി 9375000 രൂപ ശുചിത്വമിഷനിൽ നിന്നും 1875000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റായും 1250000 രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തിയാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. 14.02.2017 ലെ 7-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷനിൽ നിന്നും ഫണ്ട് ലഭിക്കാൻ സാദ്ധ്യതയില്ലെന്ന നിഗമനത്തിൽ പദ്ധതി 2100 ഗുണഭോക്താക്കൾക്ക് 4725000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും 525000 രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തി റിവൈസ് ചെയ്തു. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.02.2017 ലെ 201/സി2/2008/എസ്.എം നമ്പർ നടപടി ക്രമം മുഖേന പദ്ധതിയുടെ ഒന്നാം ഘട്ടമായി 2000 ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായി 2250000 രൂപ അനുവദിച്ച് ഉത്തരവായിരുന്നു . ആയത് പരിഗണിക്കാതെ 09.03.2017 ലെ 20-ാം നമ്പർ തീരുമാന പ്രകാരം2367 ഗുണഭോക്താക്കൾക്കായി 5325000രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും 750 രൂപ തനത് ഫണ്ടും 591750 രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തി പദ്ധതി വീണ്ടും പരിഷ്കരിച്ചു.14.03.2017 ലെ ടെണ്ടർ നടപടിയിലൂടെ റിംഗ് കമ്പോസ്റ്റ് യൂണിറ്റിന് 2465 രൂപ നിരക്കിൽ റെയ്ഡ്കോ കോഴിക്കോടിനെ സേവനദാതാവായി നിശ്ചയിക്കുകയും 30.03.2017 ന് നഗരസഭ ബ്രാഞ്ച് മാനേജർ, റെയ്ഡ്കോ കോഴിക്കോടുമായി കരാറിലേർപ്പെടുകയും ചെയ്തു. മേൽ പദ്ധതിയാണ് 2017-18 വർഷത്തിൽ സ്പിൽ ഓവറായി നിർവ്വഹണം നടത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ശുചിത്വ മിഷൻ ഗ്രാന്റ് നഷ്ടപ്പെടുത്തി

ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ21.02.2017 ലെ 201/സി2/2008/എസ്.എം നമ്പർ നടപടി ക്രമം മുഖേന പദ്ധതിയുടെ ഒന്നാം ഘട്ടമായി 2000 ഗുണഭോക്താക്കൾക്ക് 2250000 രൂപ അനുവദിച്ച് ഉത്തരവായിരുന്നു.എന്നാൽ 09.03.2017 ലെ 20-ാം നമ്പർ തീരുമാന പ്രകാരം 5325000രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയാണ് പദ്ധതി പരിഷ്കരിച്ചിട്ടുള്ളത്. 21.02.2017 തീയതിയിൽ പദ്ധതിക്ക് ശുചിത്വമിഷൻ അംഗീകാരം ലഭിച്ചിട്ടും 09.03.2017 ൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി പദ്ധതി പരിഷ്കരിച്ചതിനാൽ ശുചിത്വ മിഷൻ ഗ്രാന്റ് നഷ്ടപ്പെടുന്നതിന് കാരണമായി. എന്നാൽ പദ്ധതി പരിഷ്കരിച്ച വിവരം ശുചിത്വമിഷനെ അറിയിക്കാതെ 27.06.2017 തീയതിയിലെ 36053 നമ്പർ ചെക്ക് മുഖേന 2250000 രൂപ പദ്ധതിവിഹിതത്തിന്റെ ഒന്നാം ഗഡുവായി നഗരസഭ കൈപ്പറ്റി.പദ്ധതി വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ തുക പലിശ സഹിതം തിരിച്ചടക്കുന്നതിന് ശുചിത്വമിഷൻ ഡയറക്ടറുടെ 20.03.2018 ലെ 201/സി2/2008/എസ്.എം നമ്പർ കത്ത് മുഖേന സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഡിറ്റ് തീയതി വരെയും പ്രസ്തുത തുക ശുചിത്വമിഷനിലേക്ക് തിരിച്ചടച്ചിട്ടില്ല .വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാവുന്ന വിഭവ സ്രോതസ്സുകൾ ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിൽ സ്ഥാപനത്തിനുണ്ടായ വീഴ്ച മൂലം ശുചിത്വമിഷൻ പദ്ധതി വിഹിതവും തുക ചെലവഴിക്കാത്തതിനാൽ 2016-17 വർഷത്തെ പദ്ധതി വിഹിതമായി വകയിരുത്തിയ 5325000രൂപയും (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) സ്ഥാപനത്തിന് നഷ്ടപ്പെട്ടു.

2. ഗുണഭോക്തൃ പട്ടിക ലഭ്യമാക്കിയില്ല.

2367 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. എന്നാൽ ഭരണ സമിതി അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടികയോ , ഗുണഭോക്തൃ പട്ടിക അംഗീകരിച്ച ഭരണസമിതി തീരുമാനമോ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനും സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച് നൽകിയതെന്നത് സംബന്ധിച്ച രജിസ്റ്ററുകളോ രേഖകളോ സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു.

03.04.2017 ലെ സ.ഉ (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പഞ്ചായത്തിരാജ് / നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾക്ക് പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് 50 ശതമാനവും പട്ടികജാതി/ പട്ടിക വർഗ്ഗം വിഭാഗത്തിന് 75 ശതമാനവുമാണ് പരമാവധി സബ്സിഡി അനുവദിക്കാവുന്നത്.എന്നാൽ ശുചിത്വമിഷൻ വിഹിതം ഉൾപ്പെടുത്തി ആസൂത്രണം ചെയ്ത പദ്ധതിയുടെ വിഭവ സ്രോതസ്സ് വികസനഫണ്ടായി പരിഷ്കരിച്ചപ്പോൾ സബ്സിഡി നിരക്കിൽ മാറ്റം വരുത്താതെ മുഴുവൻ ഗുണഭോക്താക്കൾക്കും 90 ശതമാനം സബ്സിഡിയാണ് പ്രൊജക്ട് പ്രകാരം അനുവദിച്ചിട്ടുള്ളത്. ഇത് പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 10 ശതമാനമായ 250 രൂപയാണ് ഓരോ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഈ

തുകയും എല്ലാ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തിട്ടില്ലെന്ന് രേഖകൾ വ്യക്തമാക്കുന്നു.ഫയലിൽ സൂക്ഷിച്ച റെയ്ഡ്കോയുടെ അപേക്ഷകളും ബില്ലും പ്രകാരം 1955 ഗുണഭോക്താക്കൾക്കാണ് റിംഗ് കമ്പോസ്റ്റ് നൽകിയിട്ടുള്ളത്. ഇത് പ്രകാരം 488750 രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുക്കേണ്ടിടത്ത് 181250 രൂപ പിരിച്ചെടുത്തതിന്റെ രേഖകൾ മാത്രമെ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. റെയ്ഡ്കോ ക്ക് കൈമാറിയ 4637075 രൂപയിൽ 4330325 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും 306750 രൂപ തനത് ഫണ്ടുമാണ്.

4. ടെണ്ടർ നടപടി ക്രമങ്ങളിലെ അപാകത.

5 ലക്ഷത്തിനോ മുകളിലോ തുകക്കുള്ള വാങ്ങലുകൾ ആവശ്യമുള്ള പദ്ധതികളിന്മേൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്._14.03.2017 ലെ ടെണ്ടർ പരസ്യം 18.02.2017 ലെ മാതൃഭൂമി ദിനപത്രത്തിന്റെ പ്രാദേശിക പേജിൽ (പേജ് നം.2, നാട്ടുവർത്തമാനം) ആണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പ്രസ്തുത പരസ്യത്തിന് 5112 രൂപ 18.02.2017 ലെ 61002471 നമ്പർ ബില്ലിന്മേൽ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. പ്രാദേശിക വാർത്തകൾക്കായുള്ള താളുകൾ ഒരേ എഡിഷനിൽ തന്നെ വ്യത്യസ്തമായിരിക്കും എന്നതിനാൽ ടെണ്ടർ പരസ്യത്തിന് ഉദ്ദേശിച്ച രീതിയിൽ പ്രചരണം ലഭിച്ചിരിക്കാനുള്ള സാധ്യത വിരളമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.06.2016 തീയതിയിലെ സ.ഉ.(സാധാ) നം. 1826/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 6 ഏജൻസികളാണ് റിംഗ്കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത സേവനദാതാക്കൾ. സ്ഥാപനത്തിന്റെ ഉത്തമ താത്പര്യം മുൻനിർത്തി ടെണ്ടർ പരസ്യത്തെകുറിച്ച് സേവന ദാതാക്കളെ അറിയിക്കുന്നതിനും അതിലൂടെ ടെണ്ടറിൽ മത്സരസ്വഭാവം ഉറപ്പ് വരുത്തുന്നതിനും നഗരസഭക്ക് സാധിച്ചിട്ടില്ല. ഗുണശ്രീ വെർമി കമ്പോസ്റ്റ് & സോളിഡ് വെയിസ്റ്റ് മാനേജ്മെന്റ് , റെയ്ഡ്കോ കോഴിക്കോട് എന്നിവരാണ് ടെണ്ടറിൽ പങ്കെടുത്തത്. യഥാക്രമം 2470, 2490 എന്നിങ്ങനെയാണ് ഇവർ വാഗ്ദാനം ചെയ്ത തുകകൾ. പുതുക്കിയ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം നെഗോസിയേഷന് സാധ്യതയില്ലാതിരുന്നിട്ടുപോലും റെയ്ഡ്കോയുമായി ചെയർമാൻ നെഗോസിയേഷൻ നടത്തിയതിനെ തുടർന്ന് റെയ്ഡ്കോ 2465 രൂപക്ക് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിന് തയ്യാറാവുകയായിരുന്നു. ടെണ്ടറിൽ കുറഞ്ഞ നിരക്കായ 2470 രൂപ വാഗ്ദാനം ചെയ്ത കേഴിക്കോട് ജില്ലയിലെ ശുചിത്വമിഷൻ അംഗീകൃത സേവനദാതാവായ ഗുണശ്രീ വെർമി കമ്പോസ്റ്റ് & സോളിഡ് വെയിസ്റ്റ് മാനേജ്മെന്റുമായി നെഗോസിയേഷൻ നടത്തിയതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. 20.03.2017 ലെ എച്ച്1.11330/16 നമ്പറായുള്ള സെക്രട്ടറിയുടെ പർച്ചേസ് ഓർഡറിൽ റിംഗ് കമ്പോസ്റ്റ് 7 ദിവസത്തിനകം വിതരണം ചെയ്യുന്നതിന് റെയ്ഡ്കോക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 14.03.2018 നാണ് റെയ്ഡ്കോ റിംഗ് കമ്പോസ്റ്റ് വിതരണം പൂർത്തിയാക്കിയത്. പർച്ചേസ് ഓർഡറിലെ സമയപരിധിക്കുള്ളിൽ റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിച്ചിരുന്നെങ്കിൽ 2016-17 വർഷം തന്നെ പ്രൊജക്റ്റ് പൂർത്തിയാക്കപ്പെടുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള 4330325/- രൂപയുടെ നഷ്ടം ഒഴിവാകപ്പെടുകയും ചെയ്യുമായിരുന്നു.

5. പദ്ധതി ഫലപ്രദമായില്ല

5917500 രൂപ അടങ്കലിൽ 4637075 രൂപ ചെലവഴിച്ച് നിർവ്വഹണം നടത്തിയ പദ്ധതിയിൽ 1955 വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. 01.03.2011 ലെ സ.ഉ.(എം.എസ്) 73/2011/ത.സ്വ.ഭ.വ പ്രകാരം ഒരു റിംഗ് കമ്പോസ്റ്റ് യൂണിറ്റ് എന്നാൽ 2 ഫെറോസിമന്റ് റിംഗുകൾ, 5 കിലോ ചാണകപൊടിയുടെ പ്രാരംഭ പാളി, സർജിക്കൽ ഗ്ലൗ എന്നിവ ഉൾക്കൊള്ളുന്നതാണ്. ഇത്തരത്തിലുള്ള ഒരു യൂണിറ്റിനാണ് ശുചിത്വമിഷൻ 2500 രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ടെണ്ടർ പരസ്യത്തിൽ ഫെറോ സിമന്റ് റിംഗുകളുടെ സ്പെസിഫിക്കേഷൻ മാത്രമെ വ്യക്തമാക്കിയിട്ടുള്ളൂ. റെയ്ഡ്കോ ഫെറോ സിമന്റ് റിംഗുകൾ മാത്രമെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. ഇത് മൂലം റിംഗ് കമ്പോസ്റ്റിംഗിനുള്ള മുഴുവൻ അടിസ്ഥാന സൗകര്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല. ഫയൽ പരിശോധിച്ചതിൽ 6, 20 വാർഡുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് പരാതികളുയർന്നതായി കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയ സാഹചര്യത്തിൽ. 01.10.2018 തീയതിയിൽ നഗരസഭയിലെ 6-ാം വാർഡിലെ 31, 32 വീടുകളിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധന നടത്തിയതിൽ ഗുണഭോക്താക്കൾ റിംഗ് കമ്പോസ്റ്റ് സംവിധാനം ഉപയോഗപ്പെടുത്തുന്നില്ലെന്നത് വ്യക്തമായി. ഗുണഭോക്താക്കൾ അടയ്ക്ക, തേങ്ങ അടുക്കള ഉപകരണങ്ങൾ എന്നിവ സൂക്ഷിച്ച് വയ്ക്കുന്നതിനുള്ള ഉപാധിയായിട്ടാണ് റിംഗുകൾ ഉപയോഗപ്പെടുത്തുന്നത്. ഇത് പദ്ധതി പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്യുന്നതിൽ വീഴ്ച വരുത്തിയെന്നതിന്റെ തെളിവാണ്.

ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ 6667656 രൂപയുടെ പദ്ധതി പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ആയതിന്റെ 69.54 ശതമാനമായ 4637075 രൂപയും റിംഗ് കമ്പോസ്റ്റ് പദ്ധതിക്കായാണ് ചെലവഴിച്ചിട്ടുള്ളത്. നഗരസഭ നടപ്പാക്കുന്ന സമഗ്ര മാലിന്യ പരിപാലനം എന്ന അജൈവ മാലിന്യ സംസ്കരണ പദ്ധതിയുടെ മുന്നൊരുക്കം കൂടിയാണ് റിംഗ് കമ്പോസ്റ്റ് പദ്ധതി. മേൽ പദ്ധതി നിർവ്വഹണ ഘട്ടങ്ങളിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ ചുമതലാപരമായ ഇടപെടലുകൾ നടത്തിയില്ല. 6, 20 വാർഡുകളിൽ പരാതി ഉണ്ടായ സാഹചര്യത്തിൽ പോലും പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണം നിരീക്ഷിച്ചില്ല.

03.04.2017 ലെ സ.ഉ (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭവ നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്തിരാജ് / നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി നിബന്ധനകൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിനാൽ നഗരസഭക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടായിട്ടുണ്ട്. ഗുണഭോക്താക്കളിൽ പൊതുവിഭാഗം, പട്ടികജാതി/ പട്ടികവർഗ്ഗം വിഭാഗത്തിലുള്ള ഗുണഭോക്താക്കളെ സംബന്ധിക്കുന്ന കണക്ക് ലഭ്യമല്ലാത്തതിനാൽ സബ്സിഡി ഇനത്തിൽ അധികം നൽകിയ തുക തിട്ടപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല .

ഗുണഭോക്തൃ പട്ടിക, വിതരണ രജിസ്റ്റർ, തനത് ഫണ്ടിന്റെ/ഗുണഭോക്തൃ വിഹിതത്തിന്റെ ചെലവ് രേഖകൾ, ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് സംബന്ധിച്ച രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും അധികരിച്ച നിരക്കിൽ സബ്സിഡി അനുവദിച്ചതിനാലും പദ്ധതി പ്രകാരമുള്ള ചെലവ് തുക തടസ്സപ്പെടുത്തുന്നു.

<u>സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ.</u>

1. സെക്രട്ടറി സബ്സിഡി അനുവദിച്ച ഗുണഭോക്താക്കളെ പൊതുവിഭാഗം, പട്ടികജാതി/പട്ടികവർഗ്ഗം എന്നിങ്ങനെ തരം തിരിച്ച് അധികം നൽകിയ സബ്സിഡി തുക തിട്ടപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2. പദ്ധതി ആസൂത്രണ ഘട്ടത്തിൽ നിർവ്വഹണ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥൻ പദ്ധതിപ്രകാരം അനുവദിക്കാവുന്ന സബ്സിഡി നിരക്ക് സംബന്ധിച്ച കുറിപ്പ് ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും അതുവഴി കൗൺസിലിനും നല്കിയോയെന്ന് വ്യക്തമാക്കേണ്ടതും ഇക്കാര്യത്തിൽ വീഴ്ച വന്നെങ്കിൽ കാരണം വ്യക്തമാക്കേണ്ടതുമാണ്. പ്രൊജക്ടുകളുടെ ഡാറ്റാ എൻട്രി ചെയ്യുന്നതിനുമുമ്പ് സബ്സിഡി നിരക്കുകൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണെന്ന സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ ശ്രദ്ധേയമാണ്.
3. പദ്ധതി വെറ്റ് ചെയ്ത എ പി ഒ ( പി & എം) ശ്രീ വേലായുധൻ. കെ വി യും അധിക ചെലവിന് കാരണക്കാരനാണെന്നതിനാൽ സബ്സിഡി നിരക്കിലെ വ്യതിയാനം പരിഗണിക്കാതെ പ്രൊജക്റ്റ് അംഗീകരിച്ച സാഹചര്യം വ്യക്തമാക്കേണ്ടതാണ് .
4. പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിക്കാത്തതും അനർഹമായ നിരക്കിൽ സബ്സിഡി നല്കിയതും പ്രൊജക്റ്റിന്റെ പ്രധാന അപാകതകളാണ്.

ആസൂത്രണഘട്ടത്തിലും നിർവ്വഹണ ഘട്ടത്തിലും കൃത്യമായ ഇടപെടലുകൾ നടത്തേണ്ട ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ ചുമതലകളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചില്ലെന്ന് മിനിട്സും പദ്ധതിയുടെ നിലവിലെ അവസ്ഥയും സാക്ഷ്യപ്പെടുത്തുന്നു. വീഴ്ചകൾ സ്വയം വിമർശനാത്മകമായി വിലയിരുത്തേണ്ടതും ഭാവിയിൽ ഇടപെടലുകളിലെ കാര്യക്ഷമത ഉറപ്പുവരുത്തേണ്ടതുമാണ്

5. റിംഗ് കമ്പോസ്റ്റ് യൂണിറ്റ് കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളും ആയത് ഉപയോഗിക്കുന്നുണ്ടോ എന്ന് ഫീൽഡ് തല പരിശോധനയിലൂടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല.ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.
6. ഫീൽഡ് തല പരിശോധന നടത്തി യൂണിറ്റുകളുടെ പ്രവർത്തനം നിർവ്വഹണ ഉദ്യോഗസ്ഥൻ വിലയിരുത്തേണ്ടതും, കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകേണ്ടതുമാണ്. ആരോഗ്യ വിഭാഗം ജീവനക്കാർക്ക് പുറമെ ഹരിത കർമ്മസേനയുടെ സേവനവും ആയതിലേക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്. നിലവിൽ ഉപയോഗിക്കാത്തവരുടെ കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നല്കി പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഇടപെടലുകൾ നടത്തിയിട്ടും ഉപയോഗിക്കാത്തവരിൽ നിന്നും, ദുരുപയോഗം ചെയ്യുന്നവരിൽ നിന്നും സബ്സിഡിയായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്. മേൽ നടപടികൾ കൈക്കൊണ്ട് ആയത് സംബന്ധിച്ച ഒരു സംക്ഷിപ്ത റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.
7. ശുചിത്വമിഷനിൽ നിന്നും ലഭ്യമായ 2250000 രൂപ അടിയന്തിരമായി തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
8. സാധന/സേവനദാതാവിനെ തെരെഞ്ഞെടുത്തതിലെ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും, യൂണിറ്റ് കോസ്റ്റിൽ ഉൾപ്പെട്ട ഇനങ്ങളുടെ (ക്രമനം Vകാണുക) തുക കണക്കാക്കി (ഇതിനായി യൂണിറ്റിലെ ഓരോ ഇനത്തിന്റെയും നിരക്ക് സ്ഥാപനത്തിൽനിന്നോ, ശുചിത്വമിഷനിൽ നിന്നോ ലഭ്യമാക്കാവുന്നതാണ്) റെയ്ഡ്കോയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മേൽ പരിഹാര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

## 3-9 സമഗ്ര മാലിന്യ പരിപാലനം

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 223/2017-18, സമഗ്ര മാലിന്യ പരിപാലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.അബ്ദുൾ മജീദ്. എം.<br>ഹെൽത്ത് ഇൻസ്പെക്ടർ |
| അടങ്കൽ | 1600000 |
| ചെലവ് | 90640 (ബിൽ നം-10/24.03.2018) |

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം വികസന മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വമാലിന്യ സംസ്കരണം. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.07.2017 തീയതിയിലെ സ.ഉ. (എം.എസ്) 2420/17/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖ പ്രകാരമാണ് മാലിന്യ പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിനായി 1000ചാക്കുകൾ, 88 തൊപ്പികൾ , 88 യൂനിഫോം, 88 തിരിച്ചറിയൽ കാർഡുകൾ എന്നിവ വാങ്ങുന്നതിനാണ് 2017-18 ൽ 90640 രൂപ ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിരിക്കുന്നു.

1. ഹരിത കർമ്മ സേനയിലേക്ക് അപേക്ഷ ക്ഷണിച്ച് , അപേക്ഷകരിൽ നിന്നും താത്പര്യപത്രം വാങ്ങി ,ഹരിതകർമ്മ സേനയുമായി കരാറിലേർപ്പെട്ട ശേഷം തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ വാങ്ങി നൽകുന്നതായിരുന്നു അഭികാമ്യം. മേൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിക്കും മുൻപെ സേനാംഗങ്ങളിൽ കുറച്ച് പേർ കൊഴിഞ്ഞു പോയിരുന്നു.

2. ആവശ്യകതാ നിർണ്ണയ സർവ്വെ നടത്തി ജൈവ മാലിന്യ സംസ്കരണത്തിന് മുഴുവൻ വീടുകളിലും ഉടമയുടെ സ്വന്തം ചെലവിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും സർവ്വെ പ്രകാരം ശേഖരിച്ച ഡാറ്റ വിശകലനം ചെയ്ത് ഹരിതകർമ്മസേനയുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനുതകുന്ന നിരക്കിൽ വിവിധ വിഭാഗങ്ങളുടെ യൂസർഫീ നിരക്കുകൾ നിശ്ചയിക്കേണ്ടതാണ്. എന്നാൽ സർവ്വെ നടത്തിയത് സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സർവ്വെയുടെ അടിസ്ഥാനത്തിലല്ല യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്.

3. ഹരിത കേരള മിഷൻ അംഗീകരിച്ച ഒരു സ്ഥാപനത്തിനെ നഗരസഭ ഹരിതസഹായ സ്ഥാപനമായി തെരഞ്ഞെടുക്കേണ്ടതും മാലിന്യ സർവ്വെ പ്രകാരം ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത് പ്രസ്തുത സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഒരു പൂർണ്ണ പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണ പ്രവർത്തന പദ്ധതിയുടെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടത്. എന്നാൽ നഗരസഭ മേൽ നടപടി ക്രമങ്ങളൊന്നും പാലിച്ചിട്ടില്ല.

4. ഹരിത കർമ്മസേന വാർഡുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടെങ്കിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ നിലവിൽ മാലിന്യങ്ങൾ താത്കാലികമായി ശേഖരിച്ച് സൂക്ഷിക്കുന്നതിന് സംവിധാനമില്ല. മാലിന്യങ്ങൾ റോഡരികുകളിൽ സംഭരിച്ച് സൂക്ഷിക്കുന്നതും യഥാസമയം സംസ്കരിക്കാത്തതും പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയുണ്ട്.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര മാർഗ്ഗങ്ങൾ

1. ജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിൽ പൗരന്മാരിൽ ഉത്തരവാദിത്വ മാലിന്യ സംസ്കരണ സംസ്കാരം വളർത്തിയെടുക്കുന്നതിലൂടെ മാത്രമെ സ്ഥാപനത്തിന് മാലിന്യ സംസ്കരണത്തിനുണ്ടാകുന്ന ആവർത്തന ചെലവുകൾ കുറയ്ക്കാൻ കഴിയുകയുള്ളൂ. അത്തരത്തിലുള്ള ഒരു സംസ്കാരം വളർത്തിയെടുക്കുന്നതിന് സബ്സിഡി നിരക്കിൽ റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ വിതരണം ചെയ്യുന്നത് പോലുള്ള പദ്ധതികൾ സഹായകരമാവില്ല. ജൈവ മാലിന്യ സംസ്കരണ സംവിധാനമൊരുക്കുന്നതിന് 50 ശതമാനം സാമ്പത്തിക വായ്പ നൽകി ആയത് ഗഡുക്കളായി യൂസർഫീക്കൊപ്പം തിരിച്ച് പിടിക്കുന്ന രീതിയിലുള്ള ബദൽ മാർഗ്ഗങ്ങൾ പരീക്ഷിക്കുന്നത് മാലിന്യ സംസ്കരണത്തിന് സ്ഥാപനത്തിനുണ്ടാകുന്ന ഭീമമായ സാമ്പത്തിക ബാധ്യതക്ക് അയവ് വരുത്തും.

2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.07.2017 തീയതിയിലെ സ.ഉ (എം.എസ്) 2420/17/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിഷ്കർഷിക്കും പ്രകാരം ഒരു പൂർണ്ണപ്രവർത്തന പദ്ധതി തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.
3. വർക്കിംഗ് ഗ്രൂപ്പ് പദ്ധതിനിർവ്വഹണം മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ നിരീക്ഷിക്കുന്നുണ്ടെന്ന് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.
4. പദ്ധതി മുഖേന ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം ഹരിത സഹായ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കയറ്റി അയച്ച് സംസ്കരിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. 2018-19 ൽ ഇത്തരത്തിൽ മാലിന്യം സംസ്കരിച്ചതിന് 40600 രൂപ സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. നഗരസഭയുടെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കി മാലിന്യങ്ങൾ നഗരസഭയിൽ തന്നെ സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. പുനരുപയോഗ സംസ്കാരം വളർത്തിയെടുക്കുന്നതിന് സ്വാപ് ഷോപ്പുകളുടെ പ്രവർത്തനം ഉറപ്പ് വരുത്തേണ്ടതാണ്.

## 3-10 നിലവിലില്ലാത്ത ഡയാലിസിസ് കേന്ദ്രത്തിന്റെ തുടർ പ്രവർത്തനത്തിന് പദ്ധതി.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 36/2017-18, താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രത്തിന്റെ നടത്തിപ്പിന്. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ.സച്ചിൻ ബാബു.<br>സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊയിലാണ്ടി. |
| അടങ്കൽ | 500000 (വികസനഫണ്ട്, ജനറൽ) |
| ചെലവ് | 0 |

കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലെ ഡയലിസിസ് കേന്ദ്രത്തിന്റെ തുടർപ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഓഡിറ്റ് തീയതി വരെയും താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുകയോ ഭൗതിക സാഹചര്യം ഒരുക്കുകയോ ചെയ്തിട്ടില്ല. നിലവിലില്ലാത്ത ഡയാലിസിസ് കേന്ദ്രത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തി പദ്ധതി ആവിഷ്കരിച്ചത് ആസൂത്രണ പ്രക്രിയയിലുണ്ടായ വീഴ്ചയാണ്. വർക്കിംഗ് ഗ്രൂപ്പ് അവസ്ഥാരേഖ പ്രകാരമുള്ള വെല്ലുവിളികളെ നേരിടുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാണ് ശ്രമിക്കേണ്ടത്.

03.04.2017 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ.(എം.എസ്) നം.79/2017/ത.സ്വ.ഭ.വ നമ്പർ പ്രകാരമുള്ള 2017-18 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 5.1 ( 2) പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം വിളിച്ച് ചേർത്ത് അന്തിമമായി ഉൾപ്പെടുത്തേണ്ട പ്രൊജക്ടുകളെ സംബന്ധിച്ച് യോഗത്തിൽ ധാരണയിലെത്തേണ്ടതും ഇത്തരത്തിൽ അന്തിമമായി ഉൾപ്പെടുത്തേണ്ട ഓരോ പ്രൊജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ ഈ യോഗത്തിൽ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. എന്നാൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇത്തരത്തിലുള്ള ഒരു യോഗം വിളിച്ച് ചേർക്കുകയോ 36/2017-18 നമ്പറായുള്ള "താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രത്തിന്റെ നടത്തിപ്പിന് ". എന്ന പദ്ധതിയുടെ അനിവാര്യത പരിശോധിക്കപ്പെട്ടില്ല. ഇത് മൂലം 2017-18 വർഷത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന 5 ലക്ഷം രൂപയുടെ വിഭവ സ്രോതസ്സും വികസനസാധ്യതയും സ്ഥാപനത്തിന് നഷ്ടപ്പെട്ടു . 2017-18 ൽ ഡയാലിസിസ് കേന്ദ്രം യാഥാർത്ഥ്യമാവില്ലെന്ന വസ്തുത തിരിച്ചറിഞ്ഞ ഘട്ടത്തിലും പദ്ധതി പ്രകാരം വകയിരുത്തിയ തുക വകമാറ്റുന്നതിന് സ്ഥാപനം തയ്യാറായിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പും ചുമതലാപരമായ പങ്ക് വഹിക്കുന്നതിൽ വീഴ്ച വരുത്തി.

## 3-11 മരുന്നുകൾ യഥാ സമയം ലഭ്യമാകുന്നില്ല

2017-18 വർഷത്തിൽ മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നമ്പർ 24/2017-18 പ്രകാരവും, മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നം-23/2017-18 പ്രകാരവും പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടിന്റെ വിശദാംശം | മരുന്നിനായി അടങ്കൽ ചെയ്ത തുക | ലഭ്യമായ മരുന്നിന്റെ മൂല്യം | ലഭിക്കാനുള്ള മരുന്നിന്റെ മൂല്യം |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 24/2017-18, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>(ഹോംകോ) | 400000<br>(11.01.18 ന് തുക നൽകി) | 248530<br>(24.07.2018 ന് ) | 151470 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 23/2017-18 പാലിയേറ്റീവ് പരിചരണം<br>(400000-കെ.എം.എസ്.സി.എൽ, 200000-കാരുണ്യ) | 600000<br>(15.12.17, 28.03.2018 തീയതികളിൽ തുക നൽകി ) | 200000<br>(26.03.2018) | 400000 |

മെഡിക്കൽ ഓഫീസർ ,ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായ 24/2017-18 “ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ”എന്ന പദ്ധതി പ്രകാരം ഹോംകോക്ക് നൽകിയ 4 ലക്ഷം രൂപയിൽ 248530 രൂപയുടെ മരുന്നുകൾ മാത്രമെ ഓഡിറ്റ് തീയതി വരെയും സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളൂ. 2016-17 വർഷത്തെ പദ്ധതി പ്രകാരം പർച്ചേസ് ഓർഡർ നൽകിയ മരുന്ന് 31.10.2017 തീയതിയിലാണ് സ്ഥാപനത്തിന് പൂർണ്ണമായും ലഭ്യമായിട്ടുള്ളത്.

മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നം-23/2017-18 "പാലിയേറ്റീവ് പരിചരണം" പദ്ധതി പ്രകാരം 6 ലക്ഷം രൂപ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ 2 ലക്ഷം രൂപയുടെ മരുന്ന് മാത്രമെ ലഭിച്ചിട്ടുള്ളൂ.2016-17 ലെ പദ്ധതി പ്രകാരം പർച്ചേസ് ഓർഡർ നൽകിയ മരുന്നുകൾ പൂർണ്ണമായും ലഭ്യമായത് 26.03.2018 തീയതിയിലാണ്.

03.04.2017 തീയതിയിലെ സ.ഉ. (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പഞ്ചായത്തീരാജ്/ നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 12.4 ൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹോംകോ, കെ.എം.എസ്.സി.എൽ എന്നീ സ്ഥാപനങ്ങളിൽ നിന്നാണെന്ന് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് മേൽ സ്ഥാപനങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകുന്ന ആരോഗ്യ സ്ഥാപനങ്ങൾക്ക് യഥാ സമയം മരുന്നുകൾ ലഭ്യമാക്കുന്നതിൽ മേൽ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നത് ആരോഗ്യ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നു. പർച്ചേസ് ഓർഡർ നൽകുന്ന മരുന്നുകൾ സമയബന്ധിതമായി ലഭിക്കാത്തത് മൂലം സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ താഴെ പറയുന്ന അപാകതകളുണ്ടാകുന്നു.

1. സാമ്പത്തിക വർഷാരംഭത്തിൽ സ്റ്റോക്ക് തിട്ടപ്പെടുത്തി തൻവർഷം വാങ്ങേണ്ട മരുന്നുകളുടെ ഇന്റന്റ് കൃത്യതയോടെ തയ്യാറാക്കുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നില്ല. മരുന്നുകളുടെ മുൻബാക്കി ലഭിക്കുന്നതിലെ അനിശ്ചിതത്വമാണ് അപാകതക്ക് കാരണമാകുന്നത്.

2. അടിയന്തിരമായി ലഭ്യമാക്കേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന് കഴിയാതെ വരുന്നു. ഉദാ: പെയിൻ & പാലിയേറ്റീവ് പദ്ധതി പ്രകാരമുള്ള 400000 രൂപയുടെ പർച്ചേസ് ഓർഡറിൽ ഉൾപ്പെട്ട മരുന്നുകൾ ഓഡിറ്റ് തീയതി വരെയും സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. കാലതാമസം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ.

1. 18.01.2010 ലെ സ.ഉ(പി) 259/2010/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖയിൽ ഏക സ്രോതസ്സ് മുഖേനയുള്ള വാങ്ങലുകളിൽ സേവനദാതാവുമായി സ്ഥാപനം കരാറിലേർപ്പെടണമെന്നത് വ്യക്തമാക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ പർച്ചേസ് ഓർഡർ, കരാർ എന്നിവയിൽ സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി നിബന്ധന ചെയ്യേണ്ടതാണ്.

2. 03.04.2017 തീയതിയിലെ സ.ഉ. (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പഞ്ചായത്തീരാജ്/ നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 12.4 ൽ കെ.എം.എസ്.സി.എൽ ന് ഇൻഡന്റ് നൽകി 2 മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ അടിയന്തിര സാഹചര്യം മറികടക്കുന്നതിന് കാരുണ്യ/നീതി/ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും മരുന്ന് വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മേൽ മാർഗ്ഗം പരിഗണിക്കേണ്ടതാണ്.

## 3-12 നിർവ്വഹണ ഘട്ടത്തിലെ അപാകതകൾ- ശുചിത്വം, മാലിന്യ സംസ്കരണ മേഖലയിലെ ചെലവ് 27.9 ശതമാനം

ശുചിത്വം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ 23876511 രൂപയാണ് അടങ്കൽ ചെയ്തിട്ടുള്ളത്. എന്നാൽ 6667656 രൂപ മാത്രമാണ് തൻവർഷം ചെലവഴിക്കപ്പെട്ടിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ഫണ്ട് | വികസന ഫണ്ട് (ജനറൽ) | ധനകാര്യ കമ്മീഷൻ അവാർഡ്. | തനത് ഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| അടങ്കൽ | 1250000 | 20548011 | 750 | 2077750 | 23876511 |
| ചെലവ് | 805340 | 5555566 | 0 | 306750 | 6667656 |
| ബാലൻസ് | 444660 | 14992445 | 750 | 1771000 | 17208855 |

ഒരു വർഷത്തെ വികസന പ്രവർത്തനങ്ങൾക്കുള്ള സമയവും 17208855 രൂപയും നഗരസഭക്ക് നഷ്ടപ്പെട്ടു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയുടെ ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ചുമതലാപരമായ പങ്ക് വഹിക്കുന്നതിലുണ്ടായ വീഴ്ചയും വികസന പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുക നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ട്. 2017-18 വർഷത്തിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ 5 പദ്ധതികൾക്കായി വകയിരുത്തിയ 12876068 രൂപയിൽ ഒരു രൂപ പോലും ചെലവഴിക്കപ്പെട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നം- 43/2018, റിംഗ് കമ്പോസ്റ്റ്, അടങ്കൽ 2800000,ചെലവ്- 0

ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ കാലതാമസമാണ് അടങ്കൽ തുക നഷ്ടപ്പെടുന്നതിന് കാരണമായത്. 15.02.2018 തീയതിയിലാണ് ഇ-ടെണ്ടർ നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. പദ്ധതി 2018-19 ൽ സ്പിൽ ഓവറായി നിർവ്വഹണം നടത്തുന്നുണ്ട്.

2. പ്രൊജക്ട് നം- 314/18 കിണർ റീചാർജ്ജിംഗ്, അടങ്കൽ- 1118000,ചെലവ്-0

പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലുണ്ടായ കാലതാമസമാണ് പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സമായത്.പദ്ധതി 2018-19 ൽ സ്പിൽ ഓവറായി നിർവ്വഹണം നടത്തുന്നുണ്ട്.

3. പ്രൊജക്ട് നം- 373/18 , താലൂക്ക് ആശുപത്രിയിൽ S.T.P സജ്ജീകരണം, അടങ്കൽ- 6670068, ചെലവ് -0

03.04.2017 തീയതിയിലെ ജി.ഒ. (എം.എസ്) 79/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4 പ്രകാരം നിർമ്മാണ പ്രവൃത്തികൾ ആവശ്യമുള്ള പദ്ധതികൾ നിർവ്വഹണം നടത്തേണ്ടത് എഞ്ചിനീയറിംഗ് വിഭാഗമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹെൽത്ത് ഓഫീസറെ നിശ്ചയിച്ചതിനാൽ പദ്ധതി പ്രവർത്തനങ്ങളിൽ അവ്യക്തതയുണ്ടാക്കി.

യഥാസമയം ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നതിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും ഉണ്ടായ വീഴ്ചകളാണ് പദ്ധതി പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കുന്നതിന് തടസ്സമായത്.

പദ്ധതി ആസൂത്രണ ഘട്ടം വരെ ശുചിത്വം, മാലിന്യസംസ്കരണം എന്നിവയുടെ ചുമതലയുണ്ടായിരുന്ന വർക്കിംഗ് ഗ്രൂപ്പ് 09/2017 ന് ശേഷം യോഗം ചേർന്നിട്ടില്ല. നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് ചുമതല നിർവ്വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ്പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിച്ചിട്ടില്ലെന്നത് വീഴ്ചയായി. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടില്ല.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

1. 03.04.2017 തീയതിയിലെ ജി.ഒ (എം.എസ്) 79/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 പ്രകാരം പ്രൊജക്ട് ഫോറങ്ങൾ ഡാറ്റാ എൻട്രി നടത്തുന്നതിന് മുൻപായി നടത്തേണ്ടുന്ന പരിശോധനകൾ ഉറപ്പ് വരുത്തേണ്ടതാണ്.

2. 03.04.2017 തീയതിയിലെ ജി.ഒ (എം.എസ്) 79/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 9.(2), 14.7 എന്നിവ പ്രകാരം പദ്ധതി പ്രവർത്തനങ്ങളുടെ വിവിധഘട്ടങ്ങളുടെ നിർവ്വഹണത്തിന് സമയക്രമം നിശ്ചയിച്ച് ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും നിരീക്ഷിക്കേണ്ടതാണ്.

## 3-13 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -- അപാകതകൾ

എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം നടത്തിയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണം. എസ് സി.ഡി.ഒ.

പ്രോജക്ട് നം 44/2018

അടങ്കൽ 600000/-

ഫണ്ട് വികസനം (എസ്.സി.പി.)

ചെലവ് 599000/-

ബിൽ നം. തി. 19/17-18. 28.02.2018

1.എസ്.സി ഡിപ്പാർട്ട്മെന്റിൽ നിന്നോ മറ്റേതെങ്കിലും സർക്കാർ സ്രോതസ്സിൽനിന്നോ ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.ജി.ഒ. (ആർ.ടി.) നമ്പർ 1024/2012/എൽ.എസ്.ജി.ഡി തീയതി 31.03.2012 പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഡി.ജി.എസ്. & ഡി നിരക്കിനേക്കാൾ കുറവായ നിരക്കിൽ കെൽട്രോണിൽ നിന്ന് വാങ്ങാം, എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥ ആയത് ഉറപ്പ് വരുത്താതെയാണ് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങിയത്.

3. കമ്പ്യൂട്ടർ വാങ്ങിയതുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

എസ്.സി.വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം ഉള്ളതായി കാണാൻ കഴിയും, എന്നാൽ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുന്ന കാര്യത്തിൽ കമ്മിറ്റി കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. നഗരസഭയുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വാങ്ങൽ നടപടികളുടെ കാര്യത്തിൽ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ. തി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വൽ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-14 എസ്.സി. വിവാഹധനസഹായം - ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ പദ്ധതി നിർവ്വഹണം നടത്തി.

| | |
|---|---|
| പ്രോജക്ട് നം | 47/18 (എസ്.സി.ഡി.ഒ.) |
| അടങ്കൽ | 1000000/- |
| ഫണ്ട് | വികസനം (s.c.p) |
| ചെലവ് | 1000000/- |
| ബിൽ നം/തി. | 12/18 . 08.02.2018 |

ഓഡിറ്റ് വർഷം 15 ഗുണഭോക്താക്കൾക്ക് വിവാഹ ധനസഹായം വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. എന്നാൽ മേൽ പദ്ധതി നടപ്പാക്കിയത് വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെയാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട്. ജി.ഒ.(പി)220/97/ത.ഭ.വ.2.10.97.ജി.ഒ.(പി) 181/98. തസ്വഭവ. തി.02.09.1998 എന്നീ ഉത്തരവുകൾ പാലിക്കുന്നുണ്ടെന്ന് നഗരസഭ ഉറപ്പാക്കിയിട്ടില്ല.

ആസൂത്രണ പ്രക്രിയയിൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക എന്നത് വളരെ പ്രാധാന്യത്തോടെ കാണേണ്ട ഒരു പ്രക്രിയയാണ്.നഗരസഭകളുടെ കാര്യത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി അപേക്ഷകൾ മുൻകൂട്ടി ക്ഷണിക്കേണ്ടതാണ്. വാർഡ് കമ്മിറ്റികൾക്കും, സി.ഡി.എസ് സംഘടനകൾക്കും, റസിഡന്റ് അസോസിയേഷനുകൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന അറിയിപ്പ് മുൻകൂറായി നൽകേണ്ടതാണ്. എല്ലാ അപേക്ഷകളും കിട്ടിയതിന് ശേഷം അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകളെ സംബന്ധിച്ച് ഒരു വിശദമായ പരിശോധന നടത്തേണ്ടതാണ്. ഈ പരിശോധനാ റിപ്പോർട്ടിന്റെയും അർഹതയും മുൻഗണനയുമുള്ള മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ വാർഡു കമ്മിറ്റി ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. വാർഡ് കമ്മറ്റി യോഗത്തിൽ അർഹതയുള്ള എല്ലാ അപേക്ഷകരെയും ക്ഷണിക്കേണ്ടതും പരിശോധനാ പ്രക്രിയാവേളയിൽ വെളിവാക്കപ്പെടുന്ന വസ്തുതകൾ കണക്കിലെടുത്ത് മുൻഗണനാ മാനദണ്ഡം അടിസ്ഥാനമാക്കി അവരുടെ സാന്നിധ്യത്തിൽ തന്നെ മുൻഗണനാക്രമം നിശ്ചയിക്കേണ്ടതുമാണ്. എന്നാൽ മേൽ പദ്ധതിയുടെ കാര്യത്തിൽ ഇത്തരം പ്രവർത്തനങ്ങളൊന്നും

നടത്താതെയാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നത്. എസ്.സി. വിവാഹ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് പിന്നീട് ചേരുന്ന വാർഡ് സഭയുടെ അംഗീകാരം നേടേണ്ടതായിരുന്നുവെങ്കിലും ഇത്തരത്തിൽ അംഗീകാരം നേടിയതായ രേഖകൾ ഫയലിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി രൂപീകരണം,നിർവ്വഹണം മോണിറ്ററിംഗ് എന്നീ പ്രവർത്തനങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നീ സംവിധാനങ്ങൾ അവയുടെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ് ഇത്തരം അപാകതകളുണ്ടാകാൻ കാരണമാവുന്നത്. ഭാവിയിൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ മുകളിൽ പരാമർശിച്ച പ്രക്രിയയിലൂടെ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റുകളിൽ നിന്നാണ് ആനുകൂല്യം നൽകുന്നത് എന്ന് ഉറപ്പാക്കേണ്ടതും ഇത് കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതും ആണ്. നടപടിക്രമങ്ങളിലെ വീഴ്ച കാരണം ഈ പദ്ധതിക്കായി ചെലവഴിച്ച 1000000/- തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1765165/-രൂപ വരവുണ്ട്. മുൻബാക്കി രൂപയടക്കം 8144379/-രൂപയിൽ7935544/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ യു ആർ ഡി എഫ് സി | | | 12454043 | 2590740 | 1431320 | 11628468 |
| ഇ.എം.എസ് പദ്ധതി | | | 2335847 | 315114 | 62500 | 2020733 |

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 16000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | KURDFC ഷെയർ സർട്ടിഫിക്കറ്റ് (നമ്പർ : 263)<br>മലപ്പുറം സ്പിന്നിംഗ് മിൽ ഷെയർ സർട്ടിഫിക്കറ്റ് (നമ്പർ :87) | -- | -- | 15000<br>1000 | |
| ആകെ | | | | 16000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 28 | 1998 | VIII.2(8) | കരാറുകാരന് അനധികൃതമായി മുൻകൂർ പണം നൽകി | നിലനിൽക്കുന്നു |
| 1997-98 ചെലവ് | 15 | 1999 | IV9(a) | പട്ടികജാതിക്കാർക്ക് സി.എഫ്. ലാമ്പ് വിതരണം നടത്തിയതിലെ അപാകത | |
| -ടി- | 14(3) | 1999 | IV 9 (b) | കൈതോലകൃഷി പരാജയം | |
| -ടി- | 14(4) | 1999 | IV 9(c) | മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല എന്നിവ വിതരണം ചെയ്തതിൽ ക്രമക്കേട് | |
| 1998-99 | 13 | 1999-00 | നഗരപാലികാ സ്ഥാപനങ്ങൾ((a) | വാഴകൃഷി വികസനം | |
| -ടി- | 15 | 1999-00 | നഗരപാലികാ സ്ഥാപനങ്ങൾ((b) | കോതമംഗലം ജി.എൽ.പി.എസ്. അറ്റകുറ്റപ്പണി | |
| 1998-99 | | 2000-01 | 14(a) | മുനിസിപ്പൽ മാർക്കറ്റ് നിർമ്മാണം - ദുർവിനിയോഗം മൂലമുണ്ടായ നഷ്ടം | |
| 2000-01 | 15 | 2004-05 | 10.1 | ഷ്രിങ്കേജ് കുറച്ചില്ല. 1.3 ലക്ഷം നഷ്ടം. | |
| 1997-98 മുതൽ 2001-02 വരെ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഓഡിറ്റ് റിപ്പോർട്ട്. | 11(1),11(2) | 2005-06 | 20.1 | ചേരി പരിഷ്കരണ പദ്ധതിയിൽ കരാർ പണി. | |
| | 12 | 2005-06 | 20.2 | ചേരിപരിഷ്കരണ ഫണ്ട് - അനുപാതം ലംഘിച്ചു. | |
| | 20 | 2005-06 | 20.3 | എൻ.എസ്.ഡി.പി. ഭവനവായ്പ 5.8 ലക്ഷം കുടിശ്ശിക | |
| 1997-98 | 17 | 2005-06 | 2.70.3.3(69) | കമ്പ്യൂട്ടർ പരിശീലനം | |
| 1997-98 | 17 | 2005-06 | 2.70.3.3(69) | ബ്യൂട്ടീഷൻ പരിശീലനം | |
| 2000-01 | 28 | 2005-06 | 2.70.10.8 (75) | വെള്ളക്കരം വസ്തു കൈമാറ്റ തീരുവ. | |
| 2007-08 | 3-5 | 2010-11 | 2.14 (52) | ഡെപ്പോസിറ്റ് വർക്ക്- കാലതാമസം | |
| - | - | 2013-14 | 6.2.3(185) | ലൈസൻസ് ഫീ കുടിശ്ശിക. | |
| 2012-13 | - | 2014-15 | 2.1.11(10) | ഓ.റി. ചർച്ച ചെയ്യുന്നില്ല. | |
| 2012-13 | - | 2014-15 | 2.1.11(11) | ഓ.റി. പ്രഥമ മറുപടി സമർപ്പിക്കുന്നതിൽ വീഴ്ച | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവ ശേഷി ക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 14 | ജോണി സെബാസ്റ്റ്യൻ, സെക്രട്ടറി | LF.4144/ Spl.cell Dt. 22.04.02, Dt. 14.05.02 | 2368 | - | | | | 0 | 0 | ബഹു. ജില്ലാ കോടതിയുടെ 28.03.2006 ലെ ഒ.പി നം ഒ.പി (എൽ.എഫ്) 221/2002 നമ്പർ വിധി പ്രകാരം സർചാർജ്ജ് നടപടികൾ അവസാനിപ്പിച്ചു. |
| 2 | 2000-01 | 21 | ഇ.സി. ജോർജ്ജ്. | LF.14289/ Spl.cell Dt. 13.01.09 | 8470 | 8470, ചലാൻ. നം-100416, Dt. 23.04.2018 | | | | 8470 | 0 | |
| 3 | 2008-09 | 3-25 | രാമകൃഷ്ണൻ. എം.ഇ. | LF.14264/Spl. cell Dt. 23.09.2014 | 27863 | 27863, ചലാൻ.നം-100480, Dt. 25.04.2018 | | | | 27863 | 0 | |

## **4-9** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 378012114 (110186721രൂപ മുന്നിരിപ്പ് ഉൾപ്പടെ ) |

| | | |
|---|---|---|
| | | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 318723692 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3769 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5897075 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 3769 | കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 75000 | കൃഷി ഓഫീസർ |
| 3-3 | 170000 | കൃഷി ഓഫീസർ |
| 3-5(5) | 15000 | വെറ്ററിനററി സർജൻ |
| 3(8) | 4637075 | ഹെൽത്ത് ഇൻസ്പെക്ടർ |
| 3-14 | 1000000 | എസ്.സി.ഡി.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. വിദ്യ. എം.കെ. | കൃഷി ഓഫീസർ | മുരളികൃഷ്ണ (ഹൗസ്)<br>കരുവട്ടൂർ പി.ഒ.<br>കോഴിക്കോട് – 673611 |
| ഡോ. നീനകമാർ | വെറ്ററിനറി സർജൻ | ആനന്ദ്<br>കൈലാസ് നഗർ<br>വെസ്റ്റ് ഹിൽ പി.ഒ.<br>കോഴിക്കോട് |
| ശ്രീമതി. രമണി. | എസ്.സി.ഡി.ഒ. | മോഹനം ഹൗസ് |

| | | |
|---|---|---|
| സി.ടി. | | ചൂലൂർ പി.ഒ.<br>എൻ.ഐ.ടി. വഴി<br>കോഴിക്കോട്-673601 |
| പ്രമോദ്. കെ. | ഹെൽത്ത് ഇൻസ്പെക്ടർ | മേൽവിലാസം<br>ലഭ്യമാക്കേണ്ടതാണ് |
| അബ്ദുൾമജീദ്. എം. | ഹെൽത്ത് ഇൻസ്പെക്ടർ | മേൽവിലാസം<br>ലഭ്യമാക്കേണ്ടതാണ് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1971-72 | എൽ.എഫ്.കെ.കെ.ഡി.പി4/630<br>/87/20.5.1987 | 9 |
| 1972-73 | എൽ.എഫ്.കെ.കെ.ഡി.പി4/631<br>/87/20.5.1987 | 7 |
| 1974-75,<br>75-76 | എൽ.എഫ്.കെ.കെ.ഡി.പി4/632<br>/87/20.5.1987 | 7 |
| 1976-77 | എൽ.എഫ്.കെ.കെ.ഡി.പി4/633<br>/87/20.5.1987 | 4 |
| 1977-78,<br>79-80 | എൽ.എഫ്.കെ.കെ.ഡി.പി4/635<br>/87/20.5.1987 | 13 |
| 1980-81 | എൽ.എഫ്.കെ.കെ.ഡി.പി4/636<br>/87/20.5.1987 | 24 |
| 1981-82 | എൽ.എഫ്.കെ.കെ.ഡി.പി4/638<br>/87/20.5.1987 | 20 |
| 1982-83 | എൽ.എഫ്.കെ.കെ.ഡി.പി1/92/97/3.1.1997 | 5 |
| 1983-84 | എൽ.എഫ്.കെ.കെ.ഡി.പി1/304<br>/97/23.12.1998 | 38 |

| | | |
|---|---|---|
| 1984-85 | എൽ.എഫ്.കെ.കെ.ഡി.പി6/1451 /89/1.6.1990 | 38 |
| 1985-86 | എൽ.എഫ്.കെ.കെ.ഡി.പി4/352 /92/13.7.1993 | 19 |
| 1987-88 | എൽ.എഫ്.കെ.കെ.ഡി.പി4/351 /92/13.7.1993 | 15 |
| 1988-89 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2701/94/ 10.10.1994 | 17 |
| 1989-90 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2704/94/ 10.10.1994 | 27 |
| 1990-91 | എൽ.എഫ്.കെ.കെ.ഡി.എസ്.2/341/95/ 6.1.1995 | 27 |
| 1991-92, 92-93 | എൽ.എഫ്.കെ.കെ.ഡി.എസ്.2/142/96/ 3.4.1996 | 41 |
| 1993-94, 94-95 | എൽ.എഫ്.കെ.കെ.ഡി.എം.1/2/98/ 7.6.1999 | 10 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.എം.1/360/00/ 16.6.2000 | 22 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.എം.1/152/97/ 7.8.1999 | 5 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 12 |
| 1998-99ഖണ്ഡിക | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 5 |
| 1999-2000 ചെലവ് | എൽ.എഫ്.കെ.കെ.ഡി.എം.1/808/00/ 9.3.2001 | 18 |
| 1999-00 ഡി.സി.ബി. | എൽ.എഫ്.കെ.കെ.ഡി.എം.1/940/01/ 13.11.2001 | 8 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 13 |
| 2000-01 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 12 |

| | | |
|---|---|---|
| 1997-98 മുതൽ 2001-02 വരെ കുടുംബശ്രീ. | എൽ.എഫ്.കെ.കെ.ഡി.എം.1/1441/05 13.4.2005 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(2)തീ.26.8.2014 | 8 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(3)തീ.26.8.2014 | 24 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(4)തീ.26.8.2014 | 19 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(5)തീ.26.8.2014 | 7 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(6)തീ.26.8.2014 | 19 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(7)തീ.26.8.2014 | 58 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(8)തീ.26.8.2014 | 33 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി8/168/13(7)തീ.26.10.2013 | 47 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി8/1682/13(7)തീ.16.8.2014 | 53 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി8/1085/15 തീ.20.7.2015 | 36 |
| 2013-14 | കെ എസ് എ കെകെഡി പി.8/949/2016 | 50 |
| 2014-15 | കെ എസ് എ കെകെഡി പി.8/949/2016 | 22 |
| 2015-16 | നം.കെ.എസ്.എ കെ.കെ.ഡി/പി8/118/17 | 42 |
| 2016-17 | നം.കെ.എസ്.എ കെ.കെ.ഡി/പി8/2080/17 തീ.08.11.2017 | |

ജോയിന്റ് ഡയറക്ടർ

## അനുബന്ധം.1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.കെ.ഡി.പി.14/2387/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ-dokkd.ksad@kerala.gov.in
തീയ്യതി: 20.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഫറോക്ക് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്